# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 52

വാല്യം - 16 ലക്കം - 1 ധനു - 1199 ജനുവരി 2024



എറണാകുളം കരയോഗത്തിന്റെ 98-ാമത് സ്ഥാപകദിനത്തോടനുബന്ധിച്ച് വിഘ്നേശ്വരക്ഷേത്രത്തിൽ നടത്തിയ വിശേഷാൽ പൂജകളും തുടർന്ന് 2023 ലെ കരയോഗ കുടുംബസംഗമത്തിൽ നടത്തപ്പെട്ട പരിപാടികളും









# എഡിറ്റോറിയൽ

**എല്ലാവർക്കും നന്മകൾ നിറഞ്ഞ പുതുവർഷം ആശംസിക്കുന്നു.**

## പ്രത്യാശയുടെ പ്രകാശകിരണങ്ങളുമായി 2024

നഷ്ടങ്ങളുടെ ഇന്ത്യയിൽ നിന്നും നേട്ടങ്ങളുടെ ഭാരതമായി മാറിക്കൊണ്ടിരിക്കുന്നു നമ്മുടെ രാജ്യം, സമസ്ഥമേഖലകളിലും ദ്രുതഗതിയിലുള്ള വളർച്ച കാഴ്ചവെച്ചുകൊണ്ട് ലോകത്തെ മുഴുവൻ അമ്പരിപ്പിക്കും വിധമുള്ള മുന്നേറ്റമാണ്. നാം കൈവരിച്ചുകൊണ്ടിരിക്കുന്നത്. നിത്യചിലവുകൾക്കുവേണ്ടി, റിസർവ്വ് ബാങ്കിൽ നിന്നും സ്വർണ്ണമെടുത്ത് വേൾഡ് ബാങ്കിൽ പണയം വെച്ചിടത്തു നിന്നും ഇന്ന് ലോകത്തിലെ ഏററവും പ്രധാനപ്പെട്ട സാമ്പത്തീക ശക്തികളിൽ ഒന്നായി മാറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അടുത്തിടെ ഇറങ്ങിയ അന്താരാഷ്ട്ര നാണയ നിധിയുടെ റിപ്പോർട്ടിലും ഭാരതത്തിന്റെ സാമ്പത്തീക സുസ്ഥിരതയിലും വളർച്ചയിലും അഭിനന്ദനം രേഖപ്പെടുത്തിയിട്ടുണ്ട്. മിക്ക ലോകരാഷ്ട്രങ്ങളും കഠിനമായ സാമ്പത്തീകവെല്ലുവിളികൾ നേരിടുമ്പോൾ ഭാരതത്തിന്റെ സാമ്പത്തീക അതിജിവനശേഷിയും വളർച്ചയും ലോകത്തിനു മാതൃകയാണെന്നാണ് അവരുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. കൃഷിയിലും തൊഴിൽ മേഖലയിലും വാണിജ്യത്തിലും കയറ്റുമതി ഇറക്കുമതി, പ്രതിരോധ മേഖലകളിലുമെല്ലാം ദീർഘവീക്ഷണത്തോടെയുള്ള സർക്കാർ നയങ്ങളും റിസർവ്വ് ബാങ്കിന്റെ കരുതലോടെയുള്ള ധനനിയമ നടപടികളും ഈ വളർച്ചയ്ക്ക് ഏറെ സഹായകരമായിട്ടുണ്ട്. ഇത് ആസാദികാ അമൃത്ഭാരതിലേയ്ക്കുള്ള കുതിപ്പാണ്.

ന്യുയോർക്കിൽ ഐക്യരാഷ്ട്രസഭയുടെ 78-ാം സമ്മേളനത്തിൽ വെച്ച് നമ്മുടെ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ തന്റെ പ്രസംഗത്തിനിടയിൽ പറഞ്ഞ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതിങ്ങനെ ആയിരുന്നു. 'ജനാധിപത്യത്തിന്റെ പുരാതനപാരമ്പര്യങ്ങൾ ആഴത്തിൽ വേരൂന്നിയ ഒരു ആധുനിക സമൂഹത്തിന് വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. തൽഫലമായി നമ്മുടെ ചിന്തകളും സമീപനങ്ങളും പ്രവർത്തനങ്ങളും ഇപ്പോൾ കൂടുതൽ അടിസ്ഥാനവും ആധികാരികവുമാണ്. ആധുനികതയെ ഉൾക്കൊള്ളുന്ന ഒരു നാഗരിക രാഷ്ട്രമെന്ന നിലയിൽ ഞങ്ങൾ പാരമ്പര്യത്തേയും

# ഉള്ളടക്കം

വാല്യം 16 | ലക്കം 1 | ജനുവരി 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു. | 9 |
| ക്ഷേത്രങ്ങളിലൂടെ | 10 |
| ചട്ടമ്പിസ്വാമിതിരുവടികൾ | 12 |
| സ്മാർട്ട് മീറ്റർ | 17 |
| ആഗോളതാപനം വീണ്ടും ആശങ്കാജനകം | 21 |
| ദൃക്ക് ദൃശ്യ വിവേകം | 25 |
| ഒരന്വേഷണത്തിന്റെ കഥ | 29 |
| മറവിയിലെ ഓർമ്മകൾ | 33 |
| കാൻസർ രോഗം | 35 |
| ആട്ടകഥയും നളചരിതവും | 38 |
| സപ്പോട്ടമ്മ | 42 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

സാങ്കേതിക വിദ്യയേയും ഒരു പോലെ ആത്മവിശ്വാസത്തോടെ സംയോജിപ്പിക്കുന്നു. ആ സംയോജനമാണ് ഇന്ന് ഇന്ത്യയെ നിർവചിക്കുന്നത്' അതാണ് ഭാരതമെന്ന് അദ്ദേഹം വ്യക്തമാക്കി. അങ്ങനെ അന്താരാഷ്ട്ര വേദിയിൽ ഭാരതം എന്ന നാമം അന്ന് മറ്റനേക രാഷ്ട്രങ്ങളുടെ ഹർഷാരവങ്ങൾക്കിടയിൽ മുഴങ്ങി കേട്ടു. അവിടെ മാത്രമല്ല, ഭാരതം നാം കണ്ടത്, കേട്ടത്. ജി-20 ഉച്ചകോടിയിൽ നമ്മുടെ രാജ്യത്തിന്റെ പേര് ഭാരത് എന്നാണ് എഴുതിവെച്ചിരുന്നത്. ആ ഉച്ചകോടിയിൽ രാഷ്ട്രപതി നല്കിയ വിരുന്നിൽ പ്രസിഡണ്ട് ഓഫ് ഭാരത് എന്നുമാണ് എഴുതിയിരുന്നത്. ത്രേതായുഗം മുതൽ നമ്മുടേതായിരുന്ന അഭിമാനത്തിന്റെ അടയാളമായ ആ പേര് വീണ്ടും നമുക്ക് ലഭിച്ചിരിക്കുന്നു. പേരു മാത്രമല്ല, അടിമത്വത്തിന്റെ അടയാളങ്ങളെല്ലാം ഒന്നൊന്നായി ഇല്ലായ്മചെയ്തുകൊണ്ടിരിക്കുന്നു. ധർമ്മത്തിന്റെ പുനരുദ്ധാരണവും പാരമ്പര്യത്തിന്റെ പുനാവിഷ്കരണവും നടക്കുന്നതോടൊപ്പം ശാസ്ത്രസാങ്കേതിക മികവിലും നാം മുൻപന്തയിൽ തന്നെ എത്തിനില്ക്കുന്നു.

കോവിഡ് മഹാമാരി ലോകത്തെ മുഴുവൻ ഗ്രസിച്ചപ്പോൾ അതിനുള്ള പ്രതിരോധവാക്സിനും മരുന്നുമെല്ലാം എത്ര വേഗമാണ് നാം കണ്ടുപിടിച്ച് ലോകരാജ്യങ്ങൾക്കിടയിൽ വിതരണം ചെയ്തത്. അതുപോലെ ലോകത്തെവിടെ ദുരന്തമുണ്ടായാലും ആ ദുരന്തമുഖത്ത് സേവനസന്നദ്ധരായ നമ്മുടെ ആളുകളും എത്തുന്നു-രക്ഷാപ്രവർത്തനത്തിനായി. മഹാത്മാഗാന്ധി സ്വപ്നം കണ്ടു രാമരാജ്യം കെട്ടിപ്പെടുക്കുക എന്ന തീവ്രശ്രമത്തിലാണ് നാമിന്ന്. അതിന്റെ പ്രതീകമെന്നോണം ശ്രീരാമന്റെ ഭവ്യക്ഷേത്രവും ഉയർന്നു വരുന്നു. അഞ്ഞൂറിൽ പരം വർഷങ്ങളിലെ കാത്തിരിപ്പിന് അന്ത്യം കുറിച്ചുകൊണ്ട് ഈ വരുന്ന ജനുവരി 22ന് ശ്രീരാമക്ഷേത്രത്തിൽ ബാലകരാമവിഗ്രഹത്തിന്റെ പ്രാണപ്രതിഷ്ഠാകർമ്മം നടക്കുകയാണ്. ഇത് ഭാരതത്തിന്റെ അഭിമാനമുഹൂർത്തമാണ്. മുസ്ലീം ആക്രമണകാരികൾ അയോദ്ധ്യ ആക്രമിച്ച് ശ്രീരാമക്ഷേത്രം നശിപ്പിച്ചപ്പോൾ സൂര്യവംശി ക്ഷത്രിയർ ഒരു ശപഥം ചെയ്തിരുന്നു. അയോദ്ധ്യയിലെ ശ്രീരാമക്ഷേത്രം പുനർനിർമ്മിക്കാതെ അവർ തലപ്പാവ് അണിയുകയില്ല; തുകൽ ചെരുപ്പ് ഇടുകയുമില്ല എന്ന്. വരുന്ന 22-ാം തീയതിയോടുകൂടി അവർ 500 വർഷങ്ങൾക്കു ശേഷം തലപ്പാവും ചെരുപ്പും അണിയും. അവരുടെ മാത്രം വിജയമല്ല ഇത്. ലോകോത്തരമായ സനാതന ധർമ്മത്തിന്റെ വിജയമാണ്. അല്ല, ധർമ്മം നിലനില്ക്കണമെന്നും വിജയിക്കണമെന്നും ആഗ്രഹിക്കുന്ന ലോകത്തെ മുഴുവൻ മനുഷ്യരുടെയും വിജയമാണിത് ആഗ്രഹ സാക്ഷാത്ക്കാരമാണിത്.

ശാസ്ത്രമേഖലയിലും നാമിന്ന് മുൻപന്തിയിൽ തന്നെ. നമ്മുടെ ചന്ദ്രയാൻ 3 ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ ഇറങ്ങി കൃത്യമായ പരീക്ഷണനിരീക്ഷണങ്ങൾ നടത്തിയിരിക്കുന്നു. ചന്ദ്രൻെറ അപകടകരമായ ആ മേഖലയിൽ ഉപഗ്രഹത്തെ ഇറക്കാനുള്ള ധൈര്യവും പാടവവും കാണിച്ചത് നമ്മുടെ ശാസ്ത്രജ്ഞരാണ്. ഇന്നിതാ നാസയിൽ നിന്നുള്ള ശാസ്ത്രജ്ഞർ ഭാരതത്തിലെത്തിയിരിക്കുന്നു. നമ്മളിൽ നിന്നുള്ള വിവരശേഖരണത്തിന് നമ്മൾ നിർമ്മിച്ച് നമ്മുടെ തനതായ സാങ്കേതിക വിദ്യയിൽ രൂപം കൊണ്ട് തേജസ് യുദ്ധവിമാനങ്ങൾക്കുവേണ്ടി എത്ര രാജ്യങ്ങളാണ് ഇന്ന് ക്യൂ നിൽക്കുന്നത്. അതുപോലെ നമ്മുടെ ഉപഗ്രഹവേധമിസ്സൈൽ എത്ര വിജയകരമായാണ് പ്രവർത്തിക്കുന്നത്. എന്തിന് കുറഞ്ഞ ചിലവിൽ എല്ലാവിധ അത്യാവശ്യസംവിധാനങ്ങളോടും കൂടി നമ്മുടെ രാജ്യത്ത് അങ്ങോളമിങ്ങോളം ഓടുന്ന വന്ദേഭാരത് തീവണ്ടികൾക്കും ഇന്ന് ആവശ്യക്കാരേറെയാണ്. പണ്ട്, പ്രതിരോധകാര്യത്തിലും ദേശസുരക്ഷയുടെ കാര്യത്തിലും നാം എത്രയോ പിന്നിലായിരുന്നു. 1962 ലെ ചൈനയുടെ കടന്നുകയറ്റ സമയത്ത് നാമത് കണ്ടതാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കു മുമ്പുവരെയും പ്രതിരോധ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ആയുധങ്ങളും മറ്റ് സാമഗ്രികളും നാം ഇറക്കുമതി ചെയ്യുകയായിരുന്നു. ഇവയ്ക്കുവേണ്ടി മററു രാജ്യങ്ങളുടെ മുമ്പിൽ നാം അപേക്ഷയുമായി കാത്തു നില്ക്കുകയായിരുന്നു അന്ന്. എന്നാൽ ഇന്ന് സ്ഥിതി മാറി. പ്രതിരോധസാമഗ്രികളുടെ കയറ്റുമതിയിലും നാം ഗണ്യമായ പുരോഗതി കൈവരിച്ചു കഴിഞ്ഞു. ജമ്മുകാശ്മീരിൽ വരുത്തിയ മാറ്റമാണ് അതിപ്രധാനമായ മറ്റൊന്ന്. തീവ്രവാദികളുടെ വിളയാട്ടഭൂമി ആയിരുന്ന ആ പ്രദേശത്തെ സമാധാനത്തിന്റെയും വളർച്ചയുടെയും പാതയിലേയ്ക്ക് നയിക്കാൻ കഴിഞ്ഞത് ഒരു വലിയ നേട്ടം തന്നെ. Article 370 എടുത്തുകളയുകയും മറ്റെല്ലാ സംസ്ഥാനങ്ങൾക്കുമുള്ള അതേ അവകാശങ്ങളും ആനുകൂല്യങ്ങളും അവിടെയും നടപ്പാക്കി അവിടെയുള്ള ജനങ്ങളേയും പൊതുധാരയിലേക്ക് കൊണ്ടുവന്ന ധീരോധാത്തമായ ആ നടപടിയെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. രാജ്യത്തെ പാവപ്പെട്ട ജനങ്ങളുടെ ദുരിതങ്ങൾ ഇല്ലാതാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്ത്രീസുരക്ഷയിലും എന്നു വേണ്ടാ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള സമഗ്രമായ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ് ഇന്ന് കേന്ദ്ര സർക്കാർ. നമ്മുടെ നാടിന്റെ ഈ മുന്നേറ്റത്തിൽ നമുക്കും പങ്കാളികളാകാം. നമ്മുടെ നാടിനെ ഒരു വികസിത രാജ്യമാക്കി മാറ്റുന്നതിനുവേണ്ടി പാതയൊരുക്കുന്ന വർഷമായിത്തീരട്ടെ പ്രത്യാശയുടെ പൊൻകിരണങ്ങളുമായി പുലർന്നിരിക്കുന്ന 2024.

ജയ്ഹിന്ദ്



*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

*പ്രിയ കരയോഗാംഗങ്ങളെ,*

**എല്ലാവർക്കും പുതുവത്സരാശംസകൾ**

**2021** മുതൽ കഴിഞ്ഞ 3 വർഷം ലോകത്തെ മുഴുവനും ഭീതിയിൽ ആക്കിയ കോവിഡും കോവിഡാനന്തര ബുദ്ധിമുട്ടുകളും നമ്മളെയും ഒരു പരിധിവരെയെങ്കിലും ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ മഹാമാരിയേ തുടർന്ന് ഉണ്ടായ വിവിധ പുതിയ വൈറസ് രോഗങ്ങൾ ഇപ്പോഴും മനുഷ്യരാശിയെ അലട്ടിക്കൊണ്ടിരിക്കുന്നു. ഈ പകർച്ചവ്യാധികൾ മൂലമുള്ള ഭീതിക്ക് ഇന്നും പൂർണ്ണമായി അറുതി വന്നിട്ടില്ല.

2024 സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും നാളുകളായിത്തീരട്ടെയെന്ന ശുഭപ്രതീക്ഷയോടെ എല്ലാ മതരാഷ്ട്രീയവൈരങ്ങളും മറന്നുകൊണ്ട്, ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ സകലർക്കും കഴിയുമാറാകേണമെയെന്ന് ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നു. എറണാകുളം കരയോഗം എന്ന ജീവകാരുണ്യസാമൂഹിക സാമുദായിക സംഘടന 98 വർഷം പൂർത്തിയാക്കി 99ന്റെ പടവുകളിലൂടെ ശതാബ്ദിയുടെ മികവിലേയ്ക്ക് നടന്നടുക്കുകയാണ്.

സമുദായാംഗങ്ങളും പൊതുസമൂഹവും ഏറെ പ്രതീക്ഷകളോടെ നോക്കി കാണുന്ന ഒരു പ്രസ്ഥാനമാണിത്. അതുകൊണ്ടുതന്നെ എറണാകുളം നഗരവാസസികളുടെയും മുഴുവൻ മലയാളികളുടെയും മുമ്പിൽ ഒരു മാതൃകാസ്ഥാപനമായി ഇതിനെ നിലനിർത്തുക എന്ന കടമ ഇത്രയും നാൾ നാം ഭംഗിയായി നിറവേറ്റിയിട്ടുണ്ട്. നമ്മളെകൊണ്ട് കഴിയാവുന്ന ചെറിയ ചെറിയ സേവനങ്ങൾ സമൂഹനന്മയ്ക്കായി നൽകിയാണ് നമ്മുടെ പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ടുപോകുന്നത്.

100-ാം വാർഷികത്തോടനുബന്ധിച്ച് വിപുലമായ ഒട്ടേറെ പരിപാടികളും പദ്ധതികളും നമുക്ക് നടത്തേണ്ടതുണ്ട്. അതിനായി കൂട്ടായുള്ള ആലോചനകളും പ്രവർത്തനങ്ങളും ആവശ്യമാണെന്നും ഇക്കാര്യത്തിൽ അംഗങ്ങളുടെ പൂർണ്ണസഹകരണം അത്യന്താപേക്ഷിതമാണെന്നും ഈ പംക്തിയിലൂടെ നിരന്തരം ഓർമ്മപ്പെടുത്തുന്നുണ്ടായിരുന്നല്ലോ? ഇനി ഉള്ളത് ആലോചിച്ചുകൊണ്ടിരിക്കുവാനുള്ള സമയമല്ല. 2024 സമാഗതമായി കഴിഞ്ഞിരിക്കുന്നു. വളരെ ദീർഘവീക്ഷണ ത്തോടുകൂടി കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച്, പ്രസ്ഥാനത്തിനും സമൂഹത്തിനും പ്രയോജനപ്രദമായ പദ്ധതികൾ വിവേകപൂർണ്ണം ചിന്തിച്ച്, കാര്യക്ഷമതയോടുകൂടി പ്രാവർത്തികമാക്കണം. എല്ലാത്തിനുമുള്ള ശുഭാരംഭം കുറിക്കേണ്ട വർഷമാണിത്. അതിന് നിങ്ങളുടെ ഓരോരുത്തരുടെയും അകമഴിഞ്ഞ സഹകരണം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. അതുണ്ടാവുമെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നു.

കഴിഞ്ഞ 10 വർഷം എറണാകുളം കരയോഗത്തെ സംബന്ധിച്ച് അതിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട വർഷങ്ങളാണ്. നവതിയോടനുബന്ധിച്ച് രൂപപ്പെടുത്തിയ പല പദ്ധതികളും നമുക്ക് നടപ്പിലാക്കുവാൻ കഴിഞ്ഞതോടൊപ്പം ടി.ഡി.എം. കോംപ്ലക്സിന്റെ വിവിധ ഹാളുകളുടെ നവീകരണവും സൂര്യതാപ പദ്ധതിയും അടക്കം പല വികസന പ്രവർത്തനങ്ങളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ചാരിതാർത്ഥ്യത്തോടെ ഓർമ്മപ്പെടുത്തട്ടെ. നമുക്ക് ഒരുമിച്ച്, കൂട്ടായി എറണാകുളം കരയോഗത്തിന്റെ ഭാവിപ്രവർത്തനങ്ങൾ രൂപപ്പെടുത്തി ഭംഗിയായി മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കാം.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ 2024 ജനുവരി 19 വെള്ളിയാഴ്ച വൈകുന്നേരം 6.30 ന് ശ്രീവത്സൻ ജെ. മേനോൻ അവതരിപ്പിക്കുന്ന കർണാട്ടിക് മ്യൂസിക്ക് ടി.ഡി.എം. ഹാളിൽ നടത്തുന്നു.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രതിമാസ പൈതൃക യോഗത്തിന്റെ ഭാഗമായി 2024 ജനുവരി 20 ശനിയാഴ്ച ഹെറിറേറജ് – workshop on Kochi Heritage ടി.ഡി.എം. ഹാളിൽ നടത്തുന്നു.

എറണാകുളം കരയോഗം സാഹിതി യോഗത്തിന്റെ 2024 ജനുവരി മാസത്തെ പരിപാടി 21 ഞായറാഴ്ച രാവിലെ 10 മണിക്ക് ടി.ഡി.എം. ഹാളിൽ ശ്രീ.സി.എൻ . ശ്രീ കണ്ഠൻ നായരുടെ നാടകത്രയം (സാകേതം, കാഞ്ചന സീത, ലങ്കാലക്ഷ്മി ) അവതരിപ്പിയ്ക്കുന്നത് ശ്രീമതി.കല്പകം സോമരാജൻ .

എറണാകുളം കരയോഗത്തിന്റെ 37-ാമത് ശ്രീമദ് ഭാഗവത സപ്താഹജ്ഞാനയജ്ഞം 2024 ഫെബ്രുവരി 18-ാം തീയതി മുതൽ 25-ാം തീയതി വരെ ടി.ഡി.എം. ഹാളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. യജ്ഞാചാര്യൻ ബ്രഹ്മശ്രീ കിഴക്കുമ്പാട്ട് വിനോദകുമാരശർമ്മ

കൂടുതൽ സജീവമായ പ്രവർത്തനങ്ങളും ഇടപെടലുകളും നിങ്ങളിൽ നിന്ന് ഉണ്ടാകണമെന്നും കരയോഗത്തിന്റെ പരിപാടികളിൽ നിങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും ഉറപ്പാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

*****

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## ജനുവരി 2024 – ഫെബ്രുവരി 2024

| | | | | |
|---|---|---|---|---|
| 1. | 11-01-2024<br>18-01-2024<br>25-01-2024<br>01-02-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 19-01-2024 | വെള്ളി | ബീം - കർണ്ണാട്ടിക് മ്യൂസിക്ക്-<br>ശ്രീവത്സൻ ജെ മേനോൻ | 6.30 p.m. |
| 2. | 20-01-2024 | ശനി | ഹെറിറേറജ് – എറണാകുളം കരയോ<br>ത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ<br>പ്രാരംഭപ്രവർത്തനങ്ങൾ – ചർച്ച | 2.00 p.m. 6.00 p.m |
| 3. | 21-01-2024 | ഞായർ | സാഹിതിയോഗം - ശ്രീ. സി.എൻ.ശ്രീകണ്ഠൻ<br>നായരുടെ നാടകത്രയം<br>അവതരണം - ശ്രീമതി. കല്പകം സോമരാജൻ | 10.00 a.m |
| 8. | 13-01-2024<br>20-01-2024<br>27-01-2024<br>03-02-2024 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>– ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 9. | 10-01-2024<br>17-01-2024<br>24-01-2024<br>31-01-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## സന്ദേശ സൂചിക

പ്രിയപ്പെട്ട കൂട്ടുകാരേ,

പരമമായ ഒരു വിശ്വഭക്തിയിൽ വിശ്വസിക്കുന്ന ഏതൊരാൾക്കും മതഭേദമോ, വർഗ്ഗഭേദമോ, വർണ്ണ ഭേദമോ ഇല്ലെന്ന ഉറപ്പോടെ ഉച്ചരിക്കാവുന്ന ഒരു പ്രാർത്ഥനയുണ്ട്. ബൃഹദാരണ്യകോപനിഷത്തിൽ.

അത് ഇങ്ങനെ

അസതോ മാ സദ്ഗമയ

തമസോ മാ ജ്യോതിർഗമയ

മൃത്യോർ മാ അമൃതംഗമയ

അസത്യത്തിൽ നിന്ന് സത്യത്തിലേക്കും ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കും മൃത്യുവിൽ നിന്ന് അമരത്വത്തിലേക്കും നയിക്കേണമേ എന്ന പ്രാർത്ഥനയാണ് ഇത്.

ദീപപ്രകാശം ഭൗതികമായ ഇരുട്ടകറ്റും പോലെ, ജ്ഞാനപ്രകാശം ആന്തരമായ ഇരുട്ടകറ്റുന്നു. ദീപാവലി പോലുള്ള ഉത്സവങ്ങൾ പറഞ്ഞു പോവുന്ന മുഖ്യമായ കാര്യമിതാണ്. ദീപാവലി അസുരസംഹാരത്തിന്റെ സ്മൃതിയുണർത്തുന്ന ഉത്സവമാണ്. സംഹാരിക്കപ്പെടേണ്ടുന്ന അസുരൻ അജ്ഞാനാന്ധകാരമാണ് എന്ന തത്ത്വം ഉദ്ഘോഷിക്കുന്ന ഉത്സവമായി ദീപാവലിയെ നാം കാണേണ്ടതുണ്ട്. ദീപാവലി ആഘോഷത്തിന്റെ കർമ്മങ്ങളിലും ദാനം ഒരു സുപ്രധാന ഘടകം ആണ്. വിശിഷ്ടഭോജ്യങ്ങളും വസ്ത്രങ്ങളും ദാനം ചെയ്ത് മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നതിലൂടെ ആത്മസംതൃപ്തി നേടാനാവുമെന്നുമാണ് ആ ആചാരത്തിലടങ്ങിയിരിക്കുന്ന സന്ദേശം.

ഈ ആണ്ടിലെ ദീപാവലി കഴിഞ്ഞതേയുള്ളൂവല്ലോ. മക്കൾ ഉൾക്കൊള്ളണം നമ്മുടെ ആഘോഷങ്ങൾ പകർന്നു തരുന്ന മേന്മകൾ.

സർവ്വേശ്വരനായ ജഗന്നിയന്താവിന്റെ കൽപ്പനയാണ് ജീവിതമെന്ന പ്രതിഭാസത്തിന്റെ ഉറവിടം.

നാം നീങ്ങുകയാണ് മുന്നോട്ട്. നാമെല്ലാവരും ഒന്നാണെന്നും ഒരേ ലക്ഷ്യത്തിലേക്ക് ഒരേ ദിശയിലൂടെ യാത്ര ആരംഭിച്ചിരിക്കുന്നവരാണെന്നും നമുക്ക് ബോധം വേണം. ബുദ്ധന്റെ അഹിംസ, ത്യാഗം, മൈത്രി ഇതിലേതെങ്കിലും അൽപം നമുക്കുണ്ടായെങ്കിൽ നാം മാത്രമല്ല നമ്മുടെ നാടും രക്ഷപ്പെടും.

സ്നേഹം നിങ്ങളെ കരുണാർദ്രനാക്കുന്നു. കരുണാർദ്രത നിങ്ങളെ നിർഭയനാക്കുന്നു. നിർഭയത്വം നിങ്ങളെ കലാകാരനാക്കുന്നു. മാതാപിതാക്കളുടെ വാത്സല്യവും, ഗുരുകാടാക്ഷവും ഉള്ളഴിഞ്ഞ ഭക്തിയും, ദൈവാനുഗ്രഹത്തിന്റെ ശക്തിയുമുണ്ടെങ്കിൽ, അനന്തമായ ജീവിതയാത്ര മധുരതരമായിരിക്കും.

സ്നേഹം എപ്പോഴും ആനന്ദമാണ്. താണപടിയിലേക്കു പോകാതെ നോക്കണമെന്ന് മാത്രം.

ഇനി കഥ പോലെ ഒന്ന്

മൂടൽ മഞ്ഞിലൂടെ ഓളങ്ങളെ വകഞ്ഞുമാറ്റി കീറിമുറിച്ചുകൊണ്ട് പായ്ക്കപ്പൽ അതിവേഗമാണ് നീങ്ങിയിരുന്നത്. വളരെ ദൂരെ ഒരു വെളിച്ചം കപ്പിത്താൻ കണ്ടു. ആ വെളിച്ചം തങ്ങളുടെ നേർക്കാണ് വരുന്നത്. അദ്ദേഹം ഉടൻ അവർക്ക് സന്ദേശമയച്ചു.

വേഗം നിങ്ങളുടെ കപ്പലിന്റെ ഗതി മാറ്റുക. ഞങ്ങളുടെ കപ്പൽ നിങ്ങളുടെ നേർക്കാണ് വരുന്നത്. തമ്മിൽ കൂട്ടിയിടിക്കാതെ ശ്രദ്ധിക്കുക.

ഉടൻ ഒരു സന്ദേശം തിരികെ ലഭിച്ചു.

നിങ്ങൾ ഗതി മാറ്റുന്നതാണ് നല്ലത്.

കപ്പിത്താൻ ക്രുദ്ധനായി ഒരു സന്ദേശം കൂടി അയച്ചു.

ഇതൊരു യുദ്ധ കപ്പലാണ്. നിങ്ങളുടെ ഗതി മാറ്റിയില്ലെങ്കിൽ വൻദുരന്തത്തിന് ഇടയാകും.

മറുപടി ഉടൻ ലഭിച്ചു.

സുഹൃത്തേ ഞങ്ങൾക്ക് ഗതിമാറാൻ സാദ്ധ്യമല്ല. ഇത് കപ്പലല്ല. ലൈറ്റ് ഹൗസാണ്. നിങ്ങൾ ഗതിമാറ്റി സ്വയം രക്ഷപ്പെടൂ.

ജീവിതയാത്രയിൽ മുൻകരുതലുകൾ എത്രമാത്രം ആവശ്യമെന്ന് മേൽവിവരിച്ച സംഭവകഥ പറയുന്നു. കൂടാതെ നാമെത്ര വേഗതയിലായാലും, പെട്ടെന്ന് വേഗത കുറയ്ക്കേണ്ടിയും ദിശ മാറ്റേണ്ടിയും വരാമെന്നും വിരൽ ചൂണ്ടുന്നു.

ഈ കുറിപ്പു വരുന്ന ലക്കം പുതുവർഷാരംഭമാണ്. അതുകൊണ്ടുതന്നെ കൊച്ചുകൂട്ടുകാർക്കെല്ലാം ധന്യമായ പുതുവർഷാശംസകൾ നേരുന്നു.


*****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

**കേ**രളത്തിൽ പല സ്ഥലങ്ങളിലും വീടു പണി കഴിഞ്ഞാൽ മുറ്റം തിരിക്കൽ അഥവാ വീടിനു ചുറ്റും ഉയരം കുറച്ച് കുട്ടിമതിൽ കെട്ടുക എന്നു പതിവുണ്ട്. അങ്ങനെ മുറ്റം തിരിച്ചു കെട്ടുവാൻ ഉദ്ദേശമുണ്ടെങ്കിൽ വീടുപണി തുടങ്ങുന്നതിനും മുമ്പ് ആലോചിച്ച് അതിനനുസരിച്ചായിരിക്കണം വീടിന്റെ സ്ഥാനം നിശ്ചയിക്കേണ്ടത്. മുറ്റം തിരിച്ചു കെട്ടുന്ന പക്ഷം വീട്ടിൽ നിന്നും തെക്കുവശം അതിരിലേക്കുള്ള ദൂരത്തിൽ നിന്നും കൂടുതൽ ദൂരം വടക്കു വശത്തുണ്ടായിരിക്കണം. തെക്ക് മൂന്നു മീറ്റർ വീതിയാണെങ്കിൽ വടക്ക് 4 മീറ്ററോ കൂടുതലോ വേണം. അതുപോലെ തന്നെ പടിഞ്ഞാറു ഇതിനെക്കാൾ കൂടുതൽ സ്ഥലം കിഴക്കുവശത്തുണ്ടാകണം. തെക്കുപടിഞ്ഞാറെ മൂല എപ്പോഴും ചതുരം ആയിരിക്കണം. അല്ലാത്ത പക്ഷം അതിരിനകത്ത് ചെറിയകുട്ടിമതിൽ വീടിനുസമാന്തരമായി പണിയണം. സ്ക്കെച്ച് 1 നോക്കുക.





ഈ പ്ലോട്ടിന്റെ തെക്കും, പടിഞ്ഞാറും നീണ്ടിരിക്കുന്നു. A to B + B to C. കുട്ടിമതിൽ കെട്ടി തെക്കുപടിഞ്ഞാറെ മൂല squar ആക്കി. വീടു പണിയുമ്പോൾ തെക്കിനും, പടിഞ്ഞാറിനും സമാന്തരമായി പണിയണം. കഴിയുന്നത്ര തെക്കുപടിഞ്ഞാറെ മൂലയിലേക്ക് അടുത്തുവേണം വീടുപണിയാൻ.

ചില പ്ലോട്ടുകൾ വടക്കുവശം കിഴക്കോട്ടു പോകുന്തോറും ചരിഞ്ഞുവരികയും വടക്കു കിഴക്ക് മൂലതള്ളി നിൽക്കുന്നതായും കാണാം. സ്കെച്ച് 2 നോക്കുക.




ഇന്നലെപോയ ഒരു വീട്ടിൽ പ്ലോട്ടിന്റെ വടക്കും, പടിഞ്ഞാറും ചരിഞ്ഞാണ് പോകുന്നത്. വടക്കുവശം കിഴക്കോട്ടു പോകുന്തോറും കുറഞ്ഞു കുറഞ്ഞു വരുന്നു. വീടുപണിക്ക് പ്ലാൻ എല്ലാം ശരിയായി കുറ്റിയടിക്കും മുമ്പേ എവിടെ വീടു പണിയണം എന്നറിയാൻ വേണ്ടി എന്നെ വിളിച്ചതാണ്. വീടുപണി തുടങ്ങും മുമ്പേ ആയതുകൊണ്ട് പറമ്പിന്റെ വടക്കും, കിഴക്കും ചിത്രത്തിൽ കാണുന്നതുപോലെ AB, BC 18 cm ഉയരത്തിൽ കുട്ടിമതിൽ കെട്ടി വടക്കുകിഴക്കെ മൂല ചതുരനാക്കുവാൻ വേണ്ട ഏർപ്പാടു ചെയ്തു. ഒരിക്കലും പ്ലോട്ട് ശരിയാക്കാതെ വീടു പണിതുടങ്ങരുത്.




വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

ക്ഷേത്രങ്ങളിലൂടെ

# കുന്നത്ത് ശ്രീ മഹാദേവക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



**പ**രശുരാമക്ഷേത്രം എന്നറിയപ്പെടുന്ന കേരളക്കരയിൽ പരശുരാമപ്രതിഷ്ഠിതമായ നിരവധി ശിവക്ഷേത്രങ്ങളും ദേവീക്ഷേത്രങ്ങളും ശാസ്താക്ഷേത്രങ്ങളുമുണ്ട്. ഇവയിൽ പ്രധാനപ്പെട്ട 108 ശിവക്ഷേത്രങ്ങളിലൊന്നാണ് കുംഭസംഭവമന്ദിരം എന്നും അറിയപ്പെടുന്ന തിരുചെങ്ങന്നൂർ ശ്രീമഹാദേവക്ഷേത്രം. വിവിധ ക്ഷേത്രങ്ങളിൽ ശ്രീമഹാദേവന്റെ വിവിധ ഭാവചൈതന്യത്തെയാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. ഭക്തവത്സലനായ ഭഗവാന്റെ ശാന്തഭാവവും രൗദ്രഭാവവും ഭക്തവാത്സല്യഭാവവും എല്ലാം നിറഞ്ഞുനില്ക്കുന്നതാണ് ക്ഷേത്രങ്ങൾ. ഈ ക്ഷേത്രങ്ങളിലെല്ലാം വഴിപാടുകളിലും പൂജാദികാര്യങ്ങളിലും പല പ്രത്യേകതകളുമുണ്ട്. സാധാരണയായി ശിവക്ഷേത്രങ്ങളിൽ ധാര, അർച്ചന, അഭിഷേകം എന്നീ വഴിപാടുകൾ പ്രധാനമാണ്. എന്നാൽ ഇവയിൽ നിന്നും വ്യത്യസ്തമായ വഴിപാടു നടക്കുന്ന ഒരു ശിവക്ഷേത്രമാണ് കുന്നത്ത് ശ്രീമഹാദേവക്ഷേത്രം. ഇവിടെ വിരാജിക്കുന്ന ഭഗവാന്റെ ഏറ്റവും പ്രിയപ്പെട്ട വഴിപാടാണ് കൊട്ടും ചിരിയും. ഇങ്ങനെ ഒരു വഴിപാടിനെപ്പറ്റി അധികം ആരും കേട്ടിട്ടുണ്ടാവില്ല. ഭക്തർ അവരുടെ ഇഷ്ടകാര്യ ഫലപ്രാപ്തിക്കായി കുന്നത്തു ശ്രീമഹാദേവനു സമർപ്പിക്കുന്നതും ക്ഷിപ്രം ഫലപ്രാപ്തി ലഭിക്കുമെന്ന് വിശ്വസിക്കുന്നതുമായ വഴിപാടാണ് കൊട്ടും ചിരിയും. ഈ ക്ഷേത്രത്തിലെ ദേവനുള്ള ഏറ്റവും പ്രധാന വഴിപാടും ഇതുതന്നെയാണ്. ഭഗവാനെ പ്രാർത്ഥിച്ച് കൊട്ടും ചിരിയും വഴിപാടു നടത്തുമ്പോൾ പെട്ടെന്നു തന്നെ ഫലപ്രാപ്തിയുണ്ടാകുന്നു എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

ആലപ്പുഴ ജില്ലയിൽ പമ്പാ നദീതീരത്തു സ്ഥിതി ചെയ്യുന്ന അതിപുരാതനമായ ഒരു മഹാക്ഷേത്രമാണ് തിരുചെങ്ങന്നൂർ മഹാദേവക്ഷേത്രം. ശ്രീപാർവ്വതീ ദേവിക്ക് അതിപ്രാധാന്യം കല്പിക്കുന്ന ക്ഷേത്രമാണിത്. ഐതിഹ്യപ്പെരുമകളാൽ പ്രസിദ്ധിനേടിയിട്ടുള്ളതും ഭക്തജനശ്രദ്ധ ആകർഷിക്കുന്നതുമായ ഒരു പുണ്യക്ഷേത്രം. പണ്ടുകാലത്ത് ചെങ്ങന്നൂർ പ്രദേശങ്ങളെല്ലാം ചെങ്കല്ലുനിറഞ്ഞതും ചെറിയ ചെറിയ കുന്നുകളും കൊടും കാടുകളും നിറഞ്ഞപ്രദേശമായിരുന്നു. ചെങ്കല്ലു നിറഞ്ഞ ഈ പ്രദേശം ചെങ്കള്ളൂർ എന്നും ചെങ്കണ്ടൂർ എന്നും അറിയപ്പെട്ടിരുന്നു. പിൽക്കാലത്ത് ചെങ്ങന്നൂരായും മാറി. പണ്ഡിതശ്രേഷ്ഠന്മാർ ഈ പ്രദേശത്തെ ശോണാദ്രിയെന്നും ശോണാചാലം എന്നും വിളിച്ചിരുന്നു. പരശുരാമപ്രതിഷ്ഠിതമായ നമ്പൂതിരി ഗ്രാമങ്ങളിൽ ഏറ്റവും തെക്കെ അറ്റത്തുള്ള ഗ്രാമമാണ് ചെങ്ങന്നൂർ. പാണ്ഡിത്യത്തിന്റെയും സംഗീതാദികലകളുടേയും ജ്യോതിഷത്തിന്റെയും നാടായി അറിയപ്പെട്ടിരുന്ന സ്ഥലമാണ് ചെങ്ങന്നൂർ. ശ്രീപാർവ്വതി പരമേശ്വരന്മാരുടെ വിവാഹാഘോഷത്തിൽ പങ്കെടുക്കുവാൻ ദേവന്മാരും മഹർഷിമാരും ഭൂലോകവാസികളും കൈലാസത്തിലെത്തി. ഇവരുടെയെല്ലാം ഭാരംകൊണ്ട് കൈലാസശൈലം വടക്കോട്ടു ചരിയുമോ എന്ന് മഹാദേവൻ സംശയിച്ചു. അദ്ദേഹം കൈലാസശൈലം ഭാരംകൊണ്ടു ചരിയാതിരിക്കുവാൻ ദക്ഷിണ പഥത്തിലിരിക്കാൻ അഗസ്ത്യമഹർഷിയോടാവശ്യപ്പെട്ടു. വിവാഹചടങ്ങുകൾ തനിക്കു കാണുവാൻ സാധിക്കില്ലല്ലോ എന്നോർത്ത് മഹർഷിക്കു സങ്കടം തോന്നി. മഹർഷിയുടെ സങ്കടം മനസ്സിലാക്കിയ മഹാദേവൻ അദ്ദേഹത്തിന് വിവാഹചടങ്ങുകൾ കാണുവാൻ ദിവ്യദൃഷ്ടി നൽകി. ശ്രീമഹാദേവന്റെ ആജ്ഞയനുസരിച്ച് അഗസ്ത്യ മഹർഷി ശോണാദ്രിയിലെത്തി

തപസ്സിരുന്നു. വിവാഹശേഷം ശ്രീമഹാദേവനും ശ്രീപാർവ്വതിദേവിയും ശോണാദ്രിയിലെത്തി മഹർഷിക്ക് ദർശനം നൽകി അനുഗ്രഹിക്കുകയും ചെയ്തു. ഭഗവാനും ദേവിയും കുറച്ചു ദിവസം ശോണാദ്രിയിൽ സാന്നിദ്ധ്യം അരുളണം എന്ന് മഹർഷി ഭഗവാനോട് അപേക്ഷിച്ചു. ഭഗവാൻ മഹർഷിയുടെ ആഗ്രഹം അനുസരിച്ച് ശോണാദ്രിയിൽ വസിക്കുകയും ചെയ്തു. ഭഗവാൻ ദർശനമരുളിവാണ സ്ഥലം തിരുചെങ്ങന്നൂർ കുംഭസംഭവമന്ദിരം എന്ന് പ്രസിദ്ധമായി. ശ്രീപാർവ്വതി സമേതനായി പരമശിവൻ ചെങ്ങന്നൂരിൽ വാഴുന്ന കാലം ഭഗവാന്റെ പരമഭക്തനായ ശക്തികുണ്ഠം മഹർഷി ഭഗവാനെ കാണുവാനായി ചെങ്ങന്നൂരിലെത്തി. അദ്ദേഹം പരമശിവനെയല്ലാതെ മറ്റൊരു ദേവനേയും ഭജിക്കാറില്ല. സർവ്വം ശിവം എന്ന കഠിന നിഷ്ഠ പാലിച്ചിരുന്ന മഹർഷിക്ക് മഹാദേവനോടൊപ്പം പാർവ്വതീദേവിയെ കാണുക എന്നത് സങ്കല്പിക്കുവാൻ പോലും കഴിയുമായിരുന്നില്ല. അദ്ദേഹം ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിന്റെ വടക്കു കിഴക്കുഭാഗത്തു സ്ഥിതി ചെയ്യുന്ന ഒരു ഉയർന്നകുന്നിൻ മുകളിൽ ദർശന സൗഭാഗ്യം നൽകേണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ധ്യാനനിരതനായി ഇരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ സംപ്രീതനായ മഹാദേവൻ ദേവിയെ കൂട്ടാതെ മഹർഷിക്കു മുന്നിൽ പ്രത്യക്ഷനായി. ഭക്തന്റെ മനസ്സറിഞ്ഞ് ഭഗവാൻ മഹർഷിക്ക് ദർശനം നൽകി അനുഗ്രഹിച്ച സ്ഥലത്ത് ശക്തികുണ്ഡമഹർഷി താൻ പൂജിച്ചിരുന്ന ശിവലിംഗം പ്രതിഷ്ഠിച്ചു. അതാണ് ഇന്നത്തെ കുന്നത്ത് ശ്രീമഹാദേവക്ഷേത്രം. മഹർഷി തപസ്സനുഷ്ഠിച്ചിരുന്ന കാലത്ത് സ്നാനാദികർമ്മങ്ങൾ നടത്തിയിരുന്ന കുളം ശക്തികുണ്ഡതീർത്ഥം എന്നും അറിയപ്പെട്ടു. ഇന്നും കുന്നിൻമുകളിൽ ഈ കുളത്തിന്റെ കുറച്ചു ഭാഗങ്ങൾ കാണാം. അഗസ്ത്യമഹർഷി ഇവിടെ പൂജ ചെയ്തിരുന്നു എന്നും ഒരഭിപ്രായമുണ്ട്. നമ്മുടെ പല പുണ്യക്ഷേത്രങ്ങളിലും ഋഷിവര്യന്മാർ പൂജിച്ചിരുന്ന വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ട്. ഭഗവത്ചൈതന്യം നിറഞ്ഞ ആ വിഗ്രഹങ്ങളെ പൂജിച്ചാരാധിക്കുവാൻ സാധിക്കുന്നതു പുണ്യമാണ്. ശക്തികുണ്ഡമഹർഷി പ്രതിഷ്ഠിച്ച ശ്രീമഹാദേവക്ഷേത്രം തിരുചെങ്ങന്നൂർ ക്ഷേത്രത്തിന്റെ മൂലസ്ഥാനമാണ് എന്നും വിശ്വസിക്കുന്നു. ഇവിടെ ഭഗവാൻ ശ്രീമഹാദേവൻ വല്ല്യച്ഛനായി കുടികൊള്ളുന്നു. തിരുചെങ്ങന്നൂരിൽ ദർശനം നടത്തിയാൽ കുന്നത്തു മഹാദേവക്ഷേത്രത്തിലും ദർശനം നടത്തണം എങ്കിലേ ദർശനക്രമം പൂർത്തിയാകൂ എന്നാണ് വിശ്വാസം. കുന്നത്തൂർ ശ്രീമഹാദേവക്ഷേത്രത്തിലെ ദേവന് ഏറ്റവും പ്രിയമുള്ള വഴിപാടാണ് കൊട്ടുംചിരിയും. പണ്ട് ഈ പ്രദേശങ്ങളെല്ലാം കാടു നിറഞ്ഞിരുന്ന കാലത്ത് ഉദ്ദിഷ്ടകാര്യസിദ്ധിക്കായി ഈ വഴിപാട് നടത്തുവാൻ ധാരാളം ആളുകളെത്തിയിരുന്നു. സന്ധ്യക്ക് ദീപാരാധനക്കുശേഷം നടത്തുന്ന പ്രത്യേക വഴിപാടാണിത്. മനുഷ്യജീവിതത്തെ ബാധിക്കുന്ന എല്ലാവിധ പ്രയാസങ്ങളും ജീവിതമാർഗ്ഗതടസ്സങ്ങളും സർവ്വകാര്യവിജയപ്രാപ്തിക്കും സന്താനലബ്ധിക്കും കളവു മുതൽ കണ്ടു കിട്ടുന്നതിനും എല്ലാം ഭക്തർ ഈ വഴിപാടു നടത്തി പ്രാർത്ഥിക്കുന്നു. ക്ഷേത്രത്തിൽ നിന്നും വഴിപാടുരസീത് വാങ്ങിയശേഷം പഴവർഗ്ഗങ്ങൾ മധുരപലഹാരങ്ങൾ എന്നിവ ഭക്തരുടെ ഇഷ്ടാനുസരണം ക്ഷേത്രത്തിലെ നമസ്ക്കാരമണ്ഡപത്തിൽ ഭക്തിപൂർവ്വം സമർപ്പിച്ച് ഉദ്ദിഷ്ട കാര്യസിദ്ധിക്കായി പ്രാർത്ഥിക്കുന്നു. ദീപാരാധനയ്ക്കു ശേഷം പൂജാരി നമസ്ക്കാരമണ്ഡപത്തിൽ വച്ചു തന്നെ ഈ നിവേദ്യവസ്തുക്കൾ ഭഗവാനു നിവേദിക്കുന്നു. ഈ സമയം കുറെ കുട്ടികൾ കൈകൊട്ടി ചിരിച്ചുകൊണ്ട് സന്തോഷത്തോടെ ക്ഷേത്രത്തിലേക്കോടിയെത്തുന്നു. കുട്ടികളുടെ സന്തോഷം കാണുന്ന മഹാദേവൻ സംപ്രീതനായി വഴിപാടുകാരനെ അനുഗ്രഹിക്കുന്നു. പൂജിച്ച നിവേദ്യ വസ്തുക്കൾ

കൊട്ടും ചിരിയുമായി ഓടിയെത്തുന്ന കുട്ടികൾക്കും മുതിർന്നവർക്കുമായി നൽകുന്നു. നാലമ്പലത്തിനുവെളിയിലുള്ള നടപ്പന്തലിലിരുന്നു എല്ലാവരും പ്രസാദം കഴിച്ചു സന്തോഷത്തോടെ മടങ്ങും. ഈ വഴിപാട് നൂറ്റാണ്ടുകൾക്കുമുമ്പു തുടങ്ങിയതാണ്. പണ്ടുകാലത്ത് ഈ പ്രദേശങ്ങളെല്ലാം കാടുപിടിച്ചു കിടന്നിരുന്നു. അക്കാലത്ത് കാട്ടുപഴങ്ങളും കാട്ടുപൂക്കളുമാണ് ഭഗവാന്റെ നിവേദ്യാതിപൂജകൾക്കുപയോഗിച്ചിരുന്നത്. ഒരിക്കൽ പൂജാരി നിവേദ്യത്തിനായി കാട്ടുപഴങ്ങൾകൊണ്ടുവന്നു നമസ്ക്കാരമണ്ഡപത്തിൽ വച്ചശേഷം പൂക്കൾ ശേഖരിക്കുവാൻ പോയി. ഈ സമയം മലവേടവംശത്തിൽപ്പെട്ട കുട്ടികൾ ആ പഴങ്ങളെല്ലാം എടുത്തു ഭക്ഷിച്ചിട്ടുപോയി. പുഷ്പങ്ങളുമായി എത്തിയ പൂജാരി നിവേദ്യത്തിനുള്ള സാധനങ്ങൾ കാണാഞ്ഞ് ദുഖിതനായി. ഈ ഇരുട്ടിൽ ഞാനിനി എവിടെ നിന്നു നിവേദ്യവസ്തുക്കൾ കൊണ്ടുവരും. ദേവനു നൽകാൻ ഒന്നുമില്ലല്ലോ എന്നിങ്ങനെ വിലപിച്ചു. അദ്ദേഹത്തിന്റെ വിലാപം കേട്ട് ചിലർ അവിടേക്കെത്തി. ഈ സമയം എല്ലാവരേ യും അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു അശ്ശരീരി മുഴങ്ങി. നിവേദ്യം മുടങ്ങിയതിൽ വിഷമിക്കേണ്ട, എന്റെ ഉണ്ണികൾ അതു ഭക്ഷിച്ചതിൽ ഞാൻ തൃപ്തനാണ്. ഉണ്ണികൾ ഭക്ഷിച്ചതിൽ സന്തോഷിക്കുക. അവരോടൊപ്പം നിങ്ങളും സന്തോഷിക്കുക. ഈ ശബ്ദം കേട്ട പൂജാരിയും മറ്റുള്ളവരും കൈകൊട്ടിച്ചിരിച്ച് ആനന്ദാനുഭൂതിയോടെ ഭഗവാനെ പ്രാർത്ഥിച്ചു. ഇതാണ് കൊട്ടുംചിരിയും വഴിപാടിന്റെ പിന്നിലെ ഐതിഹ്യം. കുന്നത്തുവല്ല്യച്ഛന്റെ തിരുനടയിൽ കൊട്ടും ചിരിയും നടത്തി പ്രാർത്ഥിച്ചാൽ ക്ഷിപ്രവേഗം കാര്യസാദ്ധ്യം എന്ന് വല്യച്ഛന്റെ ഭക്തർ വിശ്വസിക്കുന്നു. ഇത് അവരോടൊപ്പം നമുക്കും അതനുഭവിച്ചറിയാം. കുന്നിൽ മുകളിൽ സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിലേക്ക് പടികൾ കയറിചെല്ലുമ്പോൾ വട്ടശ്രീകോവിലിൽ മഹാദേവനെ കാണാം. ക്ഷേത്രശ്രീകോവിൽ നിർമ്മിതി കാണുമ്പോൾ തന്നെ കാലപ്പഴക്കം മനസ്സിലാകും. ഇവിടെ കുട്ടികളുടെ സന്തോഷത്തിൽ സന്തോഷിക്കുന്ന മഹാദേവൻ ഒറ്റക്കു വിരാജിക്കുന്നു. ഉപദേവന്മാരാരുമില്ല എന്നതും ഒരു പ്രത്യേകതയാണ്. നടപ്പന്തലിലെ ഇരിപ്പിടങ്ങളിൽ വിശ്രമിക്കുമ്പോൾ എന്തെന്നറിയാത്ത ഒരു ശാന്തത നമുക്കനുഭവപ്പെടും. കുന്നത്തു ശ്രീമഹാദേവനെ കണ്ടു പ്രാർത്ഥിച്ച് കൈകൊട്ടിച്ചിരിച്ച്, നിവേദ്യവും കഴിച്ച് ശാന്തമായ മനസ്സോടെ മടങ്ങാൻ എല്ലാവർക്കും കുന്നത്തുവല്യച്ഛന്റെ അനുഗ്രഹം ഉണ്ടാകട്ടെ.

******


## എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

# ചട്ടമ്പിസ്വാമിതിരുവടികൾ. 10

എം.ആർ.എസ് മേനോൻ – 9037126220

*(തുടർച്ച)*

**വി**വിധ വിഷയങ്ങളിലെ പാണ്ഡിത്യം കൊണ്ടും ബുദ്ധിവൈഭവം കൊണ്ടും കേരളത്തിന്റെ വൈജ്ഞാനിക മേഖലയിൽ അദ്വിതീയമായ സ്ഥാനം നേടാൻ ചട്ടമ്പി സ്വാമികൾക്ക് കഴിഞ്ഞു. സ്വാമി ഒരിക്കലും വലിയ യോഗങ്ങളിൽ പ്രസംഗിക്കാനും സമൂഹത്തിന്റെ നേതൃത്വം ഏറ്റെടുക്കാനും തയ്യാറായില്ല. ചെറു സംഘങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായിരുന്നു അദ്ദേഹത്തിന്റെ രീതി. ആശ്രമങ്ങൾ സ്ഥാപിച്ച് മഠാധിപതിയായിരിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ സ്വാമിയുടെ തൃതീയ ശിഷ്യനായ നിലകണ്ഠ തീർത്ഥ പാദസ്വാമികൾ ആദ്ധ്യാത്മിക മാർഗ്ഗത്തിലേക്ക് കടന്നു വരുന്ന യുവാക്കൾക്ക് ശിക്ഷണം നൽകുന്നതിന് ഒരു സ്ഥാപനം വേണമെന്ന അഭിപ്രായക്കാരനായിരുന്നു. ഇതിന് വേണ്ടി തന്റെ കുടുംബസ്വത്തെല്ലാം വിറ്റ് അദ്ദേഹം കുറച്ച് ധനം സമാഹരിച്ച് വച്ചിരുന്നു. താൻ വിഭാവനം ചെയ്തത് ജാതി മത ചിന്താഗതിക്കൾക്കതീതമായി ആദ്ധ്യാത്മികതക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ലളിതമായ ഒരാശ്രമമാണെന്ന് അദ്ദേഹം ഗുരുനാഥനെ ബോധ്യപ്പെടുത്തി. ഇതോടെ സ്വാമികളുടെ ഷഷ്ടിപൂർത്തി ലളിതമായി ആഘോഷിക്കാ നും അദ്ദേഹം ആഗ്രഹിച്ചു. താൻ ഇത്ത രമൊരു സംഘടനാസംവിധാനത്തിൽ ഭാഗഭാക്കാകില്ലെന്ന ഉറപ്പോടെ സ്വാമി ഇതിന് സമ്മതം നൽകി.

ചട്ടമ്പിസ്വാമികളുടെ ഷഷ്ടിപൂർത്തി ആഘോഷിക്കാൻ ശിഷ്യന്മാർ തീരുമാനിച്ചു. പ്രകൃതിഭംഗി നിറഞ്ഞ എഴുമറ്റൂർ വടക്കെ കോയിക്കൽ അനുജൻ രാമവർമ്മ തമ്പുരാൻ നല്ല രണ്ട് കെട്ടിടങ്ങളും വിശാലമായ ഭൂമിയും സ്വാമിക്ക് സംഭാവനയായി നൽകി. അയിരൂർ തോട്ടാവള്ളിൽ നാരായണനാശാൻ സംസ്കൃത പണ്ഡിതനും സാമൂഹ്യ പരിഷ്കർത്താവുമായ ഒരു വ്യക്തിയായിരുന്നു. എഴുമറ്റൂർ ആശ്രമ സ്ഥാപനത്തിന്റെ പിന്നിൽ അദ്ദേഹത്തിന്റെ ശക്തമായ പ്രവർത്തനങ്ങളും ഉണ്ടായിരുന്നു. ചട്ടമ്പിസ്വാമികളുടെ പേരിൽ ആരംഭിച്ച അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത കൺവെൻഷൻെറയും മുഖ്യശിൽപ്പിയും അദ്ദേഹമായിരുന്നു. പോകുന്ന വഴി അയിരൂർ തോട്ടാവള്ളി ഭവനത്തിൽ താമസിച്ച് അദ്ദേഹവുമൊന്നിച്ചാണ് സ്വാമി എഴുമറ്റൂർക്ക് പുറപ്പെട്ടത്.

എഴുമറ്റൂർ വച്ച് സ്വാമിയുടെ ഷഷ്ടിപൂർത്തി ആരംഭിക്കുന്ന ദിവസമായപ്പോഴേക്കും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നിരവധി ആളുകൾ എഴുമറ്റൂർ എത്തിച്ചേർന്നു. ആ യോഗത്തിൽ വച്ച് സ്വാമിക്ക് വിദ്യാധിരാജ തീർത്ഥപാദ പരമഹംസ എന്ന ബഹുമതി നൽകി ആദരിച്ചു. പക്ഷേ താൻ ചട്ടമ്പി സ്വാമി എന്ന പേരിൽ അറിയാനാണ് ആഗ്രഹിക്കുന്നത് എന്നായിരുന്നു അദ്ദേഹം അഭിപ്രായപ്പെട്ടത്. ആ സമ്മേളനത്തിൽ വച്ച് പരമഭട്ടാരക ആശ്രമത്തിന്റെ ഉദ്ഘാടനം സ്വാമി നിർവ്വഹിച്ചു. ആശ്രമസ്ഥാപകനോ മഠാധിപതിയോ ആയി അറിയപ്പെടാൻ അദ്ദേഹം ആഗ്രഹിച്ചില്ല. എഴുമറ്റൂർ മഠത്തിന്റെ അധിപനായും തീർത്ഥപാദപരമ്പരയുടെ പരമാചാര്യനായും ചട്ടമ്പിസ്വാമികളുടെ ദ്വിതീയശിഷ്യനായ നീലകണ്ഠതീർത്ഥപാദസ്വാമികളെയാണ് നിയമിച്ചത്. 1913 ആഗസ്റ്റ് 23 ന് ആണ് തീർത്ഥപാദ പരമ്പരയിലെ ആദ്യ ആശ്രമം എഴുമറ്റൂർ ഉദ്ഘാടനം ചെയ്തു.. ഭക്തന്മാരുടെ നിർബന്ധത്തിന് വഴങ്ങി സ്വാമി ആറുമാസത്തോളം എഴുമറ്റൂർ ആശ്രമത്തിൽ

താമസിച്ചു. ഒരേ സ്ഥലത്ത് സ്വാമി ഏറ്റവും കൂടുതൽ താമസിച്ചത് എഴുമറ്റൂരായിരുന്നു. നീലകണ്ഠ തീർത്ഥപാദ സ്വാമികളുടെ പ്രവർത്തനമേഖല കരുനാഗപ്പള്ളിയാക്കുകയും ചട്ടമ്പിസ്വാമികളും തീർത്ഥപാദ പരമഹംസരും ദൂരസ്ഥലങ്ങളിൽ യാത്രകൾ തുടരുകയും ചെയ്തതോടെ എഴുമറ്റൂർ ആശ്രമം ഉദ്ദേശിച്ച രീതിയിൽ വിജയകരമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ല. ചട്ടമ്പിസ്വാമികൾ ഒരിടത്ത് സ്ഥിരമായി താമസിക്കാതെ കേരളമൊട്ടാകെ ബൗദ്ധിക മേഖലയിൽ ചലനം സൃഷ്ടിച്ച് കൊണ്ട് യാത്ര ചെയ്തു. സ്വാമിയുടെ പ്രവർത്തന ശൈലി അതായിരുന്നു.

തന്റെ രണ്ടാമത്തെ ശിഷ്യനായ നീലകണ്ഠ തീർത്ഥപാദരുടെ പെട്ടെന്നുണ്ടായ സമാധി അദ്ദേഹത്തെ ഏറെ വേദനിപ്പിച്ച ഒന്നായിരുന്നു. 1921 ൽ സ്വാമി മാവേലിക്കര ആണ്ടിപ്പിള്ള മജിസ്ട്രേറ്റിന്റെ വീട്ടിൽ ഒരു സംഗീത സദസ്സിൽ പങ്കെടുത്ത് കൊണ്ടിരിക്കുമ്പോഴാണ് കരുനാഗപ്പള്ളി താഴത്തോടത്ത് ഭവനത്തിൽ വച്ച് നീലകണ്ഠ തീർത്ഥപാദസ്വാമികൾ സമാധിയായ വിവരം അറിയുന്നത്. ഉടൻ ഒരു കുതിര വണ്ടിയിൽ സ്വാമി കരുനാഗപ്പള്ളിക്ക് പുറപ്പെട്ടു. നിറഞ്ഞ കണ്ണുകളോടെ ശിഷ്യന്റെ തലയിൽ തലോടിക്കൊണ്ട് സ്വാമി പറഞ്ഞു 'ബ്രഹ്മാവ് സൃഷ്ടിച്ച ഒരു ബ്രഹ്മാണ്ഡം ഇതാ അവസാനിച്ചിരിക്കുന്നു. എന്റെ മുമ്പിൽ അവൻ നിൽക്കുകയും ഞാൻ ഇരിക്കുകയുമാണ് പതിവ്. ഇന്നിതാ ഞാൻ നിൽക്കുമ്പോൾ അവൻ ഇരിക്കുന്നു". സമാധി ചടങ്ങുകളൊക്കെ ചട്ടമ്പിസ്വാമികളുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കി ശിഷ്യന്റെ സമാധി പീഠത്തിൽ സ്വാമി ശിവലിംഗ പ്രതിഷ്ഠയും നടത്തി.

തന്റെ കൃതികളുടെ രചന പൂർത്തിയാക്കാൻ സ്വാമി ആഗ്രഹിച്ചിരുന്നു. കൃതികൾ എഴുതാനുള്ള പഠനത്തിനായി പ്രാചീന കയ്യെഴുത്തു പ്രതികൾ സംഘടിപ്പിക്കാനും മറ്റുമായി വേണ്ട സഹകരണം അദ്ദേഹത്തിന് ലഭിക്കാതെ പോയി. യാത്രാ സൗകര്യങ്ങളുടെയും വാർത്താ വിനിമയ സൗകര്യങ്ങളുടെയും പരിമിതികളും വിവിധ വിഷയങ്ങളുടെ പഠനത്തിന് തടസ്സങ്ങളായിരുന്നു. സ്വാമി ഒരിക്കലും ധനം കൈകാര്യം ചെയ്തിരുന്നില്ല. കുട്ടികളുടെ പഴയ നോട്ട് പുസ്തകങ്ങളിലെ ഉപയോഗിക്കാത്ത പേജുകളിൽ ഉപേക്ഷിക്കപ്പെട്ട പെൻസിൽ കഷണങ്ങൾ കൊണ്ടാണ് സ്വാമി എഴുതിയിരുന്നത്. ഇങ്ങിനെയുള്ള തുണ്ടുകടലാസുകൾ പല ഭവനങ്ങളിലും സൂക്ഷിച്ച് വെയ്ക്കപ്പെട്ടിരുന്നു. സ്വാമിയുടെ പല പ്രസിദ്ധീകരിക്കാത്ത കൃതികളും ഈ അടുത്ത കാലഘട്ടത്തിലും കണ്ട് കിട്ടാനുള്ള സാഹചര്യം ഉണ്ടായത് അത് കൊണ്ടാണ് ചില ഭവനങ്ങളിൽ പൂജാ മുറികളിൽ നിന്നും സംരക്ഷിക്കപ്പെട്ട പല തുണ്ടുകളും ചിതലരിച്ചും എലി കരണ്ടും നശിച്ച് പോകുകയുണ്ടായി.

ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെ ഭരണാധികാരിയായിരുന്ന തച്ചുടയ കൈമൾ ചട്ടമ്പിസ്വാമികളുടെ ഒരു ഗൃഹസ്ഥശിഷ്യനായിരുന്നു. കേരള ചരിത്രത്തിലെ പ്രത്യേകതയാർന്ന ഒരു ചടങ്ങായിരുന്നു തച്ചുടയ കൈമൾ അവരോധം. ജാതി മേധാവിത്വം നിലനിന്ന കാലത്ത് രാജാവിനും ഉപരിയായ പദവിയും സ്ഥാനവും നായർ സമുദായത്തിൽ പെട്ട ഒരു വ്യക്തിക്ക് നൽകുകയെന്നത് കേരള ചരിത്രത്തിലെ സുപ്രധാനമായ ഒരു സംഭവമാണ്. ആറ്റിങ്ങലിന് സമീപം പനയറഇല്ലം എന്ന നായർ കുടുംബത്തിൽ നിന്നാണ് തിരുവിതാംകൂർ രാജാവ് തച്ചുടയ കൈമളെ അവരോധിക്കുന്നത്. പത്ത് വർഷത്തോളം വിവിധ ഭാഷകളും വേദോപനിഷത്തുകളും പഠിച്ച് വിവിധ ക്ഷേത്രങ്ങളിലെ പൂജാവിധികളും ആചാരങ്ങളിലും പരിശീലനം നേടിയതിന് ശേഷമാണ് 1918 ൽ അവസാനത്തെ തച്ചുടയ കൈമളെ 23 മത്തെ വയസ്സിൽ രാജാവ് നിയമിച്ചത്. രാജാവ് തച്ചുടയ കൈമൾ എന്ന സ്ഥാനപ്പേരു വിളിച്ച്

'യോഗത്തോട് കൂടെപ്പോയി കൂടൽമാണിക്യം ക്ഷേത്രം നീ വിചാരിക്കും വണ്ണം മരിയാദ ന ടത്തുക 'എന്ന് കൽപ്പിച്ച് അവരോധിച്ചാൽ രാജാവിനോ സർക്കാരിനോ അദ്ദേഹത്തിന്റെ അവകാശത്തിൽ ഇടപെടാൻ വയ്യ. കൊച്ചി രാജാവിന്റെ തീട്ടൂരം വാങ്ങി തിരുവിതാം കൂർ രാജാവിനെക്കൊണ്ട് തെരഞ്ഞെടുത്ത് ആഴ്വാഞ്ചേരി തമ്പ്രാക്കളെക്കൊണ്ട് ഒരു നായരെ അവരോധിക്കുക ചരിത്രത്തിലെ പ്രധാന സംഭവമാണ്. രാജാവ് വന്നാലും തച്ചുടയ കൈമൾ എഴുന്നേൽക്കണമെന്നില്ല. തച്ചുടയ കൈമൾ അവരോധം കഴിഞ്ഞാൽ പല്ലക്ക് ബ്രാഹ്മണർ ചുമക്കണമെന്നും വിശേ ഷകലശങ്ങൾ നടക്കുമ്പോൾ ദേവനേയും തച്ചുടയ കൈമളേയും ഒരു നൂലു കൊണ്ട് ബന്ധിക്കണമെന്നും ഒരു ചടങ്ങ് നിലനി ന്നിരുന്നു. ചട്ടമ്പിസ്വാമികളുടെ യാത്ര ക്കിടയിൽ പലപ്പോഴും തച്ചുടയകൈമളുടെ ഭവനം ഒരു ആസ്ഥാനമായിരുന്നു. അവസാന ത്തെതിന്റെ മുമ്പത്തെ തച്ചുടയകൈമളാ ണ് കോടനാട് വനപ്രദേശത്ത് ഒരാശ്രമം പ ണിയാനായി 96 ഏക്കർ സ്ഥലം നൽകിയത് സ്വാമി യാത്രക്കിടയിൽ ഇടക്ക് അവിടെ പോ യി താമസിക്കാറുണ്ടായിരുന്നു.ചട്ടമ്പിസ്വാ മികളുടെ നിർദ്ദേശപ്രകാരമാണ് അദ്ദേഹം നീ ലകണ്ഠ തീർത്ഥപാദരുടെ ശിഷ്യത്വം സ്വീ കരിച്ചത്. 1921 ൽ ചട്ടമ്പിസ്വാമികളുടെ വേദാ ധികാരനിരൂപണം പുത്തേഴത്ത് രാമൻ മേനോ ന്റെ ഇംഗ്ലീഷ് അവതാരികയും ചേർത്ത് പ്ര സിദ്ധീകരിച്ചത് തച്ചുടയ കൈമളുടെ നേതൃത്വ ത്തിലാണ്. ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി സദ്ഗുരു എന്ന ഒരു ആദ്ധ്യാത്മിക മാസിക യും പ്രസിദ്ധീകരിച്ചിരുന്നു.

ചട്ടമ്പിസ്വാമികളും നീലകണ്ഠ തീർത്ഥ പാദരുമായുള്ള ബന്ധം ജാതിക്കതീതമായി ചിന്തിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. തന്റെ വീട്ടിൽ ഈഴവ പറയ പുലയ ജാതിക്കാരെ അദ്ദേഹം പ്രവേശിപ്പിച്ചു. ചട്ടമ്പിസ്വാമികൾ ശ്രീനാരായണഗുരുദേവൻ പറവൂർ ശ്രീധരൻ തന്ത്രി തുടങ്ങിയവരൊക്കെ അക്കാലത്ത് കൂടൽമാണിക്കം ക്ഷേത്രത്തിൽ പ്രവേശിച്ചു. സ്വാതന്ത്ര്യസമരാനുഭാവിയായിരുന്ന അദ്ദേഹം ഗാന്ധിജിയുടെ അനുഭാവിയായിരുന്നു. വൈ ക്കം സത്യാഗ്രഹത്തെ അദ്ദേഹം പിന്തുണച്ചു. കൊച്ചി രാജാവും തന്ത്രിമാരും അദ്ദേഹത്തെ എതിർത്തു.

തന്റെ പുരോഗമനപരമായ നിലപാടുക ളിൽ ഉറച്ച് നിൽക്കാൻ അദ്ദേഹത്തിന് കഴി ഞ്ഞത് ചട്ടമ്പിസ്വാമികളുടെ സ്വാധീനം കൊ ണ്ടായിരുന്നു. ചട്ടമ്പിസ്വാമികളുടെ പ്രമുഖ കൃതികളെല്ലാം തന്നെ സദ്ഗുരു മാസികയി ലായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്.

അക്കാലത്ത് കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക മേഖലകളിലെ ഒരു നിറ സാന്നിദ്ധ്യമായിരുന്നു കുമ്പളത്ത് ശങ്കുപ്പിള്ള. അദ്ദേഹം അനീതിക്കും അഴിമതിക്കുമെതിരെ ശക്തമായ നിലപാടുകൾ എടുത്തിരുന്നു. ശാ രീരികമായ കാര്യക്ഷമത നിലനിർത്തുന്നതിൽ താൽപര്യം ഉള്ള വ്യക്തിയായതിനാൽ വ്യാ യാമവും ഗുസ്തിയും സ്വാമിക്ക് താൽപര്യം ഉള്ള വിഷയങ്ങളായിരുന്നു. 1921 ൽ കൊല്ലം പേഷ്കാർ അമ്പലപ്പുഴ കൃഷ്ണപിള്ളയുടെ വീട്ടിൽ വച്ചാണ് കുമ്പളത്ത് ശങ്കുപ്പിള്ള സ്വാ മിയെ കാണുന്നത്. ചട്ടമ്പിസ്വാമികൾക്ക് ഗുസ്തിയിലുള്ള അഗാധമായ അറിവാണ് ശ്രീശങ്കുപ്പിള്ളയെ സ്വാമിയിലേക്ക് ആകർ ഷിച്ചത്. ഗുസ്തിയുമായി ബന്ധപ്പെട്ട ധാരാ ളം പുതിയ അറിവുകൾ സ്വാമിജിയിൽ നി ന്ന് ശങ്കുപ്പിള്ളക്ക് ലഭിച്ചു. ഗുസ്തിയിലെ പ ല വ്യത്യസ്ഥ സമ്പ്രദായങ്ങളും എതിരാളിയെ പൂട്ടാനും നിശ്ശേഷ്ടനാക്കാനുമുള്ള വിദ്യകൾ സ്വാമി പഠിപ്പിച്ചു. പ്രഥമ ദർശനത്തിൽത്തന്നെ രണ്ടു പേരും വളരെയധികം ഇഷ്ടപ്പെട്ടു. ഈ കൂടിക്കാഴ്ച രണ്ടു പേരുടെയും ജീവിതത്തിൽ നിർണ്ണായകമായ ഒന്നായി മാറി.

*(തുടരും)*

ഓം നമ ഃ ശിവായ

# എറണാകുളം ശിവക്ഷേത്ര ഉത്സവം 2024



**16.01.2024 ചൊവ്വാഴ്ച (1199 മകരം 02) മുതൽ**
**23.01.2024 ചൊവ്വാഴ്ച (1199 മകരം 09) വരെ**

**ഒന്നാം ദിവസം 16.01.2024 ചൊവ്വാഴ്ച (1199 മകരം 02)**
വൈകുന്നേരം 7.00 ന് : **കൊടിയേറ്റം**
രാത്രി 8.00 ന് : മിഴാവ് തായമ്പക
അവതരണം : പ്രൊഫ. ശ്രീ. കലാമണ്ഡലം ഈശ്വരനുണ്ണി
**ഭക്തിസംഗീത നിശ**
അവതരരണം - ശ്രീ കണ്ണൻ ജി നാഥ്
വൈകുന്നേരം 9.00 ന് : മേജർസെറ്റ് കഥകളി
കഥ : കീചകവധം, ദക്ഷയാഗം

**രണ്ടാം ദിവസം 17.01.2024 ബുധനാഴ്ച (1199 മകരം 03)**
രാവിലെ : ശിവേലി
വൈകുന്നേരം : കാഴ്ചശീവേലി , മേളം.
വൈകുന്നരം 7.30 മുതൽ കർണ്ണാടക സംഗീത കച്ചേരി
അവതരണം : പ്രശസ്ത സംഗീതജ്ഞൻ ശ്രീ. ശങ്കരൻ നമ്പൂതിരി

**മൂന്നാം ദിവസം 18.01.2024 വ്യാഴാഴ്ച (1199 മകരം 04)**
രാവിലെ : ശീവേലി
വൈകുന്നേരം 7.30 മുതൽ : തായമ്പക
പ്രമാണം : ശ്രീ കാവിൽ ഉണ്ണികൃഷ്ണവാര്യരും സംഘവും
വൈകിട്ട് 7.30 മുതൽ കർണ്ണാടക സംഗീത കച്ചേരി
അവതരണം - പ്രശസ്ത സംഗീതജ്ഞൻ ശ്രീ. മിഥുൻ ജയരാജ്

**നാലാം ദിവസം 19.01.2024 വെള്ളിയാഴ്ച (1199 മകരം 05)**
രാവിലെ : ശീവേലി
വൈകുന്നേരം 8.00ന് : ഡബിൾ തായമ്പക
പ്രമാണം : ശ്രീപെരുവനം യെദു മാരാർ ആന്റ് പെരുവനം കാർത്തിക് മാരാർ
വൈകുന്നേരം 7.30 മുതൽ : അമൃതോത്സവം
പ്രഭാഷണം, ഭക്തിഗാനാമൃതം സംപൂജ്യ ശ്രീമദ് പൂർണ്ണാമൃതാനന്ദ സ്വാമിജി
ജ്ഞാനപ്പാന - (സംഗീത നൃത്ത നാടകം)
അവതരണം : അമൃത കലാകേന്ദ്രം, എറണാകുളം

**അഞ്ചാം ദിവസം 20.01.2024 ശനിയാഴ്ച (1199 മകരം 06)**
രാവിലെ : ശീവേലി
രാവിലെ 10.30 മുതൽ ഉത്സവക്കൂത്ത്
അവതരണം - ശ്രീ മാർഗി മധു
രാവിലെ 11.00 മുതൽ ചാക്യാർകൂത്ത്
അവതരണം - ചാക്യാർകൂത്ത് കുലപതി
ഡോ. എടനാട് രാജൻ നമ്പ്യാർ
വൈകുന്നേരം 5ന്: ശീവേലിമേളം
പ്രമാണം പത്മശ്രീ. പെരുവനം കുട്ടൻ മാരാർ ആന്റ് പാർട്ടി
വൈകിട്ട് 7 മുതൽ കൂടിയാട്ടം
വൈകിട്ട് 7.30 മുതൽ പുല്ലാങ്കുഴൽകച്ചേരി
അവതരണം പുല്ലാങ്കുഴൽ കലാകാരൻ ശ്രീ. ജെ. എ. ജയന്ത് ആന്റ് പാർട്ടി, ചെന്നൈ
വൈകിട്ട് 7 മുതൽ നാടൻ പാട്ടും നാടൻ കലകളും
രാത്രി 8.00 ന് സംഗീത സദസ്സ്
അവതരണം പ്രശസ്ത സംഗീതജ്ഞൻ ശ്രീ കാവാലം ശ്രീകുമാർ ആന്റ് പാർട്ടി

**ആറാം ദിവസം 21.01.2024 ഞായറാഴ്ച (1199 മകരം 07)**
**ചെറിയ വിളക്ക്**
10.00 മുതൽ : ഉത്സവബലി ദർശനം
വൈകിട്ട് 4.30ന് ഭഗവാന്റെ പറപ്പുറപ്പാട്
രാത്രി 11.30ന് ചെറിയ വിളക്ക്
മേളം പ്രമാണം-ശ്രീ ആർ.എൽ.വി. മഹേഷ്കുമാർ ആന്റ് പാർട്ടി
വൈകുന്നേരം 5.30 ന് ഡബിൾ തായമ്പക
അവതരണം : ശ്രീ മട്ടന്നൂർ ഉദയൻ നമ്പൂതിരി ആന്റ് ശ്രീ കല്ലൂർ ഉണ്ണികൃഷ്ണൻ
വൈകിട്ട് 7.30 മുതൽ കർണ്ണാടക സംഗീത കച്ചേരി
അവതരണം ശ്രീ കുന്നക്കുടി എം. ബാലമുരളി
വൈകുന്നേരം 8 മുതൽ സംഗീതനിശ
അവതരണം-അപർണ്ണ രാജീവ് ആന്റ് പാർട്ടി

**ഏഴാം ദിവസം 22.01.2022 തിങ്കളാഴ്ച (1199 മകരം 08)**
പകൽപൂരം**വലിയ വിളക്ക്**
വൈകുന്നേരം 3.00 ന് : **പകൽപ്പൂരം, മേജർസെറ്റ് പഞ്ചവാദ്യം**
സ്പെഷ്യൽ നാദസ്വരം, വർണ്ണാഭമായ കുടമാറ്റം
**ഗംഭീര പാണ്ടിമേളം** :
പ്രമാണം - പത്മശ്രീ പെരുവനം കുട്ടൻ മാരാർ
8.30 ന് : **കരിമരുന്നു പ്രയോഗം**
വൈകിട്ട് 7.00 മുതൽ ഭക്തിഗാന തരംഗിണി
അവതരണം - ശ്രീ. ടി.എസ്. രാധാകൃഷ്ണൻ ആന്റ് പാർട്ടി
രാത്രി 1.00 മുതൽ : **വലിയ വിളക്ക്, പള്ളിവേട്ട**

**എട്ടാം ദിവസം 23.01.2024 ചൊവ്വാഴ്ച (1199 മകരം 09)**
**ആറാട്ട്**
വൈകുന്നേരം 7.30 ന് : കൊടിയിറക്കൽ
**ആറാട്ട് പുറപ്പാട്**
രാത്രി 9.00 ന് : ആറാട്ടെഴുന്നള്ളിപ്പ് തുടർന്ന്
മേജർസെറ്റ് പഞ്ചവാദ്യം തുടർന്ന് സ്പെഷ്യൽ നാദസ്വരം , **വെടിക്കെട്ട്** , കൊടിക്കൽ പറ, 25 കലശം

**എറണാകുളം ശ്രീമഹാദേവക്ഷേത്രോത്സവത്തിന് ഭക്തജനങ്ങൾ എല്ലാവിധ സഹായസഹകരണങ്ങളും ഉദാരമായ സംഭാവനകളും നൽകി തിരുവുത്സവം ഗംഭീരവിജയമാക്കുക- എറണാകുളത്തപ്പന്റെ അനുഗ്രഹത്തിന് പാത്രീഭൂതരാകുക.**

# വളഞ്ഞമ്പലം ദേവി ക്ഷേത്ര ഉത്സവം 2024

**2024 ജനുവരി 24 മുതൽ 31 വരെ**



**ഒന്നാം ദിവസം 2024 ജനുവരി 24, ബുധനാഴ്ച**
വൈകുന്നേരം 7.30ന് : **തൃക്കൊടിയേറ്റ്**
8.30ന് ശ്രീ. ഉദയനാപുരം സി.എസ്. ഉദയകുമാർ നയിക്കുന്ന **നാഗസ്വര വയലിൻ ഫ്യൂഷൻ**

**രണ്ടാം ദിവസം 2024 ജനുവരി 25, വ്യാഴാഴ്ച**
10.30ന് : ഗാനമേള (കരോക്കെ)
മെഗാ വോയ്സ്, പനമ്പിള്ളിനഗർ
ഭക്തിഗാനമേള (കരോക്കെ)
അവതരണം - കൊച്ചിൻ തണ്ടർ ബേണ്ടർഡ്സ്
8.30ന് ടി.ഡി.എം. ഓർക്കസ്ട്ര അവതരിപ്പിക്കുന്ന **ശ്രുതി ഗീതങ്ങൾ**

**മൂന്നാം ദിവസം 2024 ജനുവരി 26, വെള്ളിയാഴ്ച**
രാവിലെ 10.30ന് സംഗീതകച്ചേരി
അവതരണം - ശ്രീ പ്രണവ് കൃഷ്ണൻ
12.30ന് ശീതങ്കൽതുള്ളൽ
അവതരണം കലാമണ്ഡലം പാർവതി വർമ്മ
വൈകുന്നേരം 6.30ന് ലയതരംഗ്
8.30ന് തെയ്യം ശ്രീ രാജൻ എം.കെ.

**നാലാം ദിവസം 2024 ജനുവരി 27, ശനിയാഴ്ച**
വൈകുന്നേരം 6.00ന് കൊച്ചിൻ രാഗാദ്രി അവതരിപ്പിക്കുന്ന ജൽതരംഗ്
വൈകുന്നേരം 8.00ന് : **ഭക്തിഗാനാമൃതം**

**അഞ്ചാം ദിവസം 2022 ജനുവരി 28, ഞായറാഴ്ച**
ഉച്ചയ്ക്ക് ഓട്ടൻതുള്ളൽ
അവതരണം - ശ്രീ മരുത്തോർവട്ടം കണ്ണൻ
വൈകുന്നേരം 6.30ന് : **സോപാനസംഗീതം**
അവതരണം
ശ്രീ അമ്പലപ്പുഴ വിജയകുമാർ

**ആറാം ദിവസം 2024 ജനുവരി 29, തിങ്കളാഴ്ച**
ഉത്സവബലി ദർശനം
വൈകുന്നേരം 7.00ന് തായമ്പക
ശ്രീ ചിറയ്ക്കൽ നിധീഷ്
10.30ന് ചെറിയവിളക്ക്

**ഏഴാം ദിവസം 2024 ജനുവരി 30, ചൊവ്വാഴ്ച**
വൈകുന്നേരം 4.30 ന് : പകൽപ്പൂരം
മേജർസെറ്റ് പഞ്ചവാദ്യം
വൈകുന്നേരം 6.00ന് കൂടിയാട്ടം
9.15ന് നാടൻപാട്ടും ദൃശ്യാവിഷ്ക്കാരവും
അവതരണം നിള നാട്ടരങ്ങ്, വല്ലാർപാടം
11.30ന് വലിയവിളക്ക്

**എട്ടാം ദിവസം 2024 ജനുവരി 31, ബുധനാഴ്ച**
ആറാട്ട്
രാവിലെ 6.00ന് കൂട്ടവെടി
വൈകുന്നേരം 7.30ന് ശേഷം കൊടിയിറക്കം
8.00ന് കളരിപ്പയറ്റ്
അവതരണം. ഇ.എൻ.എസ്. കളരി, നെട്ടൂർ
9.00ന് ഗാനമേള
അവതരണം കൊച്ചിൻ ക്ലാസ്സിക് ഓർക്കസ്ട്ര

## വളഞ്ഞമ്പലം ദേവിക്ഷേത്ര താലപ്പൊലിമഹോത്സവം

**2024 ഫെബ്രുവരി 15, വ്യാഴാഴ്ച**

ദേവീമാഹാത്മ്യ പാരായണം, ഭക്തിഗാനാലയം, പ്രസാദഊട്ട്,
നൃത്ത നൃത്ത്യങ്ങൾ, താലപ്പൊലി എഴുന്നെള്ളിപ്പ്,
കളമെഴുത്തും പാട്ടും, വലിയ ഗുരുതി

# സ്മാർട്ട് മീറ്റർ

യു.എസ്. രവീന്ദ്രൻ – 9496120978

**വൈ**ദ്യുതോർജ്ജം ഇന്ന് വായു വെള്ളം എന്ന പോലെയുള്ള അവശ്യവസ്തുവായി തീർന്നിരിക്കുന്നു. നമ്മൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് അറിയുന്നത് വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള വാട്ടർ മീറ്ററിൽ നിന്നാണ്. അതു പോലെ നമ്മൾ ഉപയോഗിക്കുന്ന വൈദ്യുതോർജ്ജത്തിന്റെ അളവ് അറിയുന്നത് കെ.എസ്.ഇ.ബി സ്ഥാപിച്ചിട്ടുള്ള എനർജി മീറ്ററിൽ നിന്നാണ്. വീടുകളിലെ ഇലക്ട്രിക് വയറിങ്ങ് സംവിധാനവും വൈദ്യുതി ബോർഡിൻ നിന്നുള്ള കണക്ഷനും ബന്ധിക്കുന്നത് എനർജി മീറ്ററിലൂടെയാണ്. പണ്ടൊക്കെ രണ്ടു കാന്തികധ്രുവങ്ങൾക്കിടയിലൂടെ കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ലോഹ ഡിസ്ക്കും വാച്ചിന്റെ ഡയൽ പോലെയുള്ള മൂന്നോ നാലോ സൂചികളോടും കൂടിയ ഒരു ലോഹചെപ്പുപോലെയായിരുന്നു വൈദ്യുത മീറ്റർ. പിന്നെ എലക്ട്രോണിക് സാങ്കേതിക വിദ്യ പുരോഗമിച്ചതോടെ ഡിജിറ്റൽ ഡിസ്പ്ലേയുള്ള ഒരു ചെറിയ ചെപ്പായി വൈദ്യുത മീറ്റർ രൂപാന്തരപ്പെട്ടു. രണ്ടുമാസത്തിലൊരിക്കൽ ലൈൻമാൻ വന്ന് റീഡിങ്ങ് എടുത്ത് ബിൽ തരുമ്പോൾ വൈദ്യുത ഓഫീസിൽ വൈദ്യുതി ചാർജ് അടയ്ക്കുവാനുള്ള സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. മൊബൈൽ ഫോണിൽ നേരിട്ട് ബിൽ വരുന്ന സംപ്രദായവും മൊബൈൽ ഫോൺവഴി തന്നെ ബാങ്ക് അക്കൗണ്ടിൽ നിന്നും വൈദ്യുതിചാർജ് അടയ്ക്കാവുന്ന സമ്പ്രദായവും നിലവിൽ വന്നിട്ടുണ്ട്. പക്ഷേ വീട്ടിൽ വൈദ്യുതിയില്ലെങ്കിൽ ഫോൺ വഴിയോ നേരിട്ടോ വൈദ്യുതി ബോർഡ് ഓഫീസിൽ അറിയിച്ചാൽ മാത്രമേ പരിഹാരം ലഭിക്കുകയുള്ളൂ. സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞാൽ ഓരോ വീടുകളിലേയും വൈദ്യുതിപ്രശ്നങ്ങൾ തത്സമയം വൈദ്യുതി ബോർഡ് ഓഫീസിൽ അറിയാം. ഫോൺ ചെയ്യാതെ തന്നെ പരിഹാരവും വന്നുകൊള്ളും.

സാധാരണ വൈദ്യുത മീറ്ററിന് ഒരു വീടോ സ്ഥാപനമോ ഉപയോഗിക്കുന്ന വൈദ്യുതി അളക്കുന്ന ജോലി മാത്രമേയുള്ളൂ. അതിനനുസരിച്ചുള്ള ബിൽ തയ്യാറാക്കൽ, വൈദ്യുതി ചാർജ്ജ് സ്വീകരിക്കൽ, പണമടക്കാത്തവരുടെ വൈദ്യുതി വിച്ഛേദിക്കൽ പണമടച്ചശേഷം പുനസ്ഥാപിക്കൽ തുടങ്ങിയ ജോലികൾക്കെല്ലാം മാനുഷിക ഇടപെടൽ ആവശ്യമാണ്. സ്മാർട്ട് മീറ്റർ മേൽപറഞ്ഞ ജോലിയെല്ലാം ഏറ്റെടുത്തോളും. അതു കൂടാതെ മീറ്ററിൽ നിന്നും സെർവ്വറിലേയ്ക്ക് നിർദ്ദേശങ്ങൾ കൊടുത്ത് ഒരു ഉപഭോക്താവിന്റെ വൈദ്യുത വോൾട്ടേജ് കറന്റ് തുടങ്ങിയവ അറിയുവാനും ആവശ്യകതയ്ക്കനുസരിച്ച് നിയന്ത്രിക്കുവാനും മീറ്ററിൽ നിന്നുള്ള വിവരങ്ങൾ ശേഖരിക്കുവാനും സാധിക്കും. മൊബൈൽ ഫോൺ റീചാർജ് ചെയ്യുന്നതുപോലെ മീറ്ററിലേക്ക് പൈസ ചാർജ് ചെയ്ത് വൈദ്യുതി ഉപയോഗിക്കുവാൻ സാധിക്കും. ചുരുക്കി പറഞ്ഞാൽ ഇപ്പോൾ നിലവിലുള്ള മീറ്ററിൽ നിന്നും വളരെയൊറെ സാങ്കേതികമായ മികവുകൾ ഉള്ള വൈദ്യുതി മീറ്ററാണ് സ്മാർട്ട് മീറ്റർ. പുതിയ മീറ്റിലുള്ള വിവിധ സം

വിധാനങ്ങൾ വൈദ്യുതി മേഖലയെ ഫലപ്രദമായും മികവുറ്റതായും പ്രവർത്തിപ്പിക്കാൻ ഉതകുന്നതാണ്. സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ Advanced metering infrastructure (AMI) എന്ന സംവിധാനംകൂടി അനുബന്ധമായി കൂട്ടിയണക്കേണ്ടതാണ്. ഇതിൽ ആശയവിനിമയശൃംഖലയും സേർവർ പ്രോഗ്രാമുകളും കൂടി ഉൾപ്പെടും. മീറ്ററിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ഇലക്ട്രിസിറ്റി ബോർഡിന്റെ ശൃംഖലയുമായി ബന്ധപ്പെടുത്തി ഡാറ്റാസെന്ററുകളിൽ നിന്നു വിവിധ സിഗ്നലുകൾ അയയ്ക്കുന്നതിനും സ്വീകരിക്കുന്നതിനും മീറ്ററിനെ നിയന്ത്രിക്കുന്നതിനും Avanced meting infrastructure ആവശ്യമാണ്. ഈ സംവിധാനം വന്നു കഴിയുമ്പോൾ ഒരു പ്രത്യേകസമയത്ത് എത്ര വൈദ്യുതി ഉൽപ്പാദിപ്പിച്ചു എന്നും കേരളത്തിലുള്ള ഒന്നരക്കോടി ഉപഭോക്താക്കൾ എത്ര വൈദ്യുതി ഉപയോഗിച്ചു എന്നും പ്രസരണമേഖലയിൽ എത്ര ഊർജ്ജം നഷ്ടപ്പെടുന്നുണ്ടെന്നും വിതരണമേഖലയിൽ എത്ര ഊർജ്ജം നഷ്ടപ്പെടുന്നുവെന്നും കൃത്യമായി മനസ്സിലാക്കാം. ഊർജ്ജനഷ്ടം കുറയ്ക്കാനുള്ള സംവിധാനം കൃത്യതയോടെ നടപ്പിലാക്കാം. ഒരു ഉപഭോക്താവ് വൈദ്യുതി ഉപയോഗിച്ചതിനുശേഷം രണ്ടുമാസത്തിൽ ഒരിക്കൽ റീഡിങ്ങ് എടുത്ത് ബിൽ അടയ്ക്കാൻ 15 ദിവസം അനുവദിക്കുമ്പോൾ വൈദ്യുതി എന്ന ഉൽപന്നം ഉപയോഗിച്ച് 75 ദിവസങ്ങൾക്കുശേഷമേ അതിന്റെ വില ഉൽപ്പാദകനു കിട്ടുന്നുള്ളൂ. സ്മാർട്ട് മീറ്റർ വരുമ്പോൾ മൊബൈൽ ഫോൺ ചാർജ്ജ് ചെയ്യുന്ന പോലെ ഉപഭോക്താവിന് ഇഷ്ടമുള്ള തുകയ്ക്ക് റിച്ചാർജ്ജ് ചെയ്ത് വൈദ്യുതി ഉപയോഗിക്കാവുന്നതാണ്. ഇലക്ട്രിസിറ്റി ബോർഡിന് ഉപഭോക്താവിനു വേണ്ടി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില അഡ്വാൻസായി ലഭിക്കുകയും ചെയ്യും.

കേരളത്തിൽ ഏകദേശം ഒരു കോടി മുപ്പത്തിഏഴ് ലക്ഷം വൈദ്യുതി ഉപഭോക്താണുള്ളത്. എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ ഏകദേശം 8200 കോടി രൂപയോളം ചിലവുവരും. ഇതിന്റെ 60 ശതമാനം കേന്ദ്രഗ്രാന്റായി ലഭിക്കുന്നതാണ്. ഈ പദ്ധതി രണ്ടുഘട്ടമായി നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തിരുന്നത്. ആദ്യഘട്ടത്തിൽ 37 ലക്ഷം ഉപഭോക്താക്കൾക്കും രണ്ടാം ഘട്ടത്തിൽ ഒരു കോടി ഉപഭോക്താക്കൾക്കും 2023 ഡിസംബർ 31 നു മുൻപ് ആദ്യഘട്ടം നടപ്പാക്കിയാൽ 163 കോടി രൂപ അധികഗ്രാന്റ് ലഭിക്കും.

സ്മാർട്ട് മീറ്റർ പദ്ധതികൊണ്ട് ഉപഭോക്താക്കൾക്കുള്ള ഗുണങ്ങൾ എന്തെല്ലാമാണ്

1. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതുമൂലം പ്രസരണവിതരണനഷ്ടം കുറയ്ക്കുവാനും പുറമേ നിന്നു വാങ്ങുന്ന വൈദ്യുതിയുടെ അളവ് പുനക്രമീകരിയ്ക്കുവാനും വിതരണ ശൃംഖലയുടെ ജോലികൾ കൃത്യമായി നടപ്പാക്കുന്നതു വഴി ഇലക്ട്രിക്സിറ്റി ബോർഡിനുണ്ടാകുന്ന നേട്ടത്തിന്റെ വിഹിതം ഉപഭോക്താവിനും ലഭിക്കുന്നതാണ്.

2. സ്മാർട്ട്മീറ്റർസ്മാർട്ട് പദ്ധതി വഴി ഓരോ ഉപഭോക്താവിനും ഇലക്ട്രിസിറ്റിബോർഡ് സനൽകുന്നസേവനങ്ങൾക്ക് സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനും പൊതു ജനങ്ങൾക്കിടയിൽ ബില്ലിംങ്ങ് സംബന്ധമായി ഇപ്പോൾ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ മാറുന്നതിനും സ്ഥാപനത്തിന്റെ വിശ്വാസ്യത വർദ്ധിക്കുന്നതിനും കാരണമാകുന്നു.

3. ഉപഭോക്താക്കൾക്ക് മൊബൈൽ ഫോൺ വഴി അവരവരുടെ വൈദ്യുതി ഉപഭോഗം സ്വയം മനസ്സിലാക്കുന്നതിനും അതു വഴി ഉപഭോഗം ക്രമീകരിക്കുന്നതിനും വൈ

ദ്യുതി ചാർജ്ജ് കുറയ്ക്കാനുള്ള അവസരവും ലഭിക്കുന്നു.

4. നിലവിൽ രണ്ടുമാസത്തിലൊരിക്കൽ ബില്ലു ചെയ്യുന്ന സമ്പ്രദായം മാറ്റി മാസത്തിലൊരിയ്ക്കൽ ബിൽ ചെയ്യണമെന്ന ഉപഭോക്താക്കളുടെ ആവശ്യം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതു മൂലം സാദ്ധ്യമാകുന്നു. വീടിന്റെ ഗേറ്റ് പൂട്ടി കിടക്കുമ്പോൾ റീഡിങ്ങ് എടുക്കാനും ബിൽ തയ്യാറാക്കാനും ഉള്ള ബുദ്ധിമുട്ടുകളും അതിനോടനുബന്ധിച്ചുള്ള തർക്കങ്ങളും ഒഴിവാക്കുന്നു.

5. ഉപഭോക്താവിനുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ തത്സമയം സ്മാർട്ട്മീറ്റർ വഴി ഇല്ക്ട്രിസിറ്റി ഓഫീസിൽ അറിയുന്നതുകൊണ്ട് വൈദ്യുതി പുസ്ഥാപിക്കാനുള്ള നടപടികൾ ഉടൻ സ്വീകരിക്കാൻ സാധിക്കും.

6. വൈദ്യുതി കുടിശ്ശിക കാരണം ഉപഭോക്താവിന്റെ കണക്ഷൻ വിച്ഛേദിക്കപ്പെട്ടാൽ ആ നിമിഷം തന്നെ റി ചാർജ്ജ് ചെയ്ത് വൈദ്യുതി പുനസ്ഥാപിക്കാം.

7 കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതികളും ധനസഹായവും സബ്സിഡിയും മറ്റു ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന് സ്മാർട്ട്മീറ്റർ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതു വഴി റവന്യൂ എത്രയും പെട്ടെന്ന് ലഭിക്കുന്നതിനും വിവിധ ചിലവുകൾ കുറയ്ക്കുന്നതിനും കിട്ടാക്കടം ഒഴിവാക്കുന്നതിനും സാധിയ്ക്കും. ഇത്തരത്തിൽ ലാഭിക്കുന്ന ചിലവുകളുടെ ആനുകൂല്യം ഉപഭോക്താവിന് താരിഫ് ഇനത്തിൽ ലഭ്യമാക്കാൻ സാധിക്കും.

8. Peak സമയത്ത് ഉയർന്ന വിലകൊടുത്തു വാങ്ങുന്ന വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കാൻ സാധിയ്ക്കും. Time of day tariff (ഉപഭോഗസമയം അനുസരിച്ച് ചാർജ്ജ് നിശ്ചയിക്കുന്ന രീതി) നടപ്പാക്കണമെങ്കിൽ സ്മാർട്ട് മീറ്റർ സംവിധാനത്തിലൂടെ മാത്രമേ സാധിക്കൂ.

സൂര്യപ്രകാശത്തിന്റെ ലഭ്യതയക്കനുസരിച്ചാണ് സോളാർ പദ്ധതികളിൽ നിന്നും വൈദ്യുതി കിട്ടുക. കാറ്റിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് windmill generations പ്രവർത്തിക്കുക. ഇവയിൽ നിന്നുള്ള വൈദ്യുതി മൊത്തം പവർസിസ്റ്റവുമായി ഇണക്കുമ്പോൾ മൊത്തത്തിൽ ഒരനിശ്ചിതത്വം നിലനിൽക്കുന്നുണ്ട്. കൃത്യമായി ഒരു സമയത്ത് ലഭിയ്ക്കുന്ന വൈദ്യുതോർജ്ജത്തിന്റെ അളവ് കണക്ക് കൂട്ടി എടുക്കാൻ അത്ര എളുപ്പമല്ല. എന്നാൽ സ്മാർട്ട് മീറ്ററുകൾ പവർസിസ്റ്റത്തിലുള്ള വ്യതിയാനങ്ങൾ ഓരോ മിനിറ്റിലും വിലയിരുത്തി അതിനനുസൃതമായി ജലവൈദ്യുത താപവൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ആവശ്യത്തിനനുസരിച്ച് കൂട്ടാനും കുറയ്ക്കാനും അതാതു മിനുട്ടിൽ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കും.

ട്രാകറ്ററും കമ്പ്യൂട്ടറും വന്നാൽ ജനങ്ങളുടെ തൊഴിലവസരങ്ങൾ കുറയും എന്ന ധാരണയിൽ നേരത്തേ ഇവയോട് ഒരു വിമുഖത ഉണ്ടായിരുന്നു. അതുപൊലെ smart meter വന്നാൽ തൊഴിലവസരങ്ങൾ കുറയും എന്ന ധാരണയുണ്ട് അതു തെറ്റാണ്. മീറ്റർ റീഡിങ്ങ്, ബിൽ തയ്യാറാക്കൽ, ഡിസ്കണക്ഷൻ റികണക്ഷൻ എന്നീ മേഖലകളിലെ തൊഴിൽ സാദ്ധ്യത ഇല്ലാതാകുമെങ്കിലും സ്മാർട്ട് മീറ്റർ സ്ഥാപിക്കൽ അതിന്റെ ആശയവിനിമയ ശൃംഖലപരിപാലിക്കൽ, സെർവർ, ഡാറ്റാഡെന്റർ അനുബന്ധ സ്ഫോഹ്ട്‌വേയർ എന്നീ മേഖലകളിൽ തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കുന്നതാണ്.

Total Expenditure മാതൃകയിലാണ് (മൊത്തം ചെലവ്) മാതൃകയിലാണ്. സ്മാർട്ട് മീറ്റർ സിസ്റ്റം സ്ഥാപിക്കുന്നത്. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന കമ്പനി തന്നെ അതിന്റെ പ്രവർത്ത

ന പരിപാലന ചെലവുകൾ വഹിക്കേണ്ടിവരും. ഒരു മീറ്ററിന് നിശ്ചിത തുക ഇലക്ട്രിസിറ്റി ബോർഡ് മീറ്റർ സ്ഥാപിക്കുന്ന കമ്പനിക്ക് നൽകേണ്ടതുണ്ട്. ഇതിന് കേന്ദ്രഗ്രാന്റും ലഭിക്കുന്നതാണ്. TATEX സംവിധാനത്തെപോലെ capex(Capital Expenditure) സംവിധാനവുമുണ്ട്. ഈ സംവിധത്തിൽ സ്മാർട്ട് മീററർ സ്ഥാപിക്കാൻ ചിലവാകുന്ന തുക മുഴുവനും KSEBL വഹിക്കണം. മീറ്റർ സ്ഥാപിക്കുന്ന കമ്പനി മീറ്റർ സ്ഥാപിച്ച ശേഷം സ്ഥലമൊഴിയും പരിപാലനചുമതല KSEBL ന്റെ തായിരിക്കും.

എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റ് സ്ഥാപിക്കുന്ന തിനും (27 മാസത്തെ കാലയളവിൽ) അടുത്ത 93 മാസത്തെയ്ക്കുള്ള അവയുടെ പരിപാലനത്തിനുമാണ് സർവീസ് നൽകുന്ന കമ്പനി പണം നിക്ഷേപിക്കേണ്ടത്. അവർ മുടക്കുന്ന പണം, ഒരു മീറ്ററിന് പ്രതിമാസം നിശ്ചിത തുക എന്ന രീതിയിലാണ് കെഎസ്ഇബി തിരിച്ചു നൽകുന്നത്. അത് നൽകുന്നത് പദ്ധതി പൂർത്തീകരിച്ച് മീറ്ററുകൾ പ്രവർത്തിപ്പിച്ച് തുടങ്ങുമ്പോൾ മാത്രമാണ്. മീറ്ററുകൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കി വൈദ്യുത ഉപഭോക്താക്കൾ പ്രീപെയ്ഡ് mode റിചാർജ്ജ് ചെയ്യുമ്പോൾ KSEBL ന്റെ അക്കൗണ്ടിലേയ്ക്കാണ് പണ വരുന്നത്. കരാർ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചില്ലെങ്കിൽ സർവീസ് പ്രൊവൈഡറിനു പണം നൽകുന്നത് തടയാൻ കെഎസ്ഇബിന് അധികാരമുണ്ട്.

സ്മാർട്ട്മീറ്റർ പദ്ധതി Totex മാതൃകയിൽ നടപ്പാക്കുന്നത് KSEBL ന്റെ സ്വകാര്യവൽക്കരണത്തിന് കാരണമാകും എന്നു പറയുന്നതിൽ ഒരു കഴമ്പും ഇല്ല. കേരളത്തിൽ മാറി മാറിവരുന്ന ഭരണമുന്നണികളുടെ താല്പര്യം കെഎസ്ഇബി നെ പൊതു മേഖലയിൽ നിലനിർത്താൻ തന്നെയാണ്.

രാജ്യം മുഴുവൻ സ്മാർട്ട്മീറ്ററുമായി മുൻപോട്ട് പോകുമ്പോൾ കേരളത്തിന് മാത്രമായി മാറിനിൽക്കാൻ സാധിയ്ക്കുകയില്ല. മറ്റു സംസ്ഥാനങ്ങളിലെല്ലാം കൂടി 67 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞു. 23 കോടിസ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ് രാജ്യം കേരളത്തിൽ 24300 എണ്ണം മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. സിഎസ്എംഎൽ ഉം കൊച്ചി കോർപ്പറേഷനും ചേർന്ന് കൊച്ചി കോർപ്പറേഷൻെറ കീഴിൽ 6 വാർഡുകളിലായി 24300ലൊ ടെൻഷൻ ഉപഭോക്താക്കൾക്കാണ് സ്മാർട്ട് മീറ്റർ സ്ഥാപിച്ചിട്ടുള്ളത്.

ഒരു സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് 6000 രൂപയോളം ചിലവുവരും. നിലവിലുള്ള സംഗിൾ ഫേസ് മീറ്ററിന് 800 രൂപയും ത്രീ ഫേസ്മീറ്ററിന് 2500 രൂപയുമാണ്. ഇതിന് വാടകയിനത്തിൽ 6 രൂപയും 15 രൂപയും എന്ന നിരക്കിലാണ് ഉപഭോക്താവിൽ നിന്നും ഈടാക്കുന്നത്. അങ്ങിനെ 10 വർഷമാകുമ്പോൾ മീറ്ററിന്റെ മൂല്യതകർച്ച് മീറ്റർ വാടക തുകയ്ക്കു തുല്യമാകും. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതു മൂലം കെഎസ്ഇബിൽ കിട്ടുന്ന ലാഭംകൊണ്ട് ഉപഭോക്താവിൽ നിന്നും ഇതേ നിരക്കിൽ തന്നെ വാടക ഈടാക്കി അധിക ചിലവില്ലാതെ സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ സാധിക്കും.

കേന്ദ്രസർക്കാർ മൂന്നുലക്ഷം കോടിരൂപ സ്റ്റേറ്റുകളിൽ സ്മാർട്ട് മീറ്റർ സ്ഥാപിയ്ക്കുവാൻ നീക്കിവച്ചിട്ടുണ്ട്. കേന്ദ്രം നിർദ്ദേശിക്കുന്ന സമയപരിധിയ്ക്കുള്ളിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുകയാണെങ്കിൽ ഗ്രാന്റ് കിട്ടുന്നതാണ്. Totex മാതൃകയിൽ നടപ്പാക്കുകയാണെങ്കിൽ സ്റ്റേറ്റുകൾക്ക് ഒരു Risk ഉം ഇല്ലാതെ പദ്ധതി നടപ്പാക്കാൻ സാധിക്കും. ഇപ്പോൾ പന്ത് സ്റ്റേറ്റുകളുടെ കോർട്ടിലാണ്. അടിയ്ക്കാനുള്ള മനസ്സ് മാത്രമേ വേണ്ടൂ.

****

# ആഗോളതാപനം വീണ്ടും ആശങ്കാജനകം

എൻ. രാജശേഖരൻ – 9895550719

*(തുടർച്ച)*

**1. ഞെട്ടിപ്പിക്കുന്ന കുടിവെള്ള ക്ഷാമം**

ലോകം മുഴുവൻ ഞെട്ടലോടെ തന്നെ അനുഭവിക്കാൻ പോകുന്ന പ്രശ്നമാണ് കുടിവെള്ള ക്ഷാമം. ലോകജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗം ജനങ്ങളും അതികഠിനമായ ജലക്ഷാമത്തിൽപ്പെട്ട് നട്ടം തിരിയുമെന്നാണ് WWF അതിന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. 2025 ഓടെ ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമായി ജലക്ഷാമം മാറുന്നതാണ്.

എന്താണ് ഈ അതികഠിനമായ ജലക്ഷാമത്തിന് കാരണം? ഏറ്റവും പ്രധാന കാരണം ജനസംഖ്യാവർദ്ധനവ് തന്നെ. പിന്നെ നഗരവത്ക്കരണം, കാലാവസ്ഥാ വ്യതിയാനങ്ങൾ, ഹിമാലയം പോലുള്ള മഞ്ഞ് മലകളുടെ അതിശീഘ്രമുള്ള ഉരുകൽ എന്നിവയും പ്രധാനകാരണങ്ങൾ തന്നെ. ബഹറൈൻ, സൈപ്രസ്, കുവൈറ്റ്, ലെബനൽ, ഒമാൻ, എന്നീ രാജ്യങ്ങൾ ഇപ്പോൾ തന്നെ അതിരൂക്ഷമായ ജലക്ഷാമം നേരിടുന്ന രാജ്യങ്ങളാണ്. കൂടാതെ, പശ്ചിമേഷ്യൻ രാജ്യങ്ങൾ, ആഫ്രിക്കയുടെ വടക്കൻ മേഖലകൾ എന്നിവിടങ്ങളും ജലക്ഷാമം നേരിടുന്ന സ്ഥലങ്ങൾ തന്നെ.

ഭൂമിയുടെ 70 ശതമാനത്തിലധികം പ്രദേശങ്ങളും ജലത്താൽ ചുറ്റപ്പെട്ടിരിക്കുകയാണെങ്കിൽ പോലും, ശുദ്ധജലസ്രോതസ്സുകൾ കുറവാണ്. മിക്ക രാജ്യങ്ങളിലെ നദികൾ, കുളങ്ങൾ തടാകങ്ങൾ എന്നിവയെല്ലാം മലീമസമായി കൂമ്പാരങ്ങളായി മാറിയിരിക്കുന്ന അവസ്ഥ ആർക്കാണ് അറിയാത്തത്.

ചില സ്ഥലങ്ങളിലാകട്ടെ മഴയുടെ കുറവും കാരണമാണ്. ഇന്ത്യയിൽ തന്നെ ഈ ഒരു സ്ഥിതി വിശേഷത്തിന് ഉദാഹരണങ്ങളുണ്ട്. ലോകത്തിൽ ഏറ്റവുമധികം മഴ പെയ്യുന്ന സ്ഥലമേത് എന്ന ചോദ്യത്തിന് ചിറാപ്പുഞ്ചി എന്ന് എത്രനാൾ നമ്മിൽ പലരും ഉത്തരമെഴുതിയവരാണ്. ഗിന്നസ് ബുക്കിൽ വരെ ഈ വിവരം രേഖപ്പെടുത്തി വന്നിട്ടുണ്ട്. എന്നാൽ ചിറാപ്പുഞ്ചിക്ക് ഈ സ്ഥാനം നഷ്ടപ്പെട്ടിട്ട് എത്ര നാളുകളായെന്നോ?

ചിറാപ്പുഞ്ചി ഇന്ന് പഴയ സ്ഥലമല്ല. നിബിഢവനങ്ങൾ മുഴുവനായും തന്നെ നശിപ്പിക്കപ്പെട്ടു കഴിഞ്ഞു. ജെ.സി.ബി. ഇടതടവില്ലാതെ ഇപ്പോഴും ശബ്ദിച്ചു കൊണ്ടിരിക്കുന്നു. കുന്നുകളും, ഉയർന്ന പ്രദേശങ്ങളുമെല്ലാം ഇടിച്ചു നിരത്തി, ഇപ്പോൾ ഗ്രാനൈറ്റ് കാടുകളാണ് വെട്ടിയെടുത്ത് കടത്തികൊണ്ടുപോകുന്നത്. സമൃദ്ധമായി ജലമുണ്ടായിരുന്ന സ്ഥലം ഇന്ന് വറ്റിവരണ്ട് ഉണങ്ങി കിടക്കുന്നു. കിണറുകളും, കുളങ്ങളും, തോടുകളുമെല്ലാം വറ്റിവരണ്ട് കിടക്കുന്ന ദയനീയമായ കാഴ്ച. ഒരു ദിവസത്തിൽ വളരെ കുറച്ച് സമയം മാത്രം വരുന്ന വെള്ളത്തിന് വേണ്ടി വാട്ടർടാപ്പിന് മുന്നിൽ നിര നിരയായി നിൽക്കുന്ന സ്ത്രീകളെ കാണാം. അവർ 7, 8 മണിക്കൂർ വരെ വെള്ളത്തിന് വേണ്ടി കാത്ത് നിൽക്കുകയാണ്. ആരാണ് ഇതിന് ഉത്തരവാദികൾ?

വർഷങ്ങൾക്ക് മുമ്പ് വരെ എല്ലാ വർഷവും മൂന്ന് മാസം നിറുത്താതെ മഴ പെയ്തിരുന്ന ചിറാപ്പുഞ്ചിയിലെ വനങ്ങൾ മുഴുവനായും തന്നെ നശിപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഭൂമിക്കടിയിൽ ജലം ശേഖരിക്കപ്പെടുന്നില്ല. കിണറുകളും കുളങ്ങളുമെല്ലാം വറ്റിവരണ്ട് കിടക്കുന്നു. മഴക്കാലത്ത് ആനയോളം വലിപ്പത്തിൽ ജലം താഴേക്ക് പതിച്ച്കൊണ്ടിരുന്ന ചിറാപുഞ്ചിയിലെ എലിഫന്റ് ഫാൾസ് (Elephat Falls)

കാണാൻ നിരവധി ടൂറിസ്റ്റുകൾ വന്നുകൊണ്ടിരുന്നു. ഇപ്പോൾ ആ കാഴ്ചകളെല്ലാം അവസാനിച്ചിരിക്കുന്നു. ഈ മാറ്റം പ്രകൃതിയുടെ കുറ്റംകൊണ്ട് ഉണ്ടായതല്ല. അത്യാഗ്രഹിയായ മനുഷ്യന്റെ സൃഷ്ടി തന്നെയാണ്. എന്നിട്ടൊ ഇപ്പോഴും അവസാനിപ്പിച്ചില്ലല്ലോ.?

ഇത് തന്നെയാണ് കർണ്ണാടക സംസ്ഥാനത്തെ ബല്ലാരിയിലും സംഭവിച്ചത്. എത്രയും ഫലഭൂയിഷ്ഠമായ ഒരു സ്ഥലം ഹംപിയിൽ നിന്നും വെറും 80 കി.മീ യാത്ര ചെയ്താൽ ബല്ലാരിയിലെത്താം. നെല്ലും, നിലക്കടലയും പരുത്തിയും, സൂര്യകാന്തിയും സമൃദ്ധമായി വിളഞ്ഞിരുന്ന സ്ഥലം. തുംഗഭദ്ര, ഹഗാരി, മിക്കനഗരി എന്നീ നദികളുടെ നാട്.

1990ന്റെ അവസാനത്തിലാണ് ഇരുമ്പയിരിനു വേണ്ടിയുള്ള കുഴിക്കൽ തുടങ്ങിയത്. ഖനനം ചെയ്തെടുത്ത ഇരുമ്പയിര് ചൈനയിലെ ബീജിംഗിലേക്ക് കൊണ്ടുപോയി. കയറ്റി അയച്ച കുത്തക മുതലാളിമാർ കോടികൾ ഉണ്ടാക്കി. ആറ് മീറ്റർ താഴ്ചയിൽ മാത്രമേ ഖനനം ചെയ്യാവൂ എന്ന് നിയമം ഉണ്ടായിരുന്നിട്ടും അതെല്ലാം കാറ്റിൽ പറത്തി.

ഒടുവിൽ സുപ്രീകോടതി സ്വമേധയാ ഇടപെട്ട് ഖനനം നിരോധിച്ചു. ഖനനത്തിന് വേണ്ടി കുഴിച്ച് വലിയ ഗർത്തങ്ങളും, ഖനികളിൽ നിന്നും പുറത്തേക്ക് വന്ന മലിന ജലവും മാത്രം കർഷകർക്ക് ലഭിച്ചു. മലിന ജലം കലർന്ന് നദിയിലെ ജലവും മലിനമായി മാറി.

ഒരു പ്രദേശത്തെയാകെ തന്റെ ഒരിക്കലും മതിവരാത്ത ആർത്തികൊണ്ട് നശിപ്പിച്ച് നാശമാക്കിയതിന്റെ കഥ ചോദിച്ചാൽ ആർക്കും വേണമെങ്കിൽ ധൈര്യമായി സത്യസന്ധമായി ചൂണ്ടിക്കാണിക്കാവുന്ന എണ്ണമറ്റ സ്ഥലങ്ങളിൽ രണ്ടെണ്ണം മാത്രമാണ് ഇവിടെ കാണിച്ചത്. 2025 വർഷത്തോടെ ലോകജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗം ജനങ്ങളും അതികഠിനമായ ജലക്ഷാമം നേരിടുമെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

**2) അന്റാർട്ടിക്കയിലെ ഓസോൺ പാളികൾക്കുള്ള വിള്ളൽ**

മഞ്ഞ് പ്രദേശമായ അന്റാർട്ടിക്കയുടെ മുകളിലുള്ള ഓസോൺ പാളികൾക്ക് വൻതോതിലുള്ള വിള്ളൽ രേഖപ്പെടുത്തിയിരിക്കുന്നു. ഓസോൺ പാളിയ്ക്ക് ഉണ്ടായിരുന്ന വിള്ളൽ വർധിച്ച് വർധിച്ച് ഇപ്പോൾ ബ്രസീലിന്റെ മൂന്നിരട്ടി വലുപ്പമുള്ളതായി തീർന്നിരിക്കുന്നു. കുറച്ച് കൂടി വ്യക്തമായി പറഞ്ഞാൽ ഈ വിള്ളലിന് 2.6 കോടി സ്ക്വയർ കിലോമീറ്റർ ആണ് ഇപ്പോഴുള്ളത്. ഈ സെപ്തംബർ മാസത്തിലാണ് ഇത്രയധികം വലിപ്പം വിള്ളലിനുണ്ടായത്.

യൂറോപ്യൻ സ്പേസ് ഏജൻസിയുടെ കോപ്പർനിക്കസ് സെന്റിനൽ 5-P എന്ന ഉപഗ്രഹം പകർത്തിയ ദൃശ്യങ്ങളാണ് ഗവേഷക സംഘത്തെ ഉത്തരമൊരു കണ്ടെത്തലിലേക്ക് എത്തിച്ചത്. ഈ വൻതോതിലുള്ള വിള്ളലിന് കാരണമായത് കഴിഞ്ഞ ജനുവരി 22ന് നടന്ന ഹങ്കാടൂങ്കാ വോൾക്കാനോയിലെ അഗ്നിപർവ്വത സ്പോടനമാകാം എന്നാണ്. ശാസ്ത്രജ്ഞന്മാരുടെ നിഗനമം. അഗ്നിപർവ്വത സ്പോടനം വൻതോതിലുള്ള നീരാവിയെയാണ് അന്തരീക്ഷത്തിലേക്ക് ഉയർത്തിയത്. അന്തരീക്ഷത്തിലേക്ക് ഉയർന്ന് പൊങ്ങുന്ന ഈ നീരാവി പോളർ സ്ട്രോറ്റോസ്ഫെറിക് ക്ലൗഡ്സിനാണ് രൂപം കൊടുക്കുന്നത്. ഇങ്ങനെയുള്ള സ്ട്രാറ്റോസ്ഫെറിക് ക്ലൗഡ്സിന്റെ രൂപീകരണം ഓസോൺ പാളിയിലെ വിള്ളൽ കൂടുതലാക്കുന്നു. ഹങ്കാടുങ്കാ വോൾക്കാനോയിലെ അഗ്നിപർവ്വതസ്പോടനം ഓസോൺ പാളിയിലുണ്ടാക്കിയ വൻതോതിലുള്ള പ്രത്യാഘാതങ്ങൾ ഗവേഷണ സംഘം പഠിച്ച് വരുകയാണ്.

അൾട്രാവയലറ്റ് രശ്മികളിൽ നിന്ന് ഭൂമിയെ രക്ഷിക്കുന്ന ഓസോൺ പാളികൾ സ്ട്രാറ്റോസ്പിയറിലാണ് സ്ഥിതിചെയ്യുന്നത്. ഓസോൺപാളികൾ ഭൂമിയിലെ മുഴുവൻ ജീവജാലങ്ങൾക്കും സംരക്ഷണം നൽകുന്നത് നമുക്ക് അറിയാവുന്നതാണ്.

അന്റാർട്ടിക്കയിൽ ആദ്യമായി ഓസോൺ പാളികൾക്ക് വിള്ളൽ വീഴുന്നത് 1970-80 കാല ഘട്ടത്തിലാണ്. റഫറജന്ററികളിലും, എയർ കണ്ടീഷനറുകളിലും മറ്റുമായി അമിതമായി ഉപയോഗിച്ചിരുന്ന ക്ലോറോഫ്ലൂറോ കാർബ ണുകളുടെ സാന്നിദ്ധ്യമായിരുന്നു ഇതിന് കാരണം. പിന്നീട് 1987 ലെ മോൺട്രിയൽ ഉട മ്പടിയോടെയാണ് ക്ലോറോഫ്ലൂറോ കാർബ ണുകളുടെ ഉപയോഗം റഫറജറേറ്ററുകളിലും മറ്റും കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്.

**3) അന്റാർട്ടിക്കയിലെ അശുഭകരമായ പൂക്കൾ**

മഞ്ഞ് മൂടി കിടക്കുന്ന സ്ഥലമായ അന്റാർട്ടിക്ക പാടേ മാറിക്കൊണ്ടിരിക്കുകയാ ണ്. ആഗോളതാപനം ലോകത്തെ മുഴുവൻ മാറ്റിമറിക്കുന്നതു പോലെ അൻറാർട്ടിക്കയെ യും അനുദിനം മാറ്റിക്കൊണ്ടിരിക്കുകയാണ്. മഞ്ഞ് നിറഞ്ഞ ഈ പ്രദേശത്ത് ഇപ്പോൾ പൂച്ചെടികൾ കൊണ്ട് മൂടപ്പെട്ടിരിക്കുന്നു. ഈ സ്ഥിതി വിശേഷം കുറച്ചൊന്നുമല്ല ഗവേഷ കരെ ആശങ്കാകുലരാക്കിയിരിക്കുന്നത്.

അന്റാർട്ടിക്ക ഹെയർ ഗ്രാസ്സ് (Deschampsia antartica), അൻറാർട്ടിക് പോൾവോൾട്ട് (Colobanthus quitensis), എന്നീ പേരുകളിലുള്ള രണ്ട് ഇനം സസ്യങ്ങളാണ് മഞ്ഞ് മൂടിയ ഈ പ്രദേശത്ത് വളരുന്നത്. ചൂടേറിയയ വസന്തകാ ലം, വേനൽക്കാലം എന്നിവ മൂലമാകാം ഈ രണ്ട് സസ്യങ്ങളുടെയും വളർച്ച, 2009 മുതൽ 2018 വരെയുള്ള സമയത്ത് ഇവയുടെ വളർച്ച് കൂടുതലായിരുന്നു. ഇറ്റലിയിലെ യൂണിവേ ഴ്സിറ്റി ഓഫ് ഇൻസുബ്രിയയിലെ ഗവേഷകർ സിഗ്നി ദ്വീപിൽ നടത്തിയ സർവ്വേയിലാണ് മുകളിൽ പറഞ്ഞ പൂച്ചെടികളുടെ വളർച്ച രേഖ പ്പെടുത്തിയത്.

ഇതിൽ അന്റാർട്ടിക്ക് ഹെയർ ഗ്രാസ്സ് എന്ന പൂച്ചെടിയാകട്ടെ, 50 വർഷത്തിനിടെ നടത്തിയ വളർച്ചയെക്കാൾ വൻതോതിലുള്ള വളർച്ചയാ ണ് 2009 മുതൽ 2018 വരെയുള്ള സമയത്ത് രേഖപ്പെടുത്തിയത്. എന്നാൽ അന്റാർട്ടിക്ക് പോൾവാർട്ടെന്നന സന്യമാകട്ടെ അഞ്ച് ശതമാ നത്തിലധികം വളർച്ചയാണ് രേഖപ്പെടുത്തി യത്. അന്റാർട്ടിക്കയിൽ ഇത്തരം സസ്യങ്ങൾ കൂടുതൽ വ്യാപിക്കാൻ ഇടയുണ്ടെന്നാണ് ഗവേഷകരുടെ അഭിപ്രായം. ഈ അവസ്ഥ തുടരുകയാണെങ്കിൽ പുനർജനിക്കാനാവാത്ത ജൈവവൈവിദ്ധ്യ നാശം സംഭവിക്കുമെന്നും ഗവേഷകർ അഭിപ്രായപ്പെടുന്നു. അതുപോലെ 2012 -ൽ അന്റാർട്ടിക്കയിൽ ഇതുവരെ അനുഭ വിച്ചിട്ടില്ലാത്ത ഉഷ്ണതരംഗമാണ് അനുഭവപ്പെ ട്ടത്.

ഇതുപോലെയുള്ള മറ്റൊരു അനുഭവം തെക്കൻ ജോർജിയയിലെ സബ്ബ് അൻറാർട്ടി ക്കൻ ദ്വീപുകളിൽ കഴിയുന്ന ഫർസീലുകൾ (Antarctic furseals) എന്ന ജീവിക്കുണ്ടായതായി കാണുന്നു.

മേൽപ്പറഞ്ഞ ഫർസീലുകൾ ആഹാരം കി ട്ടാതെ നാമാവശേഷമാകുന്ന അവസ്ഥ സം ജാതമായിരിക്കുന്നു. തെക്കൻ ജോർജിയായി ലെ ബേസ് ദ്വീപിലെ ഫർസീലുകൾ ക്രിൽ പോലുള്ള ചെറുജീവികളെയാണ് ആഹാരമാ ക്കിയിരുന്നത്. ഒരു കാലത്ത് വൻവേട്ടയാടൽ മൂലം ഇവ വംശനാശത്തിന്റെ വക്കിലെത്തിയി രുന്നതാണ്. പിന്നീട് ഫർസീലുകളെ വേട്ടയാ ടുന്നത് നിയമം മൂലം നിരോധിക്കുകയുണ്ടായി. അതോടെ ഇവ എണ്ണത്തിൽ വർദ്ധിച്ച് വന്നതാ ണ്. എന്നാൽ ഇപ്പോഴാട്ടെ, ഭക്ഷ്യദൗർലഭ്യം മൂ ലം ഫർസീലുകൾ നാമാവശേഷമാകുന്ന അവ സ്ഥയിലാണ്. ബ്രിട്ടീഷ് അൻറാർട്ടിക്ക് സർവ്വേ യിലാണ് ഈ സ്ഥിതിഗതികൾ കണ്ടെത്തിയത്.

**4) ആഗോളതാപനം കൊടുംചൂടിൽ ഉരു കുന്ന യൂറോപ്പ്, ഏഷ്യ, അമേരിക്ക.**

ലോകത്തിലെ ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തുന്ന കാലിഫോർണിയായിലെ മരണ താഴ്വര എന്ന പ്രദേശത്ത് സർവ്വകാല റിക്കാർഡുകളെയും തകർത്തുകൊണ്ട് ചൂട് കൂടി കൊണ്ടിരിക്കുന്നു. അതുപോലെ ചൈന യിലെ സാൻബാവോ എന്ന ഗ്രാമത്തിൽ 52.3 ഡിഗ്രി സെൽഷ്യസായി താപനില ഉയർന്നു.

താപക്കാറ്റിന്റെ ആരംഭത്തിൽ തന്നെ ജപ്പാനിൽ ഏറ്റവും ഉയർന്ന താപനിലയാണ് രേഖപ്പെടുത്തിയത്. ജൂലൈയ് 3-ാം വാരം മുതൽ ലോകത്തിലെ എത്രയോ ഭാഗങ്ങളിൽ താപക്കാറ്റ് കൂടുതൽ രൂക്ഷമാകുകയും തൻ ഫലമായി ചൂട് ക്രമാതീതമായി വർദ്ധിച്ച് കൊണ്ടുമിരിക്കുന്നു, പ്രത്യേകിച്ച് എഷ്യയുടെ കിഴക്കൻ ഭാഗങ്ങൾ, അമേരിക്ക, യൂറോപ്പ് എന്നിവടങ്ങളിൽ വൻതോതിലുള്ള താപനില വർദ്ധനവും, കൃഷിനാശവും, കാട്ടുതീയും ഉണ്ടാകുമെന്ന് കാലാവസ്ഥാ വിദഗ്ധർ അഭിപ്രായപ്പെടുന്നു.

താപക്കാറ്റിന്റെ ആരംഭത്തിൽ തന്നെ ജപ്പാനിൽ 40 ഡിഗ്രി സെൽഷ്യസാണ് രേഖപ്പെടുത്തിയത്. ജപ്പാനിലെ ഏറ്റവും കൂടിയ താപനിലയായ 41.1 ഡിഗ്രി (2018-ൽ രേഖപ്പെടുത്തിയത്). ഇപ്രാവശ്യം ഭേദിക്കുമെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. ജപ്പാനിലെ ഫുക്കുഷിമാഘിലും മറ്റ് നാല് സ്ഥലങ്ങളിലും താപനില കുതിച്ചുയരുകയാണ്.

ഇതിനിടെ ഹിമാലയൻ മേഖലകൾ സന്ദർശിച്ച് യുഎൻ. സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞത് ശ്രദ്ധിക്കുക. എവറസ്റ്റിന്റെ ബേസിൽ നിന്ന് കൊണ്ട് ഞാൻ ആ കാഴ്ച നേരിൽ കണ്ടു. ഹിമാലയം നേരിടുന്ന കാലാവസ്ഥാ പ്രതിസന്ധിയുടെ പ്രത്യാഘാതങ്ങൾ...താപനില കൂടുമ്പോൾ മഞ്ഞുരുകുന്നു. ഇത് വൻ ഭീഷണി ഉയർത്തുന്നു. ഒക്ടോബർ 29ന് നാല് ദിവസത്തെ സന്ദർശനത്തിനെത്തിയ യു.എൻ. സെക്രട്ടറി ജനറലിന്റെ ആശങ്കകൾ അക്ഷരം പ്രതി ശരിയാണ്.

കഴിഞ്ഞ ശതാബ്ദത്തെക്കാൾ 65ശതമാനം വേഗത്തിലാണ് ഹിമാലയത്തിൽ മഞ്ഞുരുകുന്നത്. അന്റാർട്ടിക്ക, ഗ്രീൻലാൻഡ് എന്നീ സ്ഥലങ്ങളിലും സമാന സാഹചര്യങ്ങളാണുള്ളത്. ഇപ്രകാരമുള്ള അതിശീഘ്രമുള്ള മഞ്ഞുരുകൽ വൻപ്രളയത്തിലേക്കാണ് ലോകത്തെ നയിക്കുക. ആഗോളതാപനില 1.5 ഡിഗ്രിക്ക് മുകളിലെത്താതെ നോക്കേണ്ടത്. ലോകത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. തടയാനാകാത്ത വിധം ഹിമാനികൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

ഹിമാലയത്തിലെ മഞ്ഞ് പാളികൾ ഉരുകി ഗംഗ, ബ്രഹ്മപുത്ര, സിന്ധു എന്നീ നദികളിലാണ് എത്തിച്ചേരുന്നത്. ഈ മഞ്ഞുരുകൽ ആഗോളസമുദ്രനിരപ്പ് സീമാതീതമായി ഉയരുന്നതിന് ഇടയാക്കുന്നതാണ്. *(തുടരും)*

*****

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# *ദൃക്ക്ദൃശ്യ വിവേകം*(*8*)

സി. നാരായണൻ– 9819456012

**ഈ** ഗ്രന്ഥത്തിന്റെ ഏഴാമത്തെ ശ്ലോകത്തിൽ അഹങ്കാരവും ചിച്ഛായ (ചിദാഭാസൻ)യും തമ്മിൽ ചുട്ടു പഴുത്ത ഒരിരുമ്പുഗോളവും അതിൽ അടങ്ങിയിരിക്കുന്ന അഗ്നിയും തമ്മിലുള്ള ബന്ധമാണെന്നു പറഞ്ഞു. ഇരുമ്പൊരു ദ്രവ്യവും, അഗ്നി ഊർജ്ജവുമായതിനാൽ അവ രണ്ടും തമ്മിൽ യോജിക്കാൻ പാടില്ലാത്തതാണ്. പക്ഷേ അവ തമ്മിൽ ഒരു പ്രത്യേകതരം ബന്ധം സ്ഥാപിക്കപ്പെടാറുണ്ട്. പരസ്പരം കൂടിച്ചേരാതെ തന്നെ ഒന്നിന്റെ ധർമ്മങ്ങൾ മറ്റേതിൽ ആരോപിക്കപ്പെടുന്ന ജാലവിദ്യയാണ് അവിടെ സംഭവിക്കുന്നത്. ആ സമയത്ത് ഇരുമ്പുപിണ്ഡത്തിന്റെ ഗോളാകൃതി അഗ്നിക്കും, അഗ്നിയുടെ ചൂട് പ്രകാശം എന്നീ ധർമ്മങ്ങൾ ഇരുമ്പിനും ലഭിച്ചതു പോലെ തോന്നും. പക്ഷേ അവ തമ്മിൽ വാസ്തവത്തിൽ യോജിക്കൊന്നൊന്നുമില്ല.

കാരണം, ചുട്ടു പഴുപ്പിച്ച ആ ഇരുമ്പിന്റെ മേൽ കൊല്ലൻ ചുറ്റിക കൊണ്ടടിക്കുമ്പോൾ , ആ ആഘാതം അഗ്നിയെ ബാധിക്കുന്നതേയില്ല. മറ്റൊരു ദൃഷ്ടാന്തം പറയുകയാണെങ്കിൽ ചന്ദ്രൻ ഒരു ജലാശയത്തിൽ പ്രതിബിംബിക്കുമ്പോൾ ചന്ദ്രൻ ജലത്തിന്റെ ഭാഗമായതു പോലെ ഒരു ബാലനു തോന്നും. കാരണം, ജലത്തിന്റെ ചലനം മാലിന്യം മുതലായവ അതിലുള്ള ചന്ദ്രനിലും ഉള്ളതായി തോന്നപ്പെടും പക്ഷേ, വാസ്തവത്തിലുള്ള ചന്ദ്രൻ അങ്ങാകാശത്തിൽ തന്റെ മുഴുവൻ പ്രഭാവത്തിൽ അപ്പോളും വിളങ്ങുന്നുണ്ടാവും

ഇതു പോലെയാണ് ആത്മചൈതന്യവും അഹങ്കാരവും. ഒന്നു മറ്റേതിന്റെ ധർമ്മങ്ങൾ കടമെടുക്കുന്നു അതായത്, ജഡമായ അഹങ്കാരം സചേതനമാണെന്നും ശുദ്ധ ചൈതന്യമായ ചിദാത്മാവ് സംസാരിയാണെന്നും ഉള്ള ഒരു ഭ്രാന്തി രൂപപ്പെടുന്നു. അപ്പോൾ ജീവനെന്ന മിത്ഥ്യാസത്തയും ആ ജീവന് സംസാരമെന്ന പീഡയും ജനിക്കുന്നതായി തോന്നുന്നു.

ജീവനെന്ന ഭ്രാന്തിയുടെ പ്രധാനഘടകം അഹങ്കാരം തന്നെയാണ്. അഹങ്കാരമെന്നാൽ താൻ സച്ചിദ്ചൈതന്യമാണെന്നുള്ള വസ്തുത മറന്നുകൊണ്ട് ശരീരാദികളാണ് താനെന്നുള്ള ധാരണ. ആ ധാരണയിൽ സത്യമായ ചിദാത്മാവിന്റെ പ്രതിബിംബമുള്ളതിനാൽ വാസ്തവത്തിൽ അഹങ്കാരം മിത്ഥ്യയാണെങ്കിലും സത്യമാണെന്നുള്ള പ്രതീതീ ജനിക്കുന്നു. അങ്ങനെ ഇല്ലാത്ത സംസാരത്താൽ ജന്മജന്മാന്തരങ്ങളിൽ പീഡിക്കപ്പെടുന്നു. ആത്മാവിന്റെ സത്യത്വവും അഹങ്കാരത്തിന്റെ മിത്ഥ്യത്വവും ബോധ്യപ്പെട്ടാൽ പിന്നീട് സംസാരമില്ല.അതിന് അഹങ്കാരം ഏതെല്ലാം വിധത്തിൽ ജീവന്റെ മറ്റു ഘടകങ്ങളുമായി സംബന്ധപ്പെടുന്നുവെന്നറിയേണ്ടതുണ്ട്. അത്, ചിച്ഛായയുമായി കൂടിച്ചേർന്ന് ജ്ഞാന ( വ്യാവഹാരികം ) വും , ശരീരമായി ചേർന്ന് കർമ്മവും സാക്ഷിചൈതന്യമായി ചേർന്ന് മിത്ഥ്യാവ്യക്തിത്വവും ഉണ്ടാക്കുന്നതു പോലെ പ്രവർത്തിക്കുന്നു. എട്ടാമത്തെ ശ്ലോകത്തിൽ ഈ വിഷയമാണ് അവതരിക്കപ്പെടുന്നത്

അഹങ്കാരസ്യ താദാത്മ്യം
ചിച്ഛായാ ദേഹസാക്ഷിഭിഃ
സഹജം കർമ്മജം ഭ്രാന്തിബ
ജന്യശ്ച ത്രിവിധം ക്രമാത് (8)

അഹങ്കാരസ്യ. = അഹങ്കാരത്തിന്റെ

താദാത്മ്യം = ഒന്നാവൽ

ചിച്ഛായാദേഹസാക്ഷിഭിഃ= ചിച്ഛായയും , ശരീരവും , സാക്ഷിയുമായി. ക്രമാത് =

ക്രമതത്തിൽ

സഹജം = സ്വാഭാവികം

കർമ്മജം = കർമ്മഫലം കൊണ്ട്. ഭ്രാന്തിജന്യം = ഭ്രാന്തിയാൽ ക്രമാത് = ക്രമത്തിൽ ത്രിവിധം = മൂന്നു പ്രകാരത്തിൽ

(അസ്തി = ഉണ്ട് )

(ചിച്ഛായാ, ശരീരം, സാക്ഷിചൈതന്യം എന്നിവയുമായി സഹജം , കർമ്മജം , ഭ്രാന്തിജം എന്നിങ്ങനെ അഹങ്കാരം ക്രമത്തിൽ യോജിച്ചു നില കൊള്ളുന്നു.)

ഈ ശ്ലോകത്തിൽ പറയുന്നത്, അഹങ്കാരത്തിനു മൂന്നു തത്ത്വങ്ങളായി താദാത്മ്യമുണ്ടെന്നാണ്. അതു മൂന്നു തരത്തിലാണ് ചിച്ഛായാ അല്ലെങ്കിൽ ചിദാഭാസനുമായുള്ള താദാത്മ്യം സ്വതവേയുള്ളതാണ്. അതായത് അഹങ്കാരത്തിന്റെ ഉല്പത്തി തന്നെ ചിച്ഛായയുമായി യോജിച്ചുകൊണ്ടാണ് സംഭവിക്കുന്നത്. ചിച്ഛായയെന്നാൽ അന്തഃകരണത്തിൽ പ്രതിബിംബിച്ച സാക്ഷിചൈതന്യമായിരിക്കേ, അവ രണ്ടും തമ്മിലുള്ള ബന്ധം സഹജമാണ്. ഒരു കണ്ണാടിയുടെ ദൃഷ്ടാന്തമെടുത്താൽ, കണ്ണാടിയുണ്ടെങ്കിൽ അതിൽ പ്രതിബിംബമുണ്ടാവാതെ വയ്യ, പ്രതിബിംബമുണ്ടെങ്കിൽ കണ്ണാടിയുണ്ടാവാതെയും വയ്യ.

ചിച്ഛായയുമായി യോജിച്ചു അഹങ്കാരമാണ് താൻ ജ്ഞാതാ എന്നു ഭാവിക്കുന്നത്. അഹങ്കാരത്തിന് ഇക്കാരണത്താൽ കർത്തൃത്വവും ഭോക്തൃത്വവും വന്നു ചേരുന്നു

അഹങ്കാരത്തിന് സ്ഥൂലശരീരവുമായുള്ള ബന്ധം കർമ്മഫലമനുഭവിക്കാനുള്ളതുകൊണ്ടാണ്. ഭോഗപ്രദകർമ്മഫലത്തെ അനുഭവിക്കാൻ ഭോക്താവായ അഹങ്കാരത്തിന് സ്ഥൂലശരീരവുമായി സംബന്ധമുണ്ടായേ തീരൂ. ഓരോ ജീവനും ഭൂമിയിൽ ജന്മമെടുക്കുന്നതു തന്നെ പ്രാരബ്ധകർമ്മഭോഗത്തിനായാണ്. ജിവൻ അനേകജന്മങ്ങളിലായി കോടാനുകോടി കർമ്മങ്ങൾ ചെയ്ത് അവയുടെ ഫലത്തിനധികാരിയായി തീർന്നിട്ടുണ്ട്. ആ കർമ്മങ്ങളുടെ കൂട്ടത്തെ സഞ്ചിതകർമ്മം എന്നു പറയും. അവയിൽ ചിലവ ഫലഭുക്തിക്ക് പാകമായിട്ടുണ്ടാവും. ആ കർമ്മങ്ങൾ പ്രാരബ്ധകർമ്മങ്ങളെന്നു വിളിക്കപ്പെടുന്നു. അവയിൽ ചിലവ പുണ്യകർമ്മഫലങ്ങളാവാം ചിലവ പാപകർമ്മഫലങ്ങളാവാം. പുണ്യകർമ്മങ്ങളുടെ ഫലം സുഖഭുക്തിയും പാപകർനമ്മങ്ങളുടെ ഫലം ദുഃഖാനുഭവവുമാണ്. രണ്ടിനായാലും നിർബന്ധമായും ശരീരം വേണമല്ലോ. ആയതുകൊണ്ട് ഭോക്താവായ അഹങ്കാരം കർമ്മഫലങ്ങളനുഭവിക്കാൻ അതിനു യോജ്യമായ ശരീരവുമായീ ജാഗ്രദവസ്ഥയിൽ താദാത്മ്യം പ്രാപിക്കുന്നു. ഓരോരുത്തരുടേയും ശരീരം പ്രാരബ്ധകർമ്മഫലം അനുഭവിക്കാൻ പ്രത്യേകം തയ്യാറാക്കപ്പെട്ടതാണ്. പ്രാരബ്ധകർമ്മങ്ങൾ , ഇച്ഛാപ്രാരബ്ധം , അനിച്ഛാപ്രാരബ്ധം പരേച്ഛാ പ്രാരബ്ധം എന്നിങ്ങനെ മൂന്ന് വിധത്തിലുണ്ട്

ഒരു ഫലം അനുഭവിക്കാനുണ്ടെങ്കിൽ അതനുസരിച്ചുള്ള കർമ്മം ചെയ്യാനുള്ള ഇച്ഛ ജനിക്കും. അതാണ് ഇച്ഛാപ്രാരബ്ധം. ഇച്ഛിക്കാതെത്തന്നെ സുഖകരമോ അസുഖകരമോ ആയ ഭോഗം ഒരാൾക്ക് ചിലപ്പോൾ വന്നു ചേരുന്നു. അതാണ് അനിച്ഛാ പ്രാരബ്ധം. ഇനി പരേച്ഛാപ്രാരബ്ധം അല്ലെങ്കിൽ അന്യേച്ഛാപ്രാരബ്ധം. മറ്റുള്ളവരോടുള്ള അനുഭാവം കൊണ്ട് ചില അനുഭവങ്ങൾ ചിലർക്കു വന്നു ചേരും. അതാണ് പരേച്ഛാ പ്രാരബ്ധം

മൂന്നാമത്തേതാണ് സാക്ഷിചൈതന്യമായുള്ള സംബന്ധം. അഹങ്കാരം മിത്ഥ്യയായ, ദൃശ്യം എന്ന വിഭാഗത്തിൽ പെട്ടതാണ്. സാക്ഷിചൈതന്യമാകട്ടെ, ത്രികാലത്തും മാറ്റമില്ലാത്ത ചിന്മയസ്വരൂപമായ ദൃക്ക് ആണെന്നും നാം കണ്ടു. അവ രണ്ടും ഇരുട്ടും വെളിച്ചവും പോലെ ഭിന്നമാണ്. അതുകൊണ്ട് അവ രണ്ടും തമ്മിൽ ഒരു സംബന്ധവും പാടില്ലാത്തതാണ്. പക്ഷേ സാദ്ധ്യമല്ലാത്തതിനെ സാദ്ധ്യമാക്കലാണല്ലോ മായയുടെ പ്രത്യേകത. മായയുടെ വൈഭവത്താൽ സാക്ഷിയും അഹങ്കാര

വും പരസ്പരം താങ്ങി നിൽക്കുന്നതായി തോന്നും. അതിനെയാണ് വേദാന്തത്തിലെ പ്രസിദ്ധമായ 'അദ്ധ്യാസം' എന്ന ശബ്ദം കൊണ്ട് അർത്ഥമാക്കുന്നത്. കറകളഞ്ഞ ഭ്രാന്തി മൂലമാണ് അദ്ധ്യാസം ഉണ്ടാവുന്നത്. കയറിന്മേൽ സർപ്പത്തെ ആരോപിക്കുന്നതു പോലെയാണത്. കയറിന്റെ ഉണ്മയിൽ, ശരിക്കും ഇല്ലാത്തതായ സർപ്പത്തെ അദ്ധ്യസിക്കുമ്പോൾ അസത്യമായ സർപ്പത്തിൽ നമുക്ക് സത്യബുദ്ധി തോന്നുന്നു. അത് വെറും ഭ്രാന്തിയാണ് അതിനാൽ ഈ സംബന്ധത്തെ ഭ്രാന്തിജം എന്നു വിളിക്കുന്നു അങ്ങനെ അഹങ്കാരം നില നിൽക്കുന്നതും വ്യാപരിക്കുന്നതും, സഹജം, കർമ്മജം, ഭ്രാന്തിജം എന്ന മൂന്നു തലത്തിലാണ്. മിത്ഥ്യയായ അഹങ്കാരത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാതെ സത്യമായ ബ്രഹ്മതത്വത്തെ ഞാനെന്ന് ബോധിക്കാനാവില്ല. അടുത്ത ശ്ലോകത്തിൽ അഹങ്കാരത്തിന്റെ നിവൃത്തിയെ കുറിച്ചാണ് പറയുന്നത്

സംബന്ധിനോസ്സതോർന്നാർനാസ്തി
നിവൃത്തിഃ സഹജസ്യ തു
കർമ്മക്ഷയാത്പ്രബോധാച്ച
നിവർത്തേതേ ക്രമാദുഭേ (9)

സംബന്ധിനോഃ സതോഃ = ഉല്പത്തികാലത്തിൽതന്നെസംബന്ധപ്പെട്ട ,
സഹജസ്യ = സഹജമായ
തു = ശരിക്കും
നിവൃത്തി = വിടുവിക്കൽ
ന അസ്തി = സംഭവിക്കുന്നില്ല.
ഉഭേ = മറ്റേതു രണ്ടും
കർമ്മക്ഷയാത് = കർമ്മഭുക്തിയാലും
പ്രഭോധാത് = ആത്മജ്ഞാനത്താലും
ക്രമാത് = ക്രമത്തിൽ നിവർത്തേതേ = വിട്ടുപോകുന്നു

(സഹജമായുള്ള സംബന്ധം ഒരിക്കലും വേർപെടുന്നില്ല. മറ്റു രണ്ടെണ്ണം ക്രമത്തിൽ കർമ്മക്ഷയം കൊണ്ടും ആത്മജ്ഞാനം കൊണ്ടും നിവർത്തിക്കുന്നു)

അഹങ്കാരത്തെ നശിപ്പിക്കാൻ അത് ഏതിനെയാണോ ആശ്രയിച്ചു നിൽക്കുന്നത്, ആ സംബന്ധം അറത്തു കളഞ്ഞാൽ മതിയല്ലോ. ചിച്ഛായ, സ്ഥൂലശരീരം, സാക്ഷി ചൈതന്യം എന്നീ മൂന്നു തത്ത്വങ്ങളോട് സംബന്ധിച്ചുകൊണ്ടാണ് അഹങ്കാരം നില നിൽക്കുന്നതെന്ന് കഴിഞ്ഞ ശ്ലോകത്തിൽ പറഞ്ഞു. ആ ബന്ധം വിച്ഛേദിക്കാനുള്ള സാദ്ധ്യതകളെപ്പറ്റിയാണ് ഒമ്പതാമത്തേതായ ഈ ശ്ലോകത്തിൽ പ്രതിപാദിക്കുന്നത്

ആദ്യമായി, അഹങ്കാരത്തിന്റെ ചിച്ഛായയുമായുള്ള ബന്ധം സഹജമായതിനാൽ അത് വേർ പെടുത്താനാവില്ലെന്നു പറയുന്നു. അഹങ്കാരമില്ലാതെ ചിച്ഛായക്കോ, ചിച്ഛായയില്ലാതെ അഹങ്കാരത്തിനോ നില നിൽക്കാനാവില്ല. കണ്ണാടിയിൽ നിന്ന് പ്രതിബിംബം വേർപെടുത്താനാവാത്ത പോലെ, അഹങ്കാരവും ചിച്ഛായയും തമ്മിൽ തമ്മിൽ വേർ പെടുത്താനാവില്ല.

അഹങ്കാരത്തിന് സ്ഥൂലശരീരവുമായുള്ള ബന്ധം, കർമ്മഫലഭുക്തിക്കു വേണ്ടിയുള്ളതാണ്. ജാഗ്രദ് ഭോഗപ്രദകർമ്മഫലം ഭുജിക്കേണ്ടതായ അവസരം വന്നു ചേരുമ്പോൾ, ഭോക്താവായ അഹങ്കാരവും ഭോഗക്ഷേത്രമായ ശരീരവും തമ്മിൽ സംബന്ധിക്കുന്നു. ശരീരമില്ലാതെ ജാഗ്രദ് ഭോഗപ്രദ കർമ്മഫലമനുഭവിക്കാനാവില്ലല്ലോ. നിദ്ര, മൂർഛ, മരണം എന്നീ അവസ്ഥകളിൽ, അഹങ്കാരം നശിക്കുന്നില്ലെങ്കിലും, സ്ഥൂലശരീരവുമായ അതിന്റെ ബന്ധം വിച്ഛേദിക്കപ്പെടുന്നതിനാൽ കർമ്മഫലഭുക്തിയില്ല.

ഇവിടെയും പ്രാരബ്ധകർമ്മങ്ങളുടെ ഫലഭുക്തിയാണ് ശരീരത്തിൽ സംഭവിക്കുന്നത്. പ്രാരബ്ധകർമ്മങ്ങൾ അനുഭവത്താലേ തീരൂ. ഇവിടെയും പുരുഷപ്രയത്നത്തിന് വലുതായൊന്നും ചെയ്യാനാവില്ല.

എന്നാൽ, അഹങ്കാരത്തിന്റെ സാക്ഷി ചൈതന്യവുമായുള്ള സംബന്ധം ഭ്രാന്തി മൂലമാണ്. ആത്മജ്ഞാനത്തിൽ, നിശ്ചയസ്വരൂ

പേണ ഞാൻ ശരിരമല്ല ആത്മാവാണെന്നറിയുമ്പോൾ, 'ഞാൻ ശരീരമാണ് എന്ന മിത്ഥ്യാ ജ്ഞാനമായ അഹങ്കാരത്തിന നിലനില്പില്ലല്ലോ. അഹങ്കാരം നിവർത്തിച്ചാൽ കർത്തൃത്വമില്ല. കർത്തൃമില്ലെങ്കിൽ ആഗാമീകർമ്മങ്ങൾക്ക് പഴുതില്ല.' ജ്ഞാനാഗ്നി സർവ്വകർമ്മാണി ഭസ്മസാൽ കുരുതേ ' എന്ന ഭഗവദ് വചനമനുസരുച്ച് സഞ്ചിത കർമ്മവും കത്തി ചാമ്പലാവുന്നു. ആകെയുള്ളത് പ്രരബ്ധകർമ്മങ്ങൾ മാത്രം. അവയനുഭവിച്ചേ മതിയാവൂ എന്നിരിക്കലും ജ്ഞാനോദയത്തിൽ അഹങ്കാരം ബാധിതമാകുന്നതിനാ ൽ ജ്ഞാനിയുടെ കർമ്മഫലഭക്തി വെറും ബാഹ്യമായ ഒരു പ്രതീതിയാണ്. പ്രാരബ്ധ കർമ്മം ക്ഷയിച്ചാൽ ശരീരം പതിക്കുന്നു ആ ജ്ഞാനിക്കു പിന്നീട് ശരീരപ്രാപ്തിയില്ല.

*****

മിനിക്കഥ

## ഇനിയും

ഉണ്ണി വാരിയത്ത് 9867179480

അവന് ചില ആദർശങ്ങളുണ്ടായിരുന്നു. പക്ഷേ, അതൊന്നും നിലനിർത്താൻ അവന് കഴിഞ്ഞില്ല. അതുപോലെ, കുറെ ലക്ഷ്യങ്ങളുമുണ്ടായിരുന്നു. അവയും നിറവേറ്റാൻ അവനു സാധിച്ചില്ല. അങ്ങനെ, അവൻ സ്വയം പരാജയം സമ്മതിച്ചു

പക്ഷേ, അവനെ പരാജിതനാക്കിയ ആദർശങ്ങളെയും ലക്ഷ്യങ്ങളെയും മറന്നപ്പോഴാണ് അവൻ യഥാർത്ഥത്തിൽ തോറ്റത്.

ഇനിയും അവന് ജയിക്കാവുന്നതേയുള്ളു. അതിന് ശ്രമിക്കണമെന്നു മാത്രം.


## യോഗാ ക്ലാസ്സുകൾ ആരംഭിക്കുന്നു

പ്രശസ്തയോഗ അദ്ധ്യാപിക ശ്രീമതി എസ്. ഗിരിജ 2024 ജനുവരി മുതൽ എറണാകുളം കരയോഗത്തിൽ യോഗ ട്രെയിനിങ്ങ് നല്കുന്നു. പതഞ്ജലിയോഗസെന്ററിൽ നിന്നും ഇന്റർനാഷണൽ യോഗാ സെന്ററിൽ നിന്നും യോഗയിൽ പരിശീലനം പൂർത്തിയാക്കിയിട്ടുള്ള ശ്രീമതി ഗിരിജ യോഗാതെറാപ്പിയിൽ ഡിപ്ലോമയും നേടിയിട്ടുള്ള വ്യക്തിയാണ്.

ക്ലാസ്സിൽ ചേരുവാൻ താല്പര്യമുള്ളവർ താഴെ കാണുന്ന നമ്പരുകളിൽ ബന്ധപ്പെടുക.

ഫോൺ - 9447171160, 9446388200


പൂർണ്ണേ ഗർഭേ സമസ്ത ത്രിഭുവന ശുഭക-
ർമ്മങ്ങളേകത്രകൂടി-
പ്പൂർണ്ണാനന്ദം വിളങ്ങീടിന ഘനപടല-
ശ്യാമധാമാഭിരാമൻ
മംഗല്യേ സന്മുഹൂർത്തേ മഹിതഗുണമിയ-
ന്നഷ്ടമീ രോഹിണീഭ്യാം
സംഗേ ഭംഗ്യാ ജനിച്ചാ നഴകൊടു ജഗതീ-
മൂലകന്ദം മുകുന്ദൻ

– ശ്രീകൃഷ്ണചരിതം മണിപ്രവാളം 1. 72.

ലോകങ്ങൾക്ക് ആദികാരണനായ മഹാവിഷ്ണു, ദേവകിയുടെ ഗർഭം പൂർണ്ണമായപ്പോൾ, മൂന്നു ലോകത്തിലെയും സകലശുഭ കർമ്മങ്ങളുടേയും മൂർത്തീ ഭാവം പോലെ, മേഘപാളികളുടെ നീല ശോഭയുള്ളവനായി, അഷ്ടമിയും രോഹിണിയും ചേരുന്ന സന്മുഹൂർത്തത്തിൽ ആ ദേവിയുടെ ഉദരത്തിൽ നിന്നു പിറന്നു.

# ഒരന്വേഷണത്തിന്റെ കഥ : കെ.വേണു

പി. ജയരാമൻ - 9847102015

*(തുടർച്ച)*

**11. വിവാഹം**

ചില സഖാക്കളുമായുള്ള സംഭാഷണത്തിൽ ഏത് തരത്തിലുള്ള സ്ത്രീയെയാണ് താൻ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് പറഞ്ഞിരുന്നു. തനിക്കന്ന് 35 വയസ്സ് കഴിഞ്ഞിരുന്നു. പ്രായവ്യത്യാസം അഞ്ചാറ് വയസ്സിൽ കൂടുതലാകാൻ പാടില്ല. തൊഴിലാളി ആയിരിക്കണം; ജാതിവ്യത്യസ്ഥമായിരിക്കണം. കഴിയുന്നതും തന്റേതിനേക്കാൾ താഴ്ന്ന ജാതി. വികൃതരൂപിയാകാത്ത ആരോഗ്യമുള്ള സ്ത്രീ എന്നിവയായിരുന്നു അന്നത്തെ തന്റെ സങ്കൽപ്പം. മാനദണ്ഡങ്ങൾക്ക് ചേരുന്ന ഒരു സ്ത്രീ കരിക്കൊടി സഹകരണ സംഘത്തിൽ തൊണ്ടുതല്ലുന്ന തൊഴിലാളിയായിരുന്ന മണിയെക്കുറിച്ച് ചില സഖാക്കൾ സൂചിപ്പിരുന്നു. ഒളിവ് ജീവിതം ഉൾപ്പടെയുള്ള തന്റെ പരിക്കൻ ജീവിതത്തിന് ഇങ്ങനെയുള്ളൊരു പെണ്ണായിരിക്കും നല്ലതെന്ന് തോന്നി. അതുകൊണ്ട് അധികം ചിന്തിക്കാതെ ആ വിവാഹത്തിന് അനുകൂലമായി മനസ്സിനെ സജ്ജമാക്കുകയും ചെയ്തു. വിവാഹത്തിന് പ്രത്യേകിച്ച് വേദിയൊന്നും ഒരുക്കിയിരുന്നില്ല. സഖാക്കൾ തന്നെ ചെമ്പരത്തി പൂവും തുളസിയിലയും മറ്റും കൊണ്ട് കെട്ടിയുണ്ടാക്കിയ മാലയിടൽ മാത്രമായിരുന്നു ചടങ്ങ്. മേഘനാഥനും കുടുംബവും, ടി.എൻ ജോയിയും, കുറച്ച് സഖാക്കളും എത്തിയിരുന്നു. കൂടാതെ കെ.ജി ശങ്കരപ്പിള്ളയും, ബി. രാജീവനും. ഭാവിയെക്കുറിച്ച് വലിയ ആശങ്കകളില്ലാത്ത മട്ടിലായിരുന്നു അന്ന് രാത്രി മണിയുടെ സംസാരം. കുട്ടികളുണ്ടായാൽ ഒറ്റയ്ക്ക് പണിയെടുത്ത് വളർത്തിക്കൊള്ളാം എന്ന ആത്മവിശ്വാസമാണ് അവർ പ്രകടിപ്പിച്ചത്. വിവാഹദിവസം വൈകുന്നേരം വരെ മണി മണ്ണ് ചുമക്കുകയായിരുന്നു എന്ന വിവരം വളരെ കൗതുകകരമായിരുന്നു. പലതരം പ്രവർത്തനങ്ങളിലൂടെ പ്രസ്ഥാനത്തിന്റെ സജീവ സാന്നിദ്ധ്യം നിലനിർത്തുകയും പ്രവർത്തകരുടെ ആത്മവിശ്വാസം തകരാതെ നോക്കുകയും ചെയ്തിരുന്നുവെങ്കിലും, സംഘടനക്കുള്ളിൽ വളർന്നുവന്ന ആശയസമരത്തിന് ജനാധിപത്യപരമായ ക്രോഡീകരണം ആവശ്യമായിരുന്നു.

**12. ഗൗരവമേറിയ തിരുത്തലുകൾ**

മാതൃഭൂമി ദിനപ്പത്രത്തിന്റെ തിരുവനന്തപുരം എഡിഷൻ തുടങ്ങുന്ന ദിവസത്തെ എഡിറ്റോറിയൽ പേജിൽ പ്രധാന ലേഖനത്തിന്റെ സ്ഥാനത്ത് മാതൃഭൂമിയിലെ സീനിയർ റിപ്പോർട്ടർ ആയിരുന്ന പി. രാജനുമായുള്ള വേണുവിന്റെ അഭിമുഖം പ്രസിദ്ധീകരിച്ചു. പത്രത്തിന്റെ എല്ലാ എഡിഷനുകളിലും വരികയും ചെയ്തു. മാവോയിസ്റ്റ് നിലപാടുകളിൽ നിന്നുകൊണ്ട് ജനകീയാധികാരത്തിന്റെ സമാന്തരരൂപം വളർത്തിയെടുക്കുന്നതിന്റെ പ്രായോഗിക രൂപമായിട്ടാണ് ജനകീയ വിചാരണയെ ഞങ്ങൾ കണക്കാക്കുന്നതെന്നായിരുന്നു തന്റെ അഭിമുഖത്തിന്റെ അന്തഃസത്ത. 1980-81 കാലത്ത് അഖിലേന്ത്യാ കമ്മിറ്റിയിൽ അംഗമായിരിക്കുമ്പോഴും കേരളത്തിൽ തന്നെയാണ് തന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരുന്നത്. 1982 ജനുവരിയിൽ ഒരു അഖിലേന്ത്യാ സമ്മേളനം നടത്താൻ തീരുമാനിച്ചിരുന്നു. ആയിടക്ക് ഒരു ദിവസത്തെ പത്രത്തിൽ വായിച്ചാണ് തനിക്ക് ഒരു മകൻ ജനിച്ചുവെന്നറിയുന്നത്. കുറെ ദിവസം കഴിഞ്ഞാണ് മകനെ പോയി കാണാനൊത്തത്. അഖിലേന്ത്യാ സമ്മേളനം നടന്നത് മഹാ

രാഷ്ട്രയിലെ ഒരു ഉൾനാടൻ പ്രദേശത്താ യിരുന്നു. എട്ട് ദിവസം എന്ന് കണക്കാക്കി തുടങ്ങിയ സമ്മേളനം 13 ദിവസം തുടർന്നു. ശ്രീലങ്കയിൽ നിന്നും, നേപ്പാളിൽ നിന്നും അമേരിക്കയിൽ നിന്നുമെല്ലാം പ്രതിനിധിക ളെത്തിയിരുന്നു. ഒരു പുതിയ കേന്ദ്രപുനഃസം ഘടനാ കമ്മിറ്റി തിരഞ്ഞെടുക്കപ്പെടുകയും, വേണു സെക്രട്ടറി സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. നേരത്തെ നടന്ന സംസ്ഥാന സമ്മേ ളനത്തിൽ വേണു തന്നെ സെക്രട്ടറിയായി വീണ്ടും തിരഞ്ഞടുക്കപ്പെട്ടിരുന്നു.

ജനകീയ രാഷ്ട്രീയാധികാരം ഒരു പുന:പരിശോധന എന്ന തലക്കെട്ടിൽ കേന്ദ്ര കമ്മിറ്റിയുടെ മുഖപത്രമായ ലിബറേഷനി ൽ വേണു എഴുതിയ ലേഖനത്തിലാണ് പുതിയൊരു അന്വേഷണദിശയ്ക്ക് തുടക്കം കുറിച്ചത്. നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രമുഖ രാഷ്ട്രീയ മുദ്രാവാക്യമാ യിരുന്ന മാവോയുടെ 'രാഷ്ട്രീയാധികാരം തോക്കിൻ കുഴലിലൂടെ' എന്ന നിലപാടിനെ ചോദ്യം ചെയ്യുന്നതായിരുന്നു ആ ലേഖനം. എല്ലാത്തരം ആയുധപ്രയോഗവും ഫാസി സത്തിലേക്ക് നയിക്കുന്നുവെന്നും, ജനകീ യാധികാരത്തിന് ജനാധിപത്യ രീതികൾ മാത്രമേ ഫലപ്രദമാകൂ എന്ന തന്റെ വീക്ഷ ണത്തിലേക്കുള്ള പരിണാമം ആരംഭിച്ചത് - ജനകീയാധികാരത്തെ പുതിയ രീതിയിൽ നിർവ്വചിക്കാൻ തുടങ്ങിയത് മുതലാണ്. ഇതിനിടെ സാർവ്വദേശീയ തലത്തിൽ മാവോ യിസ്റ്റ് സംഘടനകളുടെ ഒരു സമ്മേളനം പാരീസിൽ 1982 ഡിസംബറിൽ നടക്കുകയും, വേണു ഇന്ത്യയെ പ്രതിനിധീകരിച്ച് അതിൽ പങ്കെടുക്കുകയുമുണ്ടായി. കുടുംബസ്വത്ത് ഭാഗിച്ച തുക ഉപയോഗിച്ച് അന്തിക്കാട് മണി യുടെ വീടിനടുത്തായി 10 സെന്റ് ഭൂമി വാങ്ങി ഒരു ചെറിയ വീട് പണികഴിപ്പിച്ചു. ആയിടക്ക് വ്യാപകമായി പരിപാടികളിൽ പങ്കെടുക്കാൻ തുടങ്ങി. ഡൽഹിയിലെ ഒരു മലയാളി സാം സ്ക്കാരിക സംഘടനയുടെ പരിപാടിയിൽ പങ്കെടുത്തു. ആനന്ദ്, ഒ.വി വിജയൻ, സക്ക റിയ, എം. മുകുന്ദൻ തുടങ്ങി പ്രമുഖരുടെ ഒരു വലിയ നിരയുണ്ടായിരുന്നു. വിജയനുമായി കൂടുതൽ അടുക്കാൻ പിന്നീട് ചില അവസര ങ്ങൾ ലഭിച്ചിരുന്നു.

1984 ൽ തന്റെ രണ്ടാമത്തെ മകൻ ജനിച്ചു. ഡൗൺ സിൻഡ്രോം എന്ന ഒരു തരം ബുദ്ധി മാന്ദ്യമുള്ള കുട്ടിയായിരുന്നു അവൻ. താൻ ഒരുവിധം പിടിച്ചുനിന്നെങ്കിലും, മണിയ്ക്ക് അതൊരു വലിയ ആഘാതമായിരുന്നു. കേര ളത്തിൽ നക്സലൈറ്റുകൾക്കിടയിൽ രണ്ട് ചേരികൾ ഏറെ കാലത്തിനുശേഷം പ്രത്യക്ഷ പ്പെടുകയുണ്ടായി. കേരള കമ്മിറ്റി ബഹിഷ്ക രിക്കാൻ ശ്രമിച്ച്, അഖിലേന്ത്യാ സമ്മേളനം നടത്താനാണ് കേന്ദ്ര കമ്മിറ്റി തീരുമാനിച്ചത്. പിളർപ്പിനുശേഷം എല്ലാ ജില്ലകളിലും സമ്മേ ളങ്ങൾ നടത്തിയതിനെ തുടർന്ന് സംസ്ഥാന സമ്മേളനവും, പിന്നീട് അഖിലേന്ത്യാ സമ്മേളനവും വേണുവിന്റെ മേൽനോട്ടത്തിൽ വിജയകരമായി നടത്തപ്പെട്ടു.

### 13. തീവ്രവാദത്തോട് വിട

1989 ഏപ്രിൽ - മേയ് മാസങ്ങളിൽ ചൈനയിലെ ടിയാൻമെൻ സ്ക്വയറിൽ (ബെ യ്ജിങ്) ഉയർന്ന വിദ്യാർത്ഥി പ്രക്ഷോഭം ജൂൺ 4 ന് ടാങ്കുകളും, മെഷീൻ ഗണകളും ഉപയോഗിച്ച് സൈന്യം അടിച്ചമർത്തിയത് നൂറ് കണക്കിന് വിദ്യാർത്ഥികളെ കൊല്ലാൻ ഇടയായപ്പോൾ ലോകം മുഴുവൻ അമ്പരന്ന് നിൽക്കുകയായിരുന്നു. കമ്യൂണിസ്റ്റ് പരി പാടികളുടെ അടിസ്ഥാനപ്രമാണങ്ങളെക്കുറി ച്ചുള്ള ഗൗരവമേറിയ ഒരു പുനഃപരിശോധന ആവശ്യമാണെന്ന് തോന്നി. തന്റെ മുൻ പിൽ ഉയർന്നിട്ടുള്ള സൈദ്ധാന്തിക പ്രശ്ന ങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള പഠന ത്തിനായി 6 മാസത്തെ അവധി അനുവദിക്ക ണമെന്ന് വേണു അഖിലേന്ത്യാ കമ്മിറ്റിയിൽ അവശ്യപ്പെട്ടു. അത്തരം പഠനത്തിന് മുൻ

പ് ചൈനയിലെ വിദ്യാർത്ഥി കലാപത്തിന് പശ്ചാത്തലമായി പ്രവർത്തിച്ച സോഷ്യലിസ്റ്റ് പാതയും, മുതലാളിത്ത പാതയും തമ്മിലുള്ള സമരത്തിന്റെ ചരിത്രം വിശദീകരിക്കുന്ന ഒരു ചെറിയ പുസ്തകം “സോഷ്യലിസ്റ്റ് പാതയും മുതലാളിത്ത പാതയും” എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും, അതിന്റെ ഉള്ളടക്കം കേരളത്തിലെ നിരവധി പൊതുയോഗങ്ങളിൽ അവതരിപ്പിക്കുകയും ചെയ്തു. ഇവയെല്ലാം ഒരു മാസത്തിനകം തീരുകയും നേരത്തെ സൂചിപ്പിച്ച പഠനം ആരംഭിക്കുകയും ചെയ്തു. 1919 ലെനിൻ മുൻകൈയെടുത്ത് “മൂന്നാം ഇന്റർനാഷ്ണലിന്റെ” ഒരു സമ്മേളനം മോസ്കോയിൽ വിളിച്ച് ചേർത്തിരുന്നു. ഒട്ടേറെ പാർട്ടികൾ അതിൽ പങ്കെടുത്തു. ഉദ്ഘാടന പ്രസംഗത്തിൽ ലെനിൻ റഷ്യൻ വിപ്ലവാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇങ്ങനെ പ്രസ്താവിച്ചു : തൊഴിലാളിവർഗ്ഗ സർവ്വാധിപത്യ ഭരണകൂടത്തിന് നേതൃത്വം നൽകാൻ വർഗ്ഗമെന്ന നിലക്ക് തൊഴിലാളി വർഗ്ഗത്തിനാകില്ല. ആ വർഗ്ഗത്തിന്റെ മുന്നണി പടയായ കമ്യൂണിസ്റ്റ് പാർട്ടിക്കേ കഴിയൂ. ലെനിന്റെ ഈ പ്രസ്താവന തികച്ചും ഞെട്ടിപ്പിക്കുന്നതായിരുന്നു. യാതൊരു വിശദീകരണവുമില്ലാതെ തികച്ചും സ്വാഭാവികമായിട്ടാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞ് പോകുന്നത്. തന്റെ ഭൗതിക ജീവിതത്തിൽ ഈ സന്ദർഭത്തിൽ ഉണ്ടായ പോലുള്ള മാനസിക തകർച്ച മറ്റൊരിക്കലും ഉണ്ടായിട്ടില്ല. സ്റ്റാലിൻ വളർത്തിയെടുത്ത സോഷ്യൽ ഫാസിസത്തിന്റെ അടിസ്ഥാനം ലെനിൻ തന്നെയാണ് സൃഷ്ടിച്ചത് എന്ന വിവരം തനിക്ക് പുത്തനായിരുന്നു. മേൽപ്പറഞ്ഞ തന്റെ നിഗമനങ്ങൾ 1989 ഡിസംബറിലോ മറ്റോ ചേർന്ന കേന്ദ്രകമ്മിറ്റിയിൽ അവതരിപ്പിക്കുകയുണ്ടായി. മാർകിസ്സിന്റെ ‘തൊഴിലാളി വർഗ്ഗത്തിന്റെ ഏകാധിപത്യം’ എന്ന ആശയവും ജനാധിപത്യ വ്യവസ്ഥയ്ക്ക് യോജിച്ചതായിരുന്നില്ല. 1990 മാർച്ചിൽ “തൊഴിലാളി വർഗ്ഗ ജനാധിപത്യനുവേണ്ടി” എന്ന ശീർഷകത്തിൽ വേണു തയ്യാറാക്കിയ രേഖ അഖിലേന്ത്യാ കമ്മിറ്റിയിൽ അവതരിപ്പിക്കുകയുണ്ടായി. കമ്മിറ്റിയിൽ ഈ രേഖ ഏകകണ്ഠമായി അംഗീകരിക്കുകയും, കീഴ് കമ്മിറ്റികളിലേക്ക് ചർച്ചകൾക്കായി വിടാൻ തീരുമാനിക്കുകയുമുണ്ടായി. ആശയവാദത്തിന്റേയും, ബൂർഷ്വാ ജനാധിപത്യത്തിന്റേയും നിലപാടിൽ നിന്നാണ് വേണു ജനാധിപത്യത്തെ നോക്കി കാണുന്നത് എന്നായിരുന്നു പ്രധാന വിമർശനം. വലതുപക്ഷ വ്യതിയാനം എന്ന പതിവ് മുദ്രാവാക്യത്തിലും ഇത്തരം ആരോപണങ്ങളല്ലാതെ, തൊഴിലാളിസർവ്വാധിപത്യവും ഏകപാർട്ടി സ്വേച്ഛാധിപത്യവും, സോഷ്യൽ ഫാസിസമായി പരിണമിക്കുന്നത് തടയാൻ എന്ത് മാർഗ്ഗമെന്ന കാതലായ ചോദ്യത്തിന് മറുപടി പറയാനോ. അത്തരം ഗൗരവമുള്ള വിഷയങ്ങൾ ചർച്ച ചെയ്യാനോ ആരും തയ്യാറായിരുന്നില്ല.

തുടർന്നുള്ള ദിവസങ്ങൾ തികച്ചും നിർണ്ണായകമായിരുന്നു. രണ്ട് ദശകക്കാലം പൂർണ്ണ അർപ്പണബോധത്തോടെ പ്രവർത്തിച്ച പ്രസ്ഥാനത്തിൽ തുടരണോ, തുടരുകയാണെങ്കിൽ എങ്ങിനെ എന്നുള്ള ചോദ്യങ്ങൾ ഉയർന്നുവരികയും അവയ്ക്ക് ഉത്തരം കണ്ടെത്താൻ നിർബന്ധിതനാവുകയും ചെയ്ത നാളുകളായിരുന്നു പിന്നിട്ടത്. ഇത്തരമൊരവസ്ഥയിൽ ഇങ്ങനെയുള്ള ഒരു സംഘടനയുടെ തലപ്പത്ത് താൻ തുടരുന്നത് അർത്ഥശൂന്യമാണെന്നും, ഫലത്തിൽ അതൊരു ആത്മവഞ്ചനയാണെന്നുമുള്ള ഒരു ചിന്തയാണ് മഥിച്ചുകൊണ്ടിരുന്നത്. 1991 ഒക്ടോബർ ആദ്യവാരം അഖിലേന്ത്യാ കമ്മിറ്റി കൂടാൻ തീരുമാനിച്ചിരിക്കുകയായിരുന്നു. അതിന് 2 ദിവസം മുൻപ് താൻ തീരുമാനമെടുത്തു. അഖിലേന്ത്യാ കമ്മിറ്റിയിൽ നിന്നും കേന്ദ്രകമ്മിറ്റിയിൽ നിന്നും രാജി വയ്ക്കുക. പാർട്ടിയിൽ തുടരുകയും, സംസ്ഥാനത്തിലും പ്രാദേശിക തലത്തിലും

പ്രവർത്തനം തുടരുകയും ചെയ്യുക. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ജനാധിപത്യപരമായി ഉടച്ചുവാർക്കണമെങ്കിൽ കമ്യൂണിസ്റ്റ്കാരനായി തുടരേണ്ടതുണ്ടെന്നായിരുന്നു ചിന്ത. ഈ തീരുമാനത്തോടെ രാജിക്കാര്യം അവതരിപ്പിക്കാൻ ഉചിതമായ ഒരു രാജിക്കത്ത് തയ്യാറാക്കി. താൻ ഉന്നയിച്ച കാര്യങ്ങളോട് യോജിച്ചുകൊണ്ട് കമ്മിറ്റി രാജി സ്വീകരിക്കുകയും, വേണു കമ്മിറ്റിയിൽ നിന്ന് പുറത്ത് വരികയും ബാക്കിയുള്ളവർ കമ്മിറ്റി യോഗം തുടരുകയും ചെയ്തു.

19991 ഒക്ടോബർ രണ്ടാമത്തെ ആഴ്ച അന്തിക്കാട്ടെ താമസം അവസാനിപ്പിച്ച് വേണുവും കുടുംബവും തൃശ്ശൂരിലേക്ക് മാറി. 19 സെന്റുള്ള ഒരു സ്ഥലം അയ്യന്തോൾ പഞ്ചായത്തിലെ ഒളരിയിൽ വാങ്ങി, വീടുണ്ടാക്കാൻ പണമില്ലാത്തതിനാൽ താൽക്കാലികമായി ഓലകൊണ്ടൊരു ഷെഡ് ഉണ്ടാക്കി താമസം തുടങ്ങി. എല്ലാം ഒരാഴ്ചക്കുള്ളിൽ കഴിഞ്ഞു. തൊഴിലാളി വർഗ്ഗ ജനാധിപത്യ രേഖയെ അടിസ്ഥാനമാക്കി ഒരു പുസ്തകം എഴുതി തൃശ്ശൂരിലെ സാഹിത്യ അക്കാദമി ഹാളിൽ സുകുമാർ അഴിക്കോട് പ്രകാശനം ചെയ്തു. എന്നാൽ അതിൽ നിന്നും കാര്യമായ മെച്ചമൊന്നുമുണ്ടാക്കാനായില്ല. വീട് പണിക്ക് വേറെ പണം കണ്ടെത്തേണ്ടി വന്നു. തന്റെ സാമ്പത്തികാവസ്ഥ മനസ്സിലാക്കിയിട്ട് വീടുണ്ടാക്കാനായി ഭേദപ്പെട്ട ഒരു തുക അയച്ചു തന്നത് അജിതയും, യാക്കൂബും ചേർന്നിട്ടാണ്. ഗൾഫിൽ നിന്നും ചില സഹായങ്ങൾ ലഭിച്ചിരുന്നു. പുസ്തകമിറങ്ങി ഒന്നു രണ്ട് മാസങ്ങളിൽ തന്നെ, ഗൗരവമുള്ള പുസ്തകങ്ങളിൽ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന പുസ്തകമാണ് "ഒരു കമ്യൂണിസ്റ്റ്കാരന്റെ ജനാധിപത്യ സങ്കൽപ്പം" എന്ന റിപ്പോർട്ട് ഒരു പ്രമുഖ പത്രത്തിൽ വന്നിരുന്നു. ഇ.എം.എസ്, വേണുവിന്റെ പുസ്കതം അണികൾ വായിക്കാതിരിക്കാൻ "ഒരു മുൻ കമ്യൂണിസ്റ്റുകാരന്റെ ബൂർഷാ ജനാധിപത്യ സങ്കൽപ്പം" എന്ന തലക്കെട്ടിൽ ദേശാഭിമാനി പത്രത്തിൽ നാല് ഞായറാഴ്ചകളിൽ തുടർച്ചായി തന്റെ പ്രതികരണം രേഖപ്പെടുത്തി.

**16. മറ്റ് ചില പ്രവർത്തനങ്ങൾ**

തുടർന്ന് കുറച്ചുകാലം ഗൗരിയമ്മയുടെ ജെ.എസ്.എസ് എന്ന രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുകയും, 1996 ലെ തിരഞ്ഞെടുപ്പിൽ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ സ്ഥാനാർത്ഥിയായി നിന്ന് പരാജയപ്പെടുകയും ചെയ്തു. പിന്നീട് രാഷ്ട്രീയം തീരെ ഉപേക്ഷിച്ചു. 1997 ൽ മുംബൈ ആസ്ഥാനമായി എറണാകുളത്ത് നിന്നും പ്രസിദ്ധീകരണമാരംഭിച്ചിരുന്ന ഗൾഫ് മലയാളികൾക്ക് വേണ്ടിയുള്ള 'മറുനാട്' എന്ന ദ്വൈവാരികയുടെ പത്രാധിപത്വം ഏറ്റെടുത്തു. പക്ഷെ, മാനേജ്മെന്റുമായി പൊരുത്തപ്പെടാൻ കഴിയാതെ ആറേഴ് മാസങ്ങൾ കഴിഞ്ഞപ്പോൾ ആ പണി അവസാനിപ്പിക്കേണ്ടി വന്നു. അതോടെ സ്വന്തമായ പ്രസിദ്ധീകരണം എന്ന ആശയം സജീവമായി. 'സമീക്ഷ' (എം. ഗോവിന്ദൻ ഈ പേരിൽ നേരത്തെ ഒരു മാസിക ഇറക്കിയിരുന്നു) എന്ന പേരിൽ ഒരു ദ്വൈവാരിക തുടങ്ങാനായിരുന്നു മോഹം. ചില ഗൾഫ് രാജ്യങ്ങളിൽ പോയി കുറച്ച് പണം ഓഹരി രൂപത്തിൽ സമാഹരിക്കാൻ കഴിഞ്ഞു. ഏഷ്യാനെറ്റിൽ 'കേരളസ്കാൻ' എന്ന പരമ്പര ആഴ്ചയിലൊരിക്കൽ തുടങ്ങി രണ്ട് വർഷങ്ങൾ കഴിഞ്ഞ് അത് നിർത്തേണ്ടി വന്നു. ജനാധിപത്യത്തിൽ സിവിൽ സമൂഹത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു അഞ്ചാം എസ്റ്റേറ്റ് ആണ് നിർണ്ണായക ഘടകം എന്ന ഒരു രേഖയുടെ പ്രാഥമിക വിശദീകരണയോഗം ചർച്ച ചെയ്തിരുന്നു. ആനന്ദ്, സക്കറിയ, സാറാ ജോസഫ്, എം.ജി.എസ് നാരായണൻ, ബി.ആർ.പി ഭാസ്ക്കർ, കെ.ആർ മീര, ടി.പി രാജീവൻ തുടങ്ങി 21 പേർ ഒപ്പിട്ട ഒരു രേഖ റിലീസ് ചെയ്തെങ്കിലും പത്രങ്ങളും ടി.വിയുമൊന്നും കാര്യമായി ശ്രദ്ധിച്ചിരുന്നില്ല.

*(ശേഷം പേജ് 34)*



ശേഷം പേജ് 34

# മറവിയിലെ ഓർമ്മകൾ (തുടർച്ച)

പ്രൊഫ. അംബുജാക്ഷി – 9447577652

മയക്കം വിട്ടപ്പോഴും മുൻപിൽ അച്ഛൻ വന്നു നില്ക്കുന്നതുപോലെ തോന്നി. അമ്മയും ഏട്ത്തിമാരും അന്യോൻകുട്ടിയും ഒക്കെ ഉണ്ടല്ലോ. അവരോടൊക്കെ സംസാരിച്ചിരിക്കുമ്പോൾ ഒരാൾ ഓടിവന്നു.

'അമ്മ ആരോടാ സംസാരിക്ക്ണ്? ഇവിടെ ആരും ഇല്ലല്ലോ.'

'നിങ്ങളാരാ? ദാ എന്റെ അച്ഛനും അമ്മയും ഏട്ത്തിമാരും ഒക്കെ ഇവിടെ വന്നല്ലോ. ഇപ്പൊ ആരേം കാണുന്നില്ല. എല്ലാവരും പോയി. നിങ്ങള് വന്നപ്പഴാ അവര് പോയത്. എനിക്കും അവര്ടെ കൂടെ പോകണം'.

'അമ്മേ നമുക്കു പോകാം. കുറച്ചു കഴിയട്ടെ'.

'എപ്പോ? എപ്പഴാ എന്നെ കൊണ്ടുപോകുന്നത്? നിങ്ങൾക്കെന്റെ വീടറിയ്യോ?'

'എന്റെ അമ്മയുടെ വീട് എനിക്കറിയില്ലേ ? ഞാൻ കൊണ്ടുപോകാം.'

അവിടെ ഒരു മന്ത്രവാദി പങ്ങുണ്ണിനായര് ഉണ്ട്. ഇത്തിരി കള്ളത്തരം ഉള്ള മന്ത്രവാദി. കോടീലെ പങ്ങുണ്ണിനായർ ചുട്ടകോഴിയെ പറപ്പിക്കും എന്നാണ് നാട്ടുകാർ പറയുന്നത്. മുട്ടറുക്കൽ, കുടമുടയ്ക്കൽ ഉലക്കയിൽ മന്ത്രവാദം എന്നൊക്കെ കുറെ കടും പ്രയോഗങ്ങൾ ഉണ്ടത്രെ. പിന്നെ ഒരു മരുന്നു തിരി. ആ തിരി പുകച്ചു ഉഴിഞ്ഞാൽ കുട്ടികളുടെ ഒരു വിധത്തിലുള്ള ബാധകൾ ഒഴിയുമത്രെ. പനി വരുമ്പോൾ മഞ്ഞയിലച്ചാറ് കുട്ടികളുടെ ദേഹത്തുപുരട്ടി മന്ത്രം ജപിച്ച് പനി ഊതിയകറ്റും. കൊതിക്ക് ഉപ്പ് ഊതിക്കൊടുക്കും. ഇതൊക്കെ ലൊട്ടുലൊടുക്ക് വിദ്യകൾ.

ഇതൊക്കെ അമ്മ പറഞ്ഞിട്ടുണ്ടല്ലോ പിന്നെ, പങ്ങുണ്ണിനായർ നമ്മളെ പറ്റിച്ച ഒരു കഥയും പറഞ്ഞിട്ടുണ്ട്. ഉവ്വോ അത് ശര്യാ നമ്മുടെ തറവാടുവളപ്പ് രണ്ടര ഏക്കറായിരുന്നു. മോടനും പുഞ്ചയും പയറും കായ്കറികളുമൊക്കെ കൃഷി ചെയ്തിരുന്നു. പലടിക്കുകളിലായി അഞ്ചു കിണറും ഉണ്ടായിരുന്നു. എന്നിട്ട് അന്യേൻകുട്ടിക്ക് അസുഖം വന്നപ്പോൾ അത് ബ്രഹ്മരക്ഷസിന്റെ സഞ്ചാരം ഉള്ളതുകൊണ്ടാണ് എന്ന് കാരണം പറഞ്ഞു. നമ്മുടെ വീട്ടുവളപ്പിന്റെ വടക്കുപടിഞ്ഞാറേ മൂലയിൽ നിന്ന് ഇത്തിരിസ്ഥലം ഉപേക്ഷിക്കണം എന്നാലേ കുട്ടിയുടെ അസുഖം മാറുകയുള്ളൂ എന്നു പറഞ്ഞ് ആ ഭാഗത്തെ ഇരുപതുസെന്റ് കൈക്കലാക്കി. അവിടെ മതിലിടിച്ച് മാറ്റിക്കെട്ടിയത് ഇപ്പോഴും കാണാം.

അമ്മക്ക് ഇതൊക്കെ നല്ല ഓർമ്മയുണ്ടല്ലോ

എനിക്കെല്ലാം ഓർമ്മയുണ്ട്. ഞങ്ങൾ മൂത്തത് മൂന്ന് പെൺകുട്ടികളാ അപ്പോൾ അമ്മ കല്ലുകണ്ടേടം വഴിപാടുകഴിച്ചിട്ടാണ് അന്യോൻകുട്ടി ഉണ്ടായത് പിന്നെ ഒരു അനീത്തീം. അവളേയും ഇപ്പോ ഇവിടെ കാണുന്നില്ല. എല്ലാവരും എവിടെപ്പോയ്യാവോ

അന്യോൻകുട്ടിയെ എല്ലാവർക്കും വലിയ ഇഷ്ടമാണ്. അവൻെറ കാര്യത്തിൽ നല്ല ശ്രദ്ധയും. എടവത്തിലെ തൃക്കേട്ടയാണ് അനിയൻ. എല്ലാകൊല്ലവും അവന്റെ പിറന്നാളിന് ആണ്ടിയൂട്ടും കാവടിയും നാടടച്ച് സദ്യയും ഉണ്ടാകും. വീട്ടുകാരും നാട്ടുകാരും എടവത്തിലെ തൃക്കേട്ട മറക്കില്ല.

എടവമാസമടുത്താൽ പിറന്നാളിന്റേയും ആണ്ടിയൂട്ടിന്റേയും കാര്യങ്ങൾ ആ ലോചിക്കാൻ കുട്ടൻ പൂശാരിവരും. ഒരു മുരുകഭക്തനായ പൂശാരിക്ക് വീട്ടിൽ കോവിലും പൂജയുമൊക്കെയുണ്ട്.

വൈശാഖത്തില് കൊട്ടിയൂര് പോണം. ഇവിടുത്തെ ആണ്ടിയൂട്ടിന്റെ കാര്യം അറിഞ്ഞിട്ടുവേണം യാത്ര തീരുമാനിക്കാൻ.

അത് ഒരു സൂചനയാണ്. എന്തായാലും ആണ്ടിയൂട്ടും സദ്യയും മുങ്ങില്ല.

നല്ല ഓർമ്മയാണല്ലോ അമ്മേ ഇതൊക്കെ.

എന്റെ അന്യോന്റെ കാര്യം ഞാൻ ഓർക്കുല്ലേ, പിന്നെ ക്ഷണിക്കാനും ഒരുക്കാനുമൊക്കെ ഞങ്ങള് പെങ്ങന്മാരല്ലേ മുമ്പിൽ നില്ക്കുന്നത്. പക്ഷെ...ഇപ്പോൾ ആരേം ഇവിടെ കാണുന്നില്ല. എവിടെപ്പോയീ എല്ലാവരും.

മേലാകെ വല്ലാതെ വേദനിക്കുന്നു. നെഞ്ചും വയറുമൊക്കെ വീർത്തു വീർത്തു വരുന്നു. പൊട്ടിത്തകരുന്നപോലെ

അയ്യോ...ആരെങ്കിലും വരണേ എനിക്കൊട്ടും വയ്യല്ലോ.

ആരൊക്കെയോ ഓടിവരുന്നു. ആംബുലൻസ്..ഓർമ്മ മങ്ങുമ്പോഴും അറിയുന്നു. എന്നെ ആംബുലൻസിൽ കേറ്റുകയാണോ തൊണ്ട വരളുന്നു. ഒരാൾ ചായ വായിലൊഴിക്കുന്നു. എന്റെ ഏട്ത്തിയുടെ മകൾ ലത

ലതേ എന്റെ കുട്ടി വന്വോ

ഉണ്ണിച്ചെറ്യേമ്മ്യേ കുട്ടി ഇപ്പൊ ഇപ്പോ വരും. ബാഗ് എടുക്കുകയാണ്. നമുക്ക് ആസ്പത്രീൽപ്പോവാം ഈ ചായ കുടിക്കൂ

വയ്യ കുട്ട്യേ ഞാൻ മരിക്ക്യാണ്ന്ന് തോന്നുന്നു. അതാ..അച്ഛൻ, അമ്മ ഏട്ത്തിമാർ അന്യേൻ...എല്ലാവരും വന്നൂ വാക്കുകൾ തൊണ്ടയിൽ കുരുങ്ങി.

ഓർമ്മയുണർന്നു..ശരീരം ഉറങ്ങി. എന്നെന്നേക്കും.

****

---

*(പേജ് 32 തുടർച്ച)*

പുസ്തകത്തിന്റെ അവസാന അദ്ധ്യായത്തിൽ മാലിന്യ സംസ്ക്കരണത്തെ ചൊല്ലി തൃശ്ശൂരിനടുത്തുള്ള ലാലൂർ എന്ന സ്ഥലത്ത് വേണു നടത്തിയ നിരാഹാരസമരത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. ആ സമരത്തിന്റെ പ്രധാന ഗുണം ലാലൂരിൽ മാലിന്യം നിക്ഷേപിക്കുന്ന സമ്പ്രദായം നിർത്തലാക്കിയതാണ്. മൂത്ത മകനും, കുടുംബവും അവരുടെ മാതാപിതാക്കളുടെ വീട്ടിൽ നിന്ന് മാറി താമസിച്ചതിനെക്കുറിച്ച് വേദനാപൂർവ്വം വിവരിച്ച ശേഷം പുസ്തകം അവസാനിപ്പിക്കുകയാണ്. 2022 ൽ ഡി.സി ബുക്ക്സ് പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിൽ 2012 നുശേഷമുള്ള വേണുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചൊന്നും കാണുന്നില്ല. കാരണം വ്യക്തമല്ല.

741 പേജുകളുള്ള ബ്രഹത്തായ ഈ ഗ്രന്ഥം മലയാളത്തിലെ ഏറ്റവും മികച്ച ആത്മകഥകളിലൊന്നായി വിലയിരുത്തപ്പെടും എന്ന് തീർച്ചയാണ്. ഇത്ര സുതാര്യവും ആത്മാർത്ഥത തുളുമ്പുന്നതുമായ മറ്റൊരു ആത്മകഥ കണ്ടെത്താൻ പ്രയാസമായിരിക്കും. എല്ലാവരും അവശ്യം വായിച്ചിരിക്കേണ്ട ഒരു പുസ്കതമാണിതെന്ന് നിസ്സംസംശയം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ****

## 2023 ഡിസംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**കെ. രാമചന്ദ്രൻ**
L/4476 പൗർണ്ണമി ഹൗസ്,
എകെജി റോഡ്,
തൈക്കൂടം, വൈറ്റില



**വി. കെ. ശശിധരൻ**
L/5027 രാജ് വിഹാർ,
തോട്ടക്കാട്ട് റോഡ്,
എറണാകുളം



**ഡോ. പി. രാധാലക്ഷ്മി**
L/2901 പയ്യപ്പിള്ളി ഹൗസ്
ഓൾഡ് തേവര റോഡ്
കൊച്ചി - 16



**ഗിരിജ ആർ. മേനോൻ**
L/2774 ശ്രീരാഗം,
എളംകുളം,
കൊച്ചി - 20



**ശങ്കരനാരായണൻ**
L/1128 ശ്രീസദൻ
ആലപ്പാട്ട്
രവിപുരം - 16

# കാൻസർ രോഗം

ഡോ. കെ. പ്രസന്നകുമാർ–9847083626

*(തുടർച്ച)*

**രോഗനിർണ്ണയവും ചികിത്സയും**

**അ**ന്നപഥത്തിൽ വായ് കഴിഞ്ഞാൽ, അടുത്തഭാഗം ആഹാരനാളിയാണ് (ഈസോഫാഗസ്)

കാൻസർ രോഗം സാധാരണ ബാധിയ്ക്കുന്ന ഭാഗങ്ങളിലൊന്നാണിത്. ഏതാണ്ട് നാല്പതിനും, നാല്പത്തി അഞ്ചിനും വയസ്സിനു മുകളിലുള്ളവരേ മാത്രം ഈ രോഗം സാധാരണ ബാധിക്കാറുള്ളൂ.

**രോഗകാരണങ്ങൾ** - വളരെ ചൂടുള്ള ഭക്ഷണപദാർത്ഥങ്ങൾ പതിവായി കഴിയ്ക്കുന്നതും ലഹരിപാനീയങ്ങൾ കൂടുതലായി ഉപയോഗിയ്ക്കുന്നതും ഈ രോഗത്തിന് കാരണമാകുമെന്ന് ഊഹിക്കപ്പെടുന്നു. അതുപോലെ തന്നേ വളരെ എരിവുള്ള ഭക്ഷണവും ഒരു കാരണമാകാം. മറ്റു പ്രത്യേക കാരണങ്ങൾ ഒന്നും തന്നേ അറിയപ്പെടുന്നില്ല.

**രോഗലക്ഷണങ്ങൾ** - രോഗത്തിന്റെ ആരംഭത്തിൽ, പ്രത്യേക ലക്ഷണങ്ങൾ ഒന്നും ഇല്ലാത്തതിനാൽ, ഈ രോഗം പ്രാരംഭദിശയിൽ കണ്ടുപിടിയ്ക്കുന്നതിന് സാധിയ്ക്കുന്നില്ല. ഭക്ഷണം വിഴുങ്ങുന്നതിനുള്ള തടസ്സമാണ്, ആദ്യത്തേ ലക്ഷണം. ഈലക്ഷണം കാണുമ്പോഴേയ്ക്കും, രോഗം ഏതാണ്ട് ആരംഭദിശ കഴിഞ്ഞിരിയ്ക്കും. ഘനമായിട്ടുള്ള (സോളിഡ്) ഭക്ഷണപദാർത്ഥങ്ങൾ, വിഴുങ്ങുമ്പോളായിരിയ്ക്കും ആരംഭദിശയിൽ, തടസ്സം നേരിടുന്നത്. കാലക്രമത്തിൽ പാനീയങ്ങൾ കഴിയ്ക്കുമ്പോഴും തടസ്സം അനുഭവപ്പെടുന്നു. അങ്ങിനെ അവസാനം വെള്ളം പോലും ഇറങ്ങാതെയാകുന്നു. ഉമിനീരുപോലും വിഴുങ്ങുവാൻ സാധിയ്ക്കാത്ത ഏറ്റവും ശോചനീയമായ അവസ്ഥയിലേക്ക് രോഗം എത്തുന്നു. കഴിയ്ക്കുന്ന ഭക്ഷണം അല്പസമയത്തിനുള്ളിൽ ഛർദ്ദിച്ചു പോകുന്നു. ഭക്ഷണം നെഞ്ചിൽ തടഞ്ഞിരിക്കുന്നതായി തോന്നും. രോഗം വളരെ മൂർച്ഛിച്ച അവസ്ഥയിലും വേദന തീരെ കാണുകയില്ല എന്നുള്ളത് ഒരു പ്രത്യേകതയാണ്. ഭക്ഷണം കഴിയ്ക്കാൻ സാധിയ്ക്കാത്തതുകൊണ്ട് രോഗി പട്ടിണി കിടക്കേണ്ടി വരുന്നു. ചികിത്സയ്ക്ക് വിധേയമാകാത്ത രോഗി പട്ടിണിമൂലമാണ് മരണമടയുന്നത് തെക്കേ ആഫ്രിക്കയിലേ ബാൻഡുവർഗ്ഗക്കാരുടെ ഇടയിലും പഴയ സോവിയറ്റ് റഷ്യയിലേ കഷാകിസ്താൻ നിവാസികളുടെ ഇടയിലും ഈ കാൻസർ കൂടുതലായി കാണുന്നു. സ്വീഡനിൽ സ്ത്രീകൾക്കു ബാധിയ്ക്കുന്ന കാൻസർ രോഗങ്ങളിൽ നല്ലൊരു ശതമാനവും ഇതാണ്.

**ചികിത്സ**- ശസ്ത്രക്രിയയാണ് ഈ രോഗത്തിന് ഏറ്റവും പറ്റിയ പ്രതിവിധി. പക്ഷേ, ഈ രോഗം വളരെ പ്രാരംഭദിശയിലാണെങ്കിൽ മാത്രമേ, ഇതു കൊണ്ട് പ്രയോജനം കിട്ടുകയുള്ളൂ. ശസ്ത്രക്രിയ്ക്കു പറ്റാത്ത രോഗികൾക്ക് റെഡിയേഷൻ ചികിത്സ നൽകാറുണ്ട്. പൊതുവേ പറഞ്ഞാൽ പ്രതീക്ഷിയ്ക്കവകയില്ലാത്ത ഒരു രോഗമാണ് ആഹാരനാളിയിലേ കാൻസർ.

**ആമാശയത്തിലുണ്ടാകുന്ന കാൻസർ**

അന്ന പഥത്തിൽ, ആഹാരനാളി കഴിഞ്ഞാൽ, അടുത്ത ഭാഗം ആമാശയമാണ്. കാൻസർരോഗം വളരെ കൂടുതൽ ബാധിയ്ക്കുന്ന ഭാഗമാണ് ആമാശയം നാല്പതിനും നാല്പത്തിഅഞ്ചിനും മുകളിലുള്ളവരിലാണ് ഈ രോഗബാധയുണ്ടാകുന്നത്. അതിൽ പുരുഷന്മാരുടെ എണ്ണം സ്ത്രീകളിലും ഇരട്ടിയാണ്.

ഭൂമിശാസ്ത്രപരമായും ഈ രോഗത്തിന്റെ നിരക്ക് വ്യത്യാസപ്പെട്ടു കാണുന്നു. ലോകത്തിൽ ആമാശയ കാൻസർ, എറ്റവും കൂടുതലായി കാണപ്പെടുന്നത് ജപ്പാനിലും തെക്കേ അമേരിക്കയിലേ ചില്ലി സംസ്ഥാനത്തും ഐസ് ലാൻഡ് രാജ്യത്തുമാണ്. ഇതിനുള്ള പ്രത്യേക കാരണം വ്യക്തമല്ല. ജപ്പാനിലേ ജനങ്ങളുടെ മരണകാരണങ്ങളിൽ, ആമാശയ കാൻസറിന് രണ്ടാംസ്ഥാനമാണുള്ളത്. അമേരിക്കൻ ഐക്യനാടുകളിൽ ഈ രോഗത്തിന്റെ നിരക്ക്, ജപ്പാനിലുള്ളതിന്റെ അഞ്ചിലൊന്നു മാത്രമാണ്.

**രോഗകാരണങ്ങൾ–** ആഹാരസപ്രദായത്തിലുള്ള ചില പ്രത്യേകതകൾ ഇതിനുകാരണമാകാമെന്ന് ഊഹിക്കപ്പെടുന്നു. ആഹാരത്തിൽ അന്നജത്തിന്റെ അളവ് കൂടുതലുള്ള ദേശക്കാരിലാണ്. ആമാശയത്തിലെ കാൻസർ അധികമായുണ്ടാകുന്നത് എന്ന കാരണത്താൽ ഈ രോഗവും ഭക്ഷണരീതിയും തമ്മിൽ എന്തോ ബന്ധമുണ്ടെന്ന് ഊഹിക്കപ്പെടുന്നു. ഈ രോഗം കൂടുതലായി കാണുന്നു. ജപ്പാൻ, ചില്ലി മുതലായ രാജ്യങ്ങളിൽ ആഹോളരി കഴിയ്ക്കുന്ന കാർബോഹൈഡ്രേറ്റിന്റെ ശരാശരി അളവ്, മറ്റു രാജ്യക്കാരേ അപേക്ഷിച്ച് വളരെ കൂടുതലാണ്. അമേരിക്കയിൽ കാർബോഹൈഡ്രേറ്റിന്റെ ഉപഭോഗം കുറഞ്ഞിരുന്ന ഒരു കാലഘട്ടത്തിൽ, ആമാശയത്തിന്റെ കാൻസറും കുറഞ്ഞിരുന്നു എന്ന് ഒരു പഠനം തെളിയിച്ചിട്ടുണ്ട്. വിറ്റാമിൻ എ യുടെ കുറവും ആമാശയ കാൻസറിന് ഒരു കാരണമെന്ന് ഊഹിക്കപ്പെടുന്നു.

**രോഗലക്ഷണങ്ങൾ** – വിശപ്പില്ലായ്മ, ആഹാരത്തോട് പൊതുവായും, മത്സ്യമാംസാദികളോടു പ്രത്യേകിച്ചും വെറുപ്പ്, വിളർച്ച ഇവയാണ് പ്രധാന രോഗലക്ഷണങ്ങൾ. നാല്പതുവയസ്സിനു മേൽ പ്രായമുള്ള ഒരാൾക്ക്, ഈ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ വിദഗ്ദ്ധ പരിശോധയ്ക്ക് വിധേയനാക്കേണ്ടതാണ്. വയറ്റിൽ വേദന, മുഴപോലെയുള്ള നീർക്കെട്ട്, രക്തംഛർദ്ദിക്കൽ, മലത്തിനു കറുത്തനിറം ഈ വക ലക്ഷണങ്ങൾ രോഗം മൂർച്ഛിച്ചതിന്റെ ലക്ഷണങ്ങളാണ്.

**രോഗം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ**

വ്യക്തമായ കാരണങ്ങൾ ഒന്നും തന്നേ എടുത്തു പറയാനില്ലാത്തതിനാൽ, ഈ രോഗം തടയുന്നതിന് പ്രത്യേക നിർദ്ദേശങ്ങളൊന്നും കല്പിക്കുവാനാകില്ല. ആരംഭത്തിൽ തന്നേ രോഗം കണ്ടുപിടിക്കുന്നതിന് കൂടെ കൂടെയുള്ള ദേഹപരിശോധനകൾ സഹായിയ്ക്കുന്നതാണ്. ബേറിയം മീൽ എക്സ്റേ, ഗാസ്ട്രോസ്കോപ്പി, മലപരിശോധന മുതലായവയുടെ സഹായംകൊണ്ട് ഏറെക്കുറേ ആരംഭത്തിൽ തന്നേ രോഗം കണ്ടുപിടിയ്ക്കുവാൻ സാധിയ്ക്കുന്നതാണ്. രോഗലക്ഷണങ്ങൾ വ്യക്തമായി കാണുന്നതുവരേയ്ക്കും കാത്തിരിയ്ക്കുന്ന പക്ഷം, ചികിത്സിച്ചു ഭേദമാക്കാവുന്ന സ്ഥിതിയിൽ നിന്നും, രോഗം വളരെ കൂടുതൽ മൂർച്ഛിച്ചിരിയ്ക്കും.

**ചെറുകുടലിലേ കാൻസർ** – ചെറുകുടലിൽ ലിംഫോമാ എന്നറിയപ്പെടുന്ന ചില മുഴകൾ രൂപപ്പെടാറുണ്ട്. കാലാന്തരത്തിൽ, ഈ മുഴകൾ കാൻസർ മുഴകളായി മാറുവാൻ സാദ്ധ്യതയുള്ളതിനാൽ, ശസ്ത്രക്രിയ വഴി അവയേ പറിച്ചു മാറ്റുന്നത് നന്നായിരിക്കും. ഈ മുഴകൾ ചിലപ്പോൾ കരളിനേയും ബാധിയ്ക്കുവാൻ സാദ്ധ്യതയുണ്ട്.

**വൻകുടലിലേ കാൻസർ**

ആകെയുള്ള കാൻസർ രോഗങ്ങളിൽ പത്തുശതമാനത്തോളം വൻകുടലിലാണ് ഉണ്ടാകുന്നത്. ആമാശയത്തിലേ കാൻസറിനോട് താരതമ്യപ്പെടുത്തുമ്പോൾ വൻകുടലിലേ കാൻസർ വളരെ കുറച്ചുമാത്രമേ കാണപ്പെടുന്നുള്ളൂ.

അമേരിക്കയിൽ ഈ രോഗം കൂടുതലായി കാണപ്പെടുന്നത് നീഗ്രോകളിലും കൊക്കേസിയൻ വംശക്കാരിലുമാണ് ജപ്പാനിൽ

ഈ രോഗത്തിന്റെ നിരക്ക് വളരെ കുറവാണ്. ഇന്ത്യയിലും ഈ രോഗത്തിന്റെ എണ്ണം ക്രമേണ കൂടിക്കൂടി വരുന്നതായി കണക്കുകൾ കാണിക്കുന്നുണ്ട്.

ഭക്ഷണത്തിൽ കൊഴുപ്പിന്റെ അംശം കൂടിയിരുന്നാൽ, വൻകുടലിലേ കാൻസറിന് കാരണമാകാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പുരുഷന്മാരിലേക്കാൾ സ്ത്രീകളിലാണ് ഈ രോഗം കൂടുതലായി കാണപ്പെടുന്നത്. വൻകുടലിലുണ്ടാകുന്ന അൾസറേറ്റീവ് കൊളൈറ്റിസ്, പോളിപ്പിസ് മുതലായ ചില രോഗങ്ങൾ പിൽക്കാലത്ത് കാൻസറിന് കാരണമാകാം. ഇറിറ്റബിൾ ബവ്വൽസിൻ സിൻഡ്രോം എന്ന പേരിൽ അറിയപ്പെടുന്ന രോഗലക്ഷണങ്ങളാണ് സമയത്തു ചികിത്സിച്ചില്ലെങ്കിൽ പിൽക്കാലത്ത് കാൻസറാകുവാൻ സാദ്ധ്യത ഉള്ളത്.

**രോഗലക്ഷണങ്ങൾ** - രോഗാരംഭത്തിൽ, തന്നേ കണ്ടുപിടിയ്ക്കുവാൻ സാധിച്ചാൽ ഏറെക്കുറേ രോഗത്തേ നിയന്ത്രിയ്ക്കുവാൻ സാധിയ്ക്കും. പക്ഷേ മിക്കവരിലും രോഗനിർണ്ണയത്തിനു താമസം നേരിടാറുണ്ട്.

വിരോചനയിലുണ്ടാകുന്ന തകരാറാണ് സാധാരണ രോഗലക്ഷണം. മലബന്ധം, അതിസാരം, ഇവയിലേതെങ്കിലും ഒന്നോ, ഒന്നിടവിടട്ടോ ഉണ്ടാകാം. വിരോചന സംബന്ധമായി ഉണ്ടാകുന്ന ഏതൊരു തകരാറും, പ്രത്യേകിച്ച്ു രോഗി നാല്പത്തിയഞ്ചുവയസ്സിനു മുകളിൽ പ്രായമുള്ള ആളാണെങ്കിൽ വളരെ കരുതലോടേ, കൈകാര്യം ചെയ്യേണ്ടതാണ്. മലദ്വാരത്തിൽ കൂടി രക്തം വാർന്നുപോകുന്നതും ഈ രോഗത്തിന്റെ ലക്ഷണമാണ്. കാൻസർ രോഗത്തേ അർശ്ശസ്സായി തെറ്റിദ്ധരിയ്ക്കുന്നത്. ഈ ലക്ഷണം കാരണമാകുന്നു. രോഗിയ്ക്കും, ചിലപ്പോൾ ഡോക്ടർക്കും പറ്റാറുള്ള തെറ്റിദ്ധാരണയാണിത്. ഈ രോഗത്തിന് വേദന അനുഭവപ്പെടുന്നത്, വളരെ താമസിച്ചാണ്. അതുവരേ കാത്തിരുന്നാൽ രോഗം അതിരു കടന്നിരിയ്ക്കാൻ സാദ്ധ്യതയുണ്ട്.

**രോഗനിർണ്ണയമാർഗ്ഗങ്ങൾ**

ആദ്യകാലങ്ങളിലേ പരിശോധന Baruim Enema ബേറിയം എനിമാ എന്ന എക്സറേ ടെസ്റ്റ് ആയിരുന്നു. ബേറിയം സൽഫേറ്റ് ലായിനി എനിമയായി മലദ്വാരം വഴി കുടലിലേയ്ക്കു കയറ്റിയതിനുശേഷം കുടലിന്റെ എക്സറേ ചിത്രങ്ങൾ രണ്ടോ മൂന്നോ എടുത്തശേഷം ബേറിയം ലായനി പുറത്തു പോയതിനു ശേഷമുള്ള ഒന്നോ രണ്ടോ ചിത്രങ്ങൾ എടുത്താൽ വൻകുടലിന്റെ വികസനത്തിൽ ഉണ്ടാകുന്ന തകരാറുകളും ഉൾതൊലിയിൽ വ്രണങ്ങളോ മറ്റൊ ഉണ്ടോ എന്നും അറിയുവാൻ സാധിയ്ക്കും. ഈ ടെസ്റ്റ് ചെയ്യുന്നത് കുടൽ കഴുകിയശേഷമായിരിയ്ക്കണം.

എന്നാൽ ഇപ്പോൾ കൊളനോസ്കോപ്പി എന്ന ടെസ്റ്റിലൂടെ കുടലിന്റെ വികസനത്തിലുണ്ടാകുന്ന തകരാറുകളോ വ്രണങ്ങളോ പോളിപ്പ് എന്നു പറയുന്ന വലുതും ചെറുതുമായി കുടലിൽ ഉണ്ടാകുന്ന ഗ്രോത്തുകളും കാണാൻ സാധിയ്ക്കും. അതോടൊപ്പം ആ ഭാഗത്തുള്ള ചിത്രം എടുക്കുവാനും സാധിക്കും.

******

**വേദാഃ പ്രമാണം സ്മൃതയഃ പ്രമാണം**
**ധർമ്മാർത്ഥയുക്തം വചനം പ്രമാണം**
**യസ്യ പ്രമാണം ന ഭവേത പ്രമാണം**
**കസ്തസ്യ കര്യാദ് വചനം പ്രമാണ്?**

**(കുസുമദേവൻ)**

**വേദങ്ങൾ പ്രമാണമാകുന്നു, സ്മൃതികൾ പ്രമാണമാകുന്നു, ധർമ്മാർത്ഥങ്ങൾക്കു യോജിച്ച വചനം പ്രമാണമാകുന്നു. യാതൊരാൾക്ക് പ്രമാണങ്ങളൊന്നും പ്രമാണമാകുന്നില്ല. (ആര് പ്രമാണങ്ങളെ മാനിക്കുന്നില്ല) അയാളുടെ വാക്ക് ആരു പ്രമാണമാക്കും?**

**തത്ത്വങ്ങളെ ആദരിക്കാത്തവനെ മറ്റുള്ളവർ ആദരിക്കുകയില്ല.**

# ആട്ടക്കഥയും നളചരിതവും ഭാഗം - 2

ഡോ. ശാന്തകുമാരി - 04842608624

*തുടർച്ച*

ഒരു കാവ്യത്തിന് ഇതിവൃത്തമാകാനുള്ള യോഗ്യത എല്ലാ പ്രകാരത്തിലും ഈ കഥയ്ക്കുണ്ട്. സ്വഗുണംകൊണ്ട് ആർജ്ജിച്ച സൗഭാഗ്യങ്ങൾ സ്വദോഷം കൊണ്ട് നഷ്ടപ്പെട്ട്, കഷ്ടപ്പെട്ട് ഗുണങ്ങളുടെ ഗൗരവം അനുഭവങ്ങളിൽ നിന്നു പഠിച്ച് ഗുണമണ്ഡലത്തിലേയ്ക്കു കയറുന്ന ഒരു നായകന്റെ കഥയാണിത്. അതുപോലെ രസരാജനായ ശൃംഗാരത്തിന്റെ പരിപോഷണത്തിനുള്ള കോപ്പും ഈ കഥയിൽ ഏറെയുണ്ട്. ജീവിതനിരീക്ഷണ വിചക്ഷണനായ ഒരു കവിയ്ക്ക് സമുചിതമായ പാത്രാവിഷ്ക്കരണം കൊണ്ട് ജീവിതവിമർശനം സാധിക്കുവാനും ഈ കഥ ധാരാളം വക നല്കുന്നു. നളചരിതം കഥയുടെ ഇതിവൃത്ത്പരമായും രസഭാവാവിഷ്ക്കണപരമായും ഉള്ള ഈ വിധ സൗകര്യങ്ങളെ എല്ലാം പരിഗണിച്ചും അവയെ അങ്ങേ അറ്റം ഉപയോഗിച്ചും എഴുതപ്പെട്ടിട്ടുള്ള ഒരു നാടകീയ കാവ്യമാണ് നളചരിതം ആട്ടക്കഥ.

അഭിനയപ്രധാനമായ കഥകളിക്ക് നാടകീയ കാവ്യഗുണങ്ങളുള്ള ആട്ടക്കഥകൾ ഉണ്ടെങ്കിൽ അതിന്റെ ഫലമെന്തായിരിയ്ക്കുമെന്ന് ആദ്യമായാവിഷ്ക്കരിച്ചത് നളചരിതമാണ്.

ഈ കഥയിലെ നായകൻ അനാത്മശ്ലാഘാദി ഗുണങ്ങൾ തികഞ്ഞ ഒരു ധീരോദാത്ത നായകനാണ് ആ നായകന്റെ ഗുണങ്ങൾക്ക് അനുയോജ്യയായ കുലീനയായൊരു രാജകുമാരിയാണ് നായിക. നായികാനായകന്മാരും സുഖജീവിതത്തിന് സാധകബാധകങ്ങളായിത്തീരുന്ന സംഭവങ്ങൾ നാടകീയമായി സംവിധാനം ചെയ്തിട്ടുള്ള ഇതിവൃത്തത്തിൽ സമ്പൂർണ്ണമായ ദീപ്തിപരിവേഷം ചാർത്തുവാൻ ആ കഥാപാത്രങ്ങൾക്ക് സാധിച്ചിട്ടുണ്ട്. അവരെ സംബന്ധിക്കുന്ന ഈ കഥയുടെ സ്ഥായിയായ രസം ശൃംഗാരമാണ്. ദമയന്തി നളന്മാർക്ക് പരസ്പരമുണ്ടാകുന്ന രതി, വിഭാവാനുഭാവവൈശിഷ്യങ്ങളാൽ ശൃംഗാരരസമായി പരിണമിച്ച് അവരുടെ പരിണയാനന്തരജീവിതത്തിൽ പ്രകടമാകുന്നത്. കലി പ്രേരണയാൽ എതിർത്ത പുഷ്ക്കരന്റെ പ്രവൃത്തികളാൽ തകർന്നുപോയി പിന്നീട് പ്രതികൂലങ്ങളായ സാഹചര്യങ്ങളിലെങ്കിലും പൂർവ്വാധികം പ്രവൃദ്ധമായിത്തീരുന്നതാണ് ഈ കഥയിൽ കാണുന്നത്. അങ്ങനെ നായികാനായകന്മരെ ദ്രോഹിക്കുന്ന കലി ഈ നാടകീയ കൃതിയിൽ പ്രതിനായകനാകുന്നു. ദമയന്തിയുടെ നളാഭിലാഷം വിദഗ്ദ്ധമായി ഗ്രഹിച്ച് അതിനെ ഇളക്കി വെച്ചുറപ്പിക്കുന്ന വിശിഷ്ടാർത്ഥഭൂതനായ ഹംസം, നളന്റെ നേരെയുള്ള അമർഷം പ്രകടിപ്പിക്കുവാൻ തരം കാത്തിരിക്കുന്ന പുഷ്ക്കരൻ, പരിസ്ഥിതികളാൽ പ്രേരിതനായി ദമയന്തിയോട് കാമാഭ്യർത്ഥന നടത്തുന്ന കാട്ടാളൻ, ആർത്ത ബന്ധുവായ സാർത്ഥവാഹകൻ, സമർത്ഥ നായ സുദേവൻ, ആപൽബന്ധുവായ കാർക്കോടകൻ, വെറും ശുദ്ധനായ ഋതുപർണ്ണൻ, അന്വേഷണ വിദഗ്ദ്ധയായ കേശിനി ഇങ്ങനെ ഇതി വൃത്താന്തരീക്ഷത്തിൽ മിന്നിത്തിളങ്ങുന്ന താരങ്ങൾ നായകവിധുമമണ്ഡലത്തെ എല്ലാ വിധത്തിലും പ്രകാശബന്ധുരമാക്കാൻ പര്യപ്തങ്ങളാണ്. താരതമ്യേന അപ്രധാന കഥാപാത്രങ്ങളെങ്കിലും കവി ആവിഷ്ക്കരിച്ചിട്ടുള്ള ജീവിത നിരീക്ഷണം എത്രയും പ്രശംസനീയമാണെന്ന് മനസ്സിലാക്കാം.

ഇതിവൃത്തപരവും നായികാനായകാദികഥാപാത്രസൃഷ്ടിപരവും രസപരവുമായുള്ള പ്രധാന കഥാപാത്രങ്ങൾക്ക് പുറത്തുനില്ക്കുന്ന മറ്റൊരു പ്രധാന സംഗതിയുണ്ട്. നളച

രിതത്തിൽ. അത് കവിയുടെ രചനാ സ്വാത ന്ത്ര്യമാണ്.

1. 'സുരേന്ദ്രൈ................................നൈ'

ഈ ശ്ലോകത്തിലൂടെ നായികാനായകന്മാരെ അവതരിപ്പിക്കുന്നതിന് രസാനുഗുണമായി ആവശ്യമുള്ള എണ്ണങ്ങളെല്ലാം ഒരുക്കുവാൻ കഴിഞ്ഞിട്ടുള്ളത് അതൊരു സംസ്കൃതശ്ലോകമായിട്ടുള്ളതുകൊണ്ടാണ്.

2. 'കല്ല്യാവേഗാ.......................ഗോപാൽ'

എന്ന ശ്ലോകത്തിന്റെയും ആശയചൗഷ്കണ്യം പ്രസ്താവ്യമാണ്.

3. 'ഇന്യർദ്ധോ.......രാജ കാന്ത'

എന്നിങ്ങനെ തനി സംസ്കൃത ശ്ലോകങ്ങൾ നളചരിതത്തിൽ ധാരാളമുണ്ടെങ്കിലും ആശയ പൗഷ്ക്കല്യത്തിന് ഒട്ടും കുറവില്ലാത്ത ചില പ്പോൾ ആശയമാധുര്യത്തിനും പൂർണ്ണമായും ഉചിതമായും ഇണക്കിയ എത്രയോ മണിപ്രവാളശ്ലോകങ്ങൾ നളചരിതത്തിൽ ഉണ്ട്.

4. 'കാന്തർ കനിഞ്ഞു.....രേമേ'

4. ഈ ശ്ലോകം ഒരു പക്ഷെ സംസ്കൃതാധിക മണിപ്രവാളമായിരിക്കാം. എങ്കിലും ആത്മർത്ഥതകൊണ്ടുള്ള ചമൽക്കാരം ഈ ശ്ലോകത്തിന്റെ വിശേഷതയായി അവകാശപ്പെടാനുണ്ട്. ഭാഷാപ്രൗഢിയുടെ സ്വരൂപത്തെക്കാൾ ആശയപുഷ്ടിയുടെ സ്വഭാവമാണ് കൂടുതൽ ആസ്വാദ്യം എന്നതിന് ഒരു തെളിവുമാണ്. നളചരിതത്തിലെ ചില ശ്ലോകങ്ങൾ പേരിനുമാത്രം സംസ്കൃതമുള്ളതും ചിലവ ഭാഷാമയവും ആണ്. ഒരു പക്ഷെ ഈ വിധം ശ്ലോകങ്ങൾ നളചരിതത്തിൽ അല്ലാതെ വേറെ ആട്ടക്കഥകളിൽ കാണാനാവില്ല.

5. 'ഊണിന്നാസ്ഥ കുറഞ്ഞു........................'

ഈ ശ്ലോകത്തിന്റെ പ്രസാദവും മാധുര്യവും നമ്മുടെ സാഹിത്യത്തിൽ വളരെ കുറച്ചു മാത്രം പരിചയപ്പെട്ടിട്ടുള്ളതാണ്. അതിനെത്തുടർന്ന്

6. 'തോല്ക്കുംവാതു പറഞ്ഞു.....................ന്നുടൻ'

എന്ന ശ്ലോകവും സാഹിത്യരസികന്മാരുടെ പ്രശംസയ്ക്ക് പാത്രമായിട്ടുള്ളതാണ്. എന്നാൽ സംസ്കൃതാധികമോ ഭാഷാമയമോ അല്ലാതെ സംസ്കൃതപദപ്രയോഗം മുഴച്ചു കാണുന്ന പദങ്ങളാണ് കവിയ്ക്ക് കൂടുതലിഷ്ടം എന്ന് തോന്നുന്നു. നളചരിതത്തിലെ മിക്ക ശ്ലോകങ്ങളിലും അതിന്റെ യോഗ്യത പ്രകടമായി കാണുന്നുണ്ട്.

1. ഇത്യേവം ദമയന്തി.............താൻ

2. വസ്ത്രം പത്രികൾ കൊണ്ടുപോയ്........................

3. വേർപെട്ടീടുകയില്ലിവനെ..................സർജ്ജനേ

4. കരഞ്ഞും ഖേദിച്ചും..............

5 ഏവം സംചിന്ത്യ..........................

ഇങ്ങനെ ഭാഷാ പദങ്ങളുടെ ഇടയിൽ സംസ്കൃതപദങ്ങൾ കുത്തിത്തിരുകി തന്റെ തുച്ഛം ബലത്വം കാട്ടുന്ന വിധത്തിലാണ് നളചരിതത്തിലെ അധികം ശ്ലോകങ്ങളും.

ആട്ടക്കഥകളിൽ കഥാപാത്രാവതരണത്തിനുള്ള നാടോപകരണമായിട്ടാണ് ശ്ലോകങ്ങൾ ഉപയോഗിക്കപ്പെടാറുള്ളത് എന്ന സമ്പ്രദായവും വാരിയർ തെറ്റിച്ചിട്ടുണ്ട്.

കാന്തൻ കനിഞ്ഞു പറയുന്നൊരു........

എന്ന ശ്ലോകം അതിനെത്തുടർന്നുള്ള പദത്തിന് മുൻപ് ഒഴിച്ചു കൂടാത്ത ഒരാവശ്യമല്ല. ശൃംഗാരപദത്തിന്റെ സാധാരണ സമ്പ്രദായം പരിഗണിച്ചു നോക്കുമ്പോൾ ആ പ്രകൃതം കൊണ്ട് ഉണ്ടാവാനുദ്ദേശിച്ചിട്ടുള്ള രസത്തിന്റെ സഫലമായ പരിസ്ഫുർത്തിക്കാവശ്യമായ ആലംബനോദ്ദീപനങ്ങളുടെ സമുചിതമായ സംവിധാനം സാധിച്ചിട്ടുള്ളതാണ് കാവ്യ വിഷയകമായൊരു നേട്ടം. എങ്കിലും അതുകൊണ്ട് നേടിയിട്ടുള്ള നാടകീയത ഈ ശ്ലോകത്തെ കാവ്യമർമ്മജ്ഞരുടെ പ്രശംസയ്ക്ക് പാത്രമാക്കി.

'ഉത്തമം ഭാഷാരസ പ്രധാന'മെന്ന ലീലാതിലകാചാര്യന്റെ അഭിമതത്തിന് നിർദ്ദേശകങ്ങളായ ലളിത ശ്ലോകങ്ങൾ നളചരിതത്തിൽ പ്രയോഗിച്ചിരിക്കുന്നു. അതുപോലെ ഒരു വേഷത്തെ അവതരിപ്പിക്കുക എന്ന ആവശ്യത്തിൽ കവിക്ക് വേറെയും ചിലത് ശ്ലോകങ്ങ

ളെക്കൊണ്ട് നിർവ്വഹിക്കാവുന്നതാണെന്നും നിർവ്വഹിക്കാനുണ്ടെന്നും നളചരിതം വ്യക്തമാക്കിയിരിക്കുന്നു. നാടകീയമായ പശ്ചാത്തലം സംവിധാനം ചെയ്യുന്നതിനു പുറമെ ചിലപ്പോൾ കഥാപാത്രങ്ങളുടെ സംഭാഷണത്തിനു തന്നെ അതുപയോഗിക്കുന്ന സന്ദർഭങ്ങൾ നളചരിതത്തിൽ ധാരാളമുണ്ട്. 'തേടിയവള്ളി കാലിൽ ചുറ്റി' എന്നൊരു ലളിതമായ പഴഞ്ചൊല്ല് നളചരിതത്തിൽ കടക്കുമ്പോൾ എന്തായി എന്ന് നോക്കുക.

ലളിതം പദയുഗളേ നിഗളിതയാ
മാർഗ്ഗിതയാ ലതയാ

ഈ പദങ്ങൾ സംസ്കൃത നിബന്ധമാണ്. ലളിത മധുരപദങ്ങളും കാണാം.

പഴുതേന്താനെന്തേ.................

എന്നാൽ മുകളിലെഴുതിയ രണ്ടു തരം രീതികളും കൂടി സ്വന്തം ഇഷ്ടമനുസരിച്ച് കൂട്ടിച്ചേർത്ത് പടച്ചു വിടുന്ന പദങ്ങളാണ് കൃതിയിൽ അധികം കാണുന്നത്. അത്തരം രചനയോട് കവിക്ക് പ്രകടമായൊരു പക്ഷപാതമുണ്ടെന്ന് നിരൂപിക്കുന്നതിനേക്കാൾ ഒന്നിനെക്കുറിച്ചും സുനിശ്ചിതവും നിയതവുമായ നിർബന്ധം അദ്ദേഹത്തിനില്ലെന്നും സർവ്വസ്വതന്ത്രമായ ഉച്ഛ്വം ഖലത്വത്തിന്റെ പ്രകടനങ്ങളാണിവയെന്നും നിരൂപിക്കുന്നതാണ് കൂടുതൽ ശരിയായിരിക്കുക.

മണിപ്രവാളത്തിന്റെ മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭിലതയുടെ സമൃദ്ധി എന്തുകൊണ്ടോ നളചരിതത്തിൽ നിലനിർത്തണമെന്ന് കവി ശ്രദ്ധിച്ചിട്ടില്ല. സുപ്രയുക്തങ്ങളും സുപരിചിതങ്ങളുമായ സംസ്കൃതപദങ്ങളെ ആവുന്നതും ഭാഷാപ്രത്യയങ്ങളും ചേർത്ത് പ്രയോഗിച്ച് ഭാഷാസങ്കരത്തിന്റെ ലാളിത്യം ആവുന്നത്ര വെച്ചു പുലർത്തുന്നതാണ് ഉത്തമ മണിപ്രവാളലക്ഷണം. എഴുത്തച്ഛന്റെയും നമ്പ്യാരുടേയും ഒക്കെ രീതി ഇതാണ്. ചമ്പുക്കളിൽ പ്രൗഢ മണിപ്രവാളശൈലിയാണ്. നളചരിതകാരൻ ഇതിനോടൊന്നും ചേരുന്നില്ല. ഭാഷാപദങ്ങളുടെ ഇടയിൽ അനുചിതമായും അസ്ഥാനത്തായും സംസ്കൃതപദങ്ങൾ പ്രയോഗിച്ച് അരോചകത്വവും അർത്ഥബോധക്ലിഷ്ടതയും ഉണ്ടാക്കിയിട്ടുള്ള സന്ദർഭങ്ങൾ നളചരിതത്തിൽ ധാരാളമുണ്ട്.

'ദൂരെ സുഖമെന്തായി
പുനരണ്ടോടടൻ
പുനരിങ്ങോടടൻ'

എന്ന പദ്യത്തിലെ അടൻ ന്നെ പ്രയോഗം അസ്ഥാനത്തും അനാവശ്യവുമായി വന്ന ഒരു സംസകൃതധാതുവിന്റെ ദയനീയ ചിത്രം കാണിക്കുന്നു.

'എന്തുപോൽ...വൈരികളായി'

ഇവിടെയും ഭാഷാപദങ്ങളുടെ ഇടയിൽ കഷ്ടപ്പെടുന്നസംസ്കൃതപദം നോക്കൂ.

'അവടങ്ങൾ സങ്കടങ്ങൾ
അകമേ ദുഷ്ടമൃഗങ്ങൾ
അധികം ഭീതികരങ്ങൾ'

ഇതിൽ അവടങ്ങൾ എന്നത് അവടം എന്നതിന്റെ ബഹുവചനമാണെന്നും അതിനർത്ഥം കണ്ട് കുഴി എന്നൊക്കെയാണെന്നും അറിയുമ്പോൾ കവിയുടെ പദപ്രയോഗത്തെക്കുറിച്ച് നമുക്കും പറയാൻ തോന്നുന്നു (അവടങ്ങൾ സങ്കടങ്ങൾ............)

മറിച്ച് സംസ്കൃത സമ്മർദ്ദമേറ്റ് ഞെരുങ്ങുന്ന ഭാഷ പദങ്ങളുടെ ദീനരോദനങ്ങളും അങ്ങിങ്ങായി കേൾക്കാം.

"വസ്ത്രമതദുൽ.... ചാമിവ ഇവിടെ ചാമിവ ഭാഷാ പദമാണ്. ചാകും ഇവ എന്നതിനെ സ്വന്തം ഇഷ്ടപ്രകാരം ആരും പ്രയോഗിക്കാൻ ധൈര്യപ്പെടാത്തവിധം ചാമിവ എന്നാക്കിയിരിക്കുകയാണ്.

ഇങ്ങനെ ഭാഷയും സംസ്കൃതവും ഒരുമിച്ച് പ്രയോഗിക്കാനുള്ള വാരിയരുടെ ധൈര്യത്തെക്കുറിച്ച് കാന്താരതാരകവ്യാഖ്യാതാവിന്റെ ഭാഷയിൽ പറഞ്ഞാൽ ഇത് മണിപ്രവാളമല്ല, വെങ്കലബ് ഭാഷയാണ്.

തുടരും.

******

ആയുഷ്യം പോളിക്ലിനിക്കിൽ എല്ലാ ചൊവ്വാഴ്ചയും ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ കൺസൾട്ടന്റെ സൈക്യാട്രിസ്റ്റ് **Dr. Peace Jose MBBS DPM** ന്റെ സേവനം ലഭ്യമാണ്. ഫോൺ – 0484–2366160

| എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2023 ഡിസംബർ മാസം സംഭാവന നൽകിയവർ | | |
|---|---|---|
| 1. | ശ്രീമതി ശാരദാ ജഗദീഷ്, ശരണ്യ, ചിറ്റൂർ റോഡ്, കൊച്ചി - 682018 | 1,00,000/- |
| 2. | ശ്രീ. ടി.എൻ‌ടി. നായർ, കൈരളി അപ്പാർട്ട്മെന്റ്, പനമ്പിള്ളി നഗർ | 30,000/- |
| 3. | സേതുമാധവൻ യു.കെ., Autumn Dale, SI Property, വിദ്യാനഗർ, കടവന്ത്ര | 10,000/- |
| 4. | പ്രേംകുമാർ ജി. ഹിൽവാലിഗാർഡൻ, അകത്തുപാടം റോഡ്, തിരുവാങ്കുളം | 5,000/- |
| 5. | ദാമോദരൻ, അച്ചംവീട്, നോർത്ത് നെയിൽവേ സ്റ്റേഷൻ റോഡ്, കൊച്ചി - 18 | 5,000/- |

# ഈസ്റ്റേൺ യൂറോപ്പ് യാത്ര 2024

## ഏപ്രിൽ 25 മുതൽ മെയ് 6 വരെ 12 ദിവസം

**MUNICH (GERMANY) - SALZBURG/VIENNA (AUSTRIA) - LJUBLJANA (SLOVENIA) - ZAGREB (CROATIA)- BUDAPEST (HUNGARY) - PRAGUE (CZECH REPUBLIC)**

Day 01: (THU) 25 APRIL 2024 COCHIN - ARRIVAL MUNICH

DAY 02: (FRI) 26 APRIL 2024 MUNICH - SALT MINE - SALZBURG

DAY 03: (SAT) 27 APRIL 2024 SALZBURG - MIRABELLGARTEN

DAY 04: (SUN) 28 APRIL 2024 SALZBURG - LJUBLJANA

DAY 05: (MON) 29 APRIL 2024 LJUBLJANA - ZAGREB

DAY 06: (TUE) 30 APRIL 2024 ZAGREB - PLITVICE NATIONAL PARK - ZAGREB

DAY 07: (WED) 01 MAY 2024 ZAGREB - BUDAPEST

DAY 08: (THU) 02 MAY 2024 BUDAPEST- VIENNA

DAY 09: (FRI) 03 MAY 2024 VIENNA- BRATISLAVA - PRAGUE

DAY 10: (SAT) 04 MAY 2024 PRAGUE -VLTAVA CRUISE

DAY 11: (SUN) 05 MAY 2024 PRAGUE - MUNICH AIRPORT DEPARTURE

DAY 12: (MON) 06 MAY 2024 ARRIVAL COCHIN

TOUR COST INR 2,75,500/person + TCS

ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക്
**ആലപ്പാട്ട് മുരളീധരൻ 9447060693**

# സപ്പോട്ടമ്മ

പ്രീത ജയകുമാർ – 8319638274

*എന്റെ അമ്മ, സ്വർഗീയ പി. പാറുകുട്ടി ടീച്ചറുടെ എഴുത്ത് ശേഖരത്തിൽ നിന്നും ലഭിച്ച ഒരുകഥ സ്മരണാഞ്ജലിയായി മകൾ പ്രീത ജയകുമാർ പ്രസിദ്ധീകരിക്കുന്നു.*

**മു**റ്റത്ത് ധാരാളം സപ്പോട്ടമരങ്ങളുണ്ട്. അവയിൽ ധാരാളം സപ്പോട്ടാഫലങ്ങളും. കുട്ടികൾ അവയുടെ ചുവട്ടിൽ നിന്നും മാറിയ നേരമില്ല. സപ്പോട്ട മരങ്ങളുടെ ഇടയിൽ ഒരു ചെറിയ വീടെന്നോ കുടിൽ എന്നോ പറയാൻ പറ്റാത്ത രാമക്കയുടെ വസതി. രാമക്കയെന്ന പേര് അധികമാർക്കും അറിയില്ല. കുട്ടികളുടെ സപ്പോട്ടമ്മ എല്ലാവരുടെയും സപ്പോട്ടമ്മയായി.

നഴ്സറി സ്കൂളിൽ നിന്നും പന്ത്രണ്ട് മണിക്ക് കുതിര വണ്ടിയിൽ വന്നിറങ്ങുന്ന മുന്നിയും പിങ്കിയും 'ഏയ് സപ്പോട്ടമ്മാ' എന്നു വിളിച്ച് ഒരു കാൽ നിലത്തൂന്നി ചാടിയോടി വരുന്നത് സപ്പോട്ടമ്മയുടെ വീട്ടിലേക്കാണ്. പഴുത്ത കായ്കൾ കിട്ടിയില്ലെങ്കിലും കുട്ടികൾക്ക് ഒരു ഹരമാണത്.

കറുത്ത നീണ്ട ഒട്ടും മാംസളമല്ലാത്ത ശരീര പ്രകൃതിയോടു കൂടിയ സപ്പോട്ടമ്മ ഒറ്റ നോട്ടത്തിൽ ഹിജഡ തന്നെ. ഞാൻ ആദ്യം കണ്ടപ്പോൾ അങ്ങനെതന്നെ ധരിച്ചു പോയി.

ഈയിടെയാണ് ഞങ്ങൾ പുതിയ വീട്ടിലേക്ക് മാറിയത്. ഉദ്യാന നഗരത്തിന്റെ തൊടുകുറിയാൽ ബാഗിന്റെ അടുത്താണ് ഞങ്ങൾക്ക് വീടു കിട്ടിയത്. സൗകര്യമുള്ള ഒരു വീടന്വേഷിക്കാൻ തുടങ്ങിയിട്ട് കുറച്ചു നാളായി. പുതിയ വീട്ടിൽ താമസം തുടങ്ങിയതിന്റെ പിറ്റെന്നാളാണ് ഞാൻ സപ്പോട്ടമ്മയെ കണ്ടത്. ഞങ്ങളുടെ കോമ്പൗണ്ടിൽ ഒരു സർദാർജിയും കുടുംബവും കൂടിയുണ്ട്. പാൽഗുഡ് വാല.

ഞങ്ങളുടെ വീടിന്റെ എതിർഭാഗത്താണ് സപ്പോട്ടമ്മയുടെ വീട്. സപ്പോട്ടമരങ്ങളുടെ ഇടയിലെ ഓടും ഷീറ്റും കൂടി മേഞ്ഞ ആ ചെറിയ വീട്.

ഞങ്ങളുടെ വീടിനെ റോഡിൽ നിന്നും മറച്ചു കൊണ്ട് ഒരു മൂന്നു നില കെട്ടിടം സ്ഥിതി ചെയ്തിരുന്നു. ആ കെട്ടിടം സപ്പോട്ടമ്മയുടെ വീട് ഞങ്ങളിൽ നിന്നും പൂർണ്ണമായി മറച്ചു. അതിന്റെ താഴെ മുഴുവൻ വർക്ക്ഷോപ്പ്കളും മുകളിലത്തെ നിലയിൽ ഓഫീസുകളുമായിരുന്നു.

സപ്പോട്ടമ്മയുടെ വീട്ടിൽ പൈപ്പില്ല. കിണറുമില്ല. ശിശിരം അതിന്റെ ഉഗ്രരൂപം പൂണ്ടിരിക്കുന്നു. ആരും, അറിയാതെ മയങ്ങിപ്പോകുന്ന മദ്ധ്യാഹനങ്ങൾ. മയക്കത്തിലകപ്പെട്ട അത്തരം ഒരുച്ചക്ക് എന്നെയും കുട്ടിയേയും കാളിങ്ബെല്ലിന്റെ ശബ്ദമാണ് ഉണർത്തിയത്. വാതിൽ തുറന്നപ്പോൾ താൻ 'തൊന്തരവ്' ഉണ്ടാക്കിയതിൽ ക്ഷമിക്കണമെന്ന ഭാവത്തിൽ ഒക്കത്തും കൈയ്യിലും ഓരോ പിച്ചളക്കുടവുമായി സപ്പോട്ടമ്മ.

'അമ്മാ, ഇന്ന് സേഠിന്റെ അമ്മ അവിടെ ഇല്ല. വീട്ടിൽ ഒരു തുള്ളി വെള്ളമില്ല. മാമ വരാറായി. കാപ്പി ഉണ്ടാക്കാനും മാമയ്ക്ക് കുളിക്കാൻ ചൂടുവെള്ളമുണ്ടാക്കാനും എന്തു ചെയ്യും അമ്മ. ഇന്നേക്ക് കൊഞ്ചം വെള്ളം താ' അവർ കേണു പറഞ്ഞു.

'ശരി, വേണ്ടത് എടുത്തോളൂ'

അന്നേക്കും പിറ്റെന്നാളത്തേക്കും വേണ്ട വെള്ളമെല്ലാം പിടിച്ചു കൊണ്ട് അവർ പോയി.

'അമ്മാ, നീങ്ക എന്താ പാപ്പയെ അങ്ങട് വിടാത്തത്?'

കുട്ടിയെ അങ്ങനെ വിടുന്നത് എനിക്കിഷ്ടമില്ലെങ്കിലും ഞാൻ അത് പറഞ്ഞില്ല.

'അവൾക്ക് അങ്ങനെ എവിടെയും പോവുന്നത് ഇഷ്ടമല്ല', ഞാൻ പറഞ്ഞൊഴിഞ്ഞു.

പലപ്പോഴും സർദാർജിയുടെ വീട്ടിൽ നിന്നാണ് സപ്പോട്ടമ്മ വെള്ളം കൊണ്ടുപോകുന്നത്. എന്നും നാലു മണിക്കാണ് വരവ്.

സർദാർജിയുടെ അമ്മ, ഉമ്മറത്തെ കോൺക്രീറ്റിട്ട മുറ്റത്ത് വിരിച്ച പുൽപ്പായയിൽ എന്തെങ്കിലും തുന്നിക്കൊണ്ടിരിക്കും. അധികവും സ്വെറ്റർ ആയിരിക്കും. പഞ്ഞി പോലത്തെ വെളുത്ത മുടി, അവർക്ക് ഉള്ളതിനേക്കാൾ കൂടുതൽ വയസ്സു തോന്നിപ്പിക്കുമായിരുന്നു. ഗോതമ്പിന്റെ നിറം. സ്വർണ്ണ നിറമുള്ള ഫ്രെയിമിട്ട കണ്ണടയിൽ കൂടി കറുത്തു തിളങ്ങുന്ന കൃഷ്ണമണികൾ! കുലീനതനിറഞ്ഞു നിൽക്കുന്ന മുഖവും പെരുമാറ്റവും. വൃത്തിയായ വേഷം. രൂപം പോലെ തന്നെ മധുരമാണ് സ്വഭാവവും. ആരും അറിയാതെ കൈ കൂപ്പിപ്പോവും.

മമ്മിജി, അങ്ങനെയാണ് അവരെ എല്ലാവരും വിളിച്ചിരുന്നത്. ഒരു നേരവും വെറുതെയിരിക്കില്ല മമ്മിജി. ഉച്ചക്ക് പോലും ഓരോ പണികളിൽ വ്യാപൃതയായിരിക്കും. ചിലപ്പോൾ മരുമകളുടെ സാരിക്ക് ഫാൾ പിടിപ്പിക്കുകയാവും. മറ്റു ചിലപ്പോൾ പേരക്കിടാങ്ങളുടെ ഉടുപ്പുകളിൽ എംബ്രോയിഡറി ചെയ്യുകയാവും.

ഒരിക്കൽ ഞാൻ ചോദിച്ചു, 'മമ്മിജി, മുന്നിയുടെ അമ്മ ഇതൊന്നും ചെയ്യില്ലേ? ബാപ് രേ' എന്നുപറഞ്ഞ് അവർ തലയിൽ കൈവെച്ച് പറയും, 'ഇപ്പോഴത്തെ പെൺകുട്ടികൾക്ക് അതിനൊക്കെയുണ്ടോ സമയം ബേട്ടി ? അവർക്ക് സിനിമ കാണാനും ഷോപ്പിങ്ങിനും ഹോട്ടലിൽ പോകാനുമൊക്കെയല്ലേ സമയമുള്ളൂ.'

'എല്ലാറ്റിനും മെഷീൻ.'

'പഞ്ചാബിലൊക്കെ പണ്ട് എല്ലാ ജോലിലികളും മരുമകൾ തന്നെ ചെയ്യണം. ഇപ്പോൾ അതൊക്കെപറഞ്ഞാൽ അമ്മായിയമ്മമാരെ അവര് ഓടിക്കും.'

എന്തു ചെയ്യുന്നതിന്റെയും ഇടയ്ക്ക് 'വാഹെ ഗുരു......വാഹെ ഗുരു......' എന്ന് ജപിച്ചുകൊണ്ടിരിക്കുന്ന മമ്മിജിയോടു എനിക്ക് എന്തെന്നില്ലാത്ത സ്നേഹമാണ്.

നെറ്റി നിറയെയുള്ള കുങ്കുമപ്പൊട്ടും, മുടിയിൽ കനകാംബരത്തിന്റെ മാലയും കൈ നിറയെ കുപ്പിവളകളുമണിഞ്ഞ് സപ്പോട്ടമ്മ പിച്ചള കുടങ്ങളുമായി വന്ന് മമ്മിജിയുടെ അടുത്തിരിക്കും. മമ്മിജിക്ക് 'നീര്' എന്ന വാക്കൊഴിച്ച് കന്നട ഒന്നും അറിയില്ല. സപ്പോട്ടമ്മ ഹിന്ദി, കന്നട ശീലിൽ നല്ല പോലെ സംസാരിക്കും. മമ്മിജിക്ക് പഞ്ചാബി കഴിഞ്ഞാൽ ഹിന്ദി ഒരു മാതിരി അറിയാം.

പാലിൽ നിറയെ മധുരവും കുറച്ചു പൊടിയുമിട്ട് ഓരോ കപ്പ് ചായ എന്നും വൈകുന്നേരം സപ്പോട്ടമ്മക്ക് റെഡിയായി

ട്ടുണ്ടാവും. അതിഥി സൽക്കാരത്തിൽ എന്തു മാത്രം ആനന്ദംകണ്ടെത്തുന്നവരാണെന്നോ മമ്മിജി! സപ്പോട്ടമ്മയുടെ മാമക്ക് പ്രസ്സിൽ എന്തോ ചെറിയ ജോലിയാണ്. ഒരേ ഒരു മകനുണ്ട്. അവനും തരക്കേടില്ലാത്ത ഒരു ജോലിയുണ്ട്.

'മാമ'യ്ക്ക് ചോറ് കൊണ്ടുപോയി കൊടുക്കണം. സിറ്റി മാർക്കറ്റിന്റെ അടുത്താണ 'മാമ'യുടെ ജോലിസ്ഥലം. അവന്യു റോഡിൽ. മാമയ്ക്ക് ആരോഗ്യം കുറവാണ്. ഇടക്കിടക്ക് ശ്വാസംമുട്ടൽവരും. തണുത്ത ഭക്ഷണം വയ്യാ. ജോലിക്ക് പോകുന്നതും വരുന്നതും ഓട്ടോറിക്ഷയിലാണ്. ദിവസം മൂന്നു രൂപ അതിനു തന്നെ വരും.

'സപ്പോട്ടമ്മയുടെ വീട്ടിലൊന്നു ചെന്നു നോക്കണം അമ്മേ, എന്തു വൃത്തിയാ! നിറയെ ഓട്ടുപാത്രങ്ങൾ ഒന്നിന് മുകളിൽ ഒന്നായി അടുക്കി വെച്ചിട്ട്', ഒരു ദിവസം മുന്നിയും പിങ്കിയും കൂടെ പിടിച്ചു വലിച്ചു കൊണ്ട് പോയപ്പോൾ കുട്ടി കണ്ടതാണ്.

'അമ്മാ, ഒരു പത്തു രൂപ താ, ഇന്ന് മാമ വേലക്ക് പോയിട്ടില്ല, നാളെ വൈകുന്നേരം തരാം സപ്പോട്ടമ്മ ഉച്ചക്ക് വന്നു ചോദിച്ചു. 'കറികൾ ഉണ്ടെങ്കിൽ താ, മാമാക്ക് നിങ്ങടെ കറി നല്ല ഇഷ്ടാ. '

സർദാർജിമാരുടെ അങ്ങോട്ട് ചൂണ്ടി കാട്ടി പറഞ്ഞു 'അവരുടെ ശാപ്പാടൊന്നും ഞങ്ങൾക്ക് പിടിക്കില്ല. നിറയെ എണ്ണയും മസാലയും. വേവാത്ത ചോറും.'

ഉച്ചയ്ക്ക് ബാക്കിയുണ്ടായിരുന്ന മീൻ കറിയും പത്തു രൂപയും കൊടുത്തു. കുട്ടിയുടെ മുഖം ഉഴിഞ്ഞു ഒരു ശബ്ദത്തോടെ കൈകൾ ചെന്നിക്ക് വെച്ചമർത്തി സാധനങ്ങൾ വാങ്ങി അവർ പോയപ്പോൾ കുട്ടി പറഞ്ഞു, 'അമ്മേ രാവിലെ മുന്നിയുടെ അമ്മയോടു കുറച്ചു സബ്ജി ചോദിക്കുന്നതു കേട്ടു. മാമക്ക് നല്ല ഇഷ്ടാത്രെ പഞ്ചാബികളുടെ സബ്ജി.'

ഇടക്കിടക്ക് പൈസ വാങ്ങിക്കൊണ്ടു പോവും. പലപ്പോഴും മാമക്ക് വേണ്ടി കറികളും.

ഒരിക്കൽ ഞാൻ ചോദിച്ചു 'സപ്പോട്ടമ്മാ, അപ്പോ നിങ്ങടെ മകന് ജോലിയില്ലേ, പിന്നെന്താണ് കഷ്ടം?'

'അമ്മാ, എന്തിനാണ് അതോക്കെ പറേണത്, അവൻ എന്തു നല്ല പയ്യനായിരുന്നു. അവന്റെ കമ്പനീടെ അടുത്തുള്ള ഒരു താന്തോന്നി പെണ്ണ് എന്റെ മോനെ പിടിച്ചു വെച്ചിരിക്കാ.'

മകൻ വീട്ടിൽ വരുന്നത് മാമക്ക് ഇഷ്ടമല്ലാത്രെ. ഏക മകൻ ഇഷ്ടപ്പെട്ട ഒരു പെണ്ണിനെ കല്യാണം കഴിച്ചു. അത് അത്ര വലിയ തെറ്റാണോ എന്നു ഞാൻ ചോദിക്കാതിരുന്നില്ല. മാമക്ക് ഇഷ്ടമല്ല. പിന്നെന്തു ചെയ്യും?

മകന് ഒരു വയസ്സുള്ള ഒരാൺ കുഞ്ഞുണ്ട്. ഒരുദിവസം മകനും മരുമകളും കുട്ടിയും കൂടി വീട്ടിൽ വന്നത്രെ. മാമ അവരെ ഇറക്കി വിട്ടു. ഇതൊക്കെ സപ്പോട്ടമ്മ പറഞ്ഞതാണ്.

സപ്പോട്ടമ്മയുടെ വീട്ടിൽ നിന്നും ഒരു ചെറുപ്പക്കാരൻ ഇറങ്ങി വരുന്നതു പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. കറുത്തതാണെങ്കിലും നല്ല മുഖശ്രീയുള്ള പയ്യൻ.

'നിങ്ങളുടെ വീട്ടിൽ വരാറുള്ള ആ പയ്യനേതാ, മകനാണെന്നാ ഞാൻ കരുതിയത്.'ഞാൻ ചോദിച്ചു.

'അതോ, മരുമകളുടെ അണ്ണൻ. അവന് ഇവിടെ അടുത്ത വർക്ക്ഷോപ്പിലാണ് പണി. അപ്പോ അവിടന്നാ ശാപ്പാട്.'

മരുമകൾ ചീത്തയും അവളുടെ ആങ്ങള നല്ലവനും!

ഞാൻ ഒന്നും മിണ്ടാതിരിക്കുന്നത് കണ്ടപ്പോൾ അവർക്ക് എന്തോ വിഷമം

പോലെ. എന്റെ സംശയം തീർക്കനെന്നോണം അവർ പറഞ്ഞു, 'അവൻ എന്തൊരു തങ്കമാന പയ്യൻ, അവന് ഇത്തരംകെട്ട ഒരു തങ്കച്ചി ഉണ്ടായത് നമ്മടെ കഷ്ടകാലം.'

പാവം സപ്പോട്ടമ്മ! ഒരേ ഒരു മകനുള്ളതു വയസ്സു കാലത്ത് നോക്കാനും കൂടി കിട്ടുന്നില്ലല്ലോ.

മാമാക്ക് ചോറു കൊണ്ടുപോയി കൊടുത്തു കഴിഞ്ഞാൽ കുറെ നേരം മമ്മിജിയുടെ വീട്ടിൽ വന്നിരിക്കും. പിന്നെ മാമയുടെ ഗുണങ്ങളെ പറയാനുള്ളൂ. എന്നും ജോലി കഴിഞ്ഞു വരുമ്പോൾ എന്തെങ്കിലും ഒരു പൊതി പലഹാരം കാണും. മാർക്കറ്റിന്റെ മുമ്പിൽ നിന്ന് ഒരു മുഴം മല്ലികപ്പൂമാല.

പണ്ടൊക്കെ നല്ല സാരി എടുക്കാതിരിക്കില്ല. എപ്പോഴും കൈനിറയെ വള കാണണം. ആഴ്ചയിൽ രണ്ടു സിനിമക്കെങ്കിലും കൊണ്ടുപോകും.

മാമക്ക് ഇരുനൂറു രൂപ ശമ്പളമേയുള്ളൂ.

ഓട്ടോറിക്ഷ കൂലി കഴിഞ്ഞാൽ നൂറ്റി ഇരുപത് രൂപ ബാക്കിയുണ്ട്. വീടിനു വാടക വേണ്ട. പിന്നെ എല്ലാം വേണ്ടേ. കുടിലുകളിൽ താമസിക്കുന്നവരെപ്പോലെ കഴിയാൻ മാമ സമ്മതിക്കില്ല. അധികം ജോലി എടുക്കാനും സമ്മതിക്കില്ല. ചായയും പലഹാരവും മിക്കവാറും ഹോട്ടലിൽ നിന്നുകൊണ്ടുവരും.

വെള്ളിയാഴ്ച 'സന്തോഷിമാ' യുടെ വ്രതമാണ് സപ്പോട്ടമ്മക്ക്. അന്ന് കോവിലിൽ പോയി വഴിപാട് കഴിക്കും. ഉച്ചക്ക് ഒരു പാവ് പച്ചരി ചോറ് വെക്കണം. കറികൾ ഞങ്ങളുടെ വീട്ടിൽ നിന്നോ സർദാർജിയുടെ വീട്ടിൽ നിന്നോ വാങ്ങും. വൈകുന്നേരം മാമക്ക് റാഗി മുദ്ദ വേണം. അതിന് ഒരു പരിപ്പുരസമോ ചീരക്കറിയോ ഉണ്ടാക്കാൻ ഒപ്പം മാമയും കൂടും. മാമ വന്നാൽ പിന്നെ സപ്പോട്ടമ്മയെ കാണില്ല. സപ്പോട്ടമ്മ കൂടെ ഇരിക്കണം. മാമക്ക് സുഖമില്ലാത്ത ദിവസങ്ങളിൽ ഒന്നും വീട്ടിൽ ഉണ്ടാക്കാൻ മാമ സമ്മതിക്കില്ല. ഹോട്ടലിൽ നിന്നും വാങ്ങി കൊണ്ടുവരണം. അങ്ങനെ പോകും വർത്തമാനങ്ങൾ.

സപ്പോട്ടമ്മ ഭാഗ്യവതിയാണ്.

മമ്മീജി ചെറിയ ബഹുവിന്റെ പ്രസവത്തിന് ചണ്ഡീഗഡിൽ പോയിരിക്കുകയാണ്. മിന്നിയുടെ അമ്മ കുട്ടികളെ സ്കൂളിൽ വിട്ടാൽ മോർണിങ്ങ് ഷോവിന് പോകും. അതിന് പറ്റിയില്ലെങ്കിൽ മാറ്റിനിക്ക്. ആദ്യമെല്ലാം എന്നെയും വിളിച്ചിരുന്നു. ഗൃഹനാഥൻ വരുമ്പോഴേക്കും ഭക്ഷണം തയ്യാറാക്കുന്നതിൽ മുഴുകിയിരിക്കുന്ന എനിക്ക് സിനിമയോടു അത്ര വലിയ ആവേശമൊന്നുമില്ല. നല്ല സിനിമ വന്നാൽ ഞങ്ങൾ സകുടുംബം സെക്കന്റ് ഷോവിനു പോകും. ബദ്ധപ്പാടില്ലാതെ സിനിമ കാണാമല്ലോ.

മുന്നിയുടെ അമ്മയുടെ സിനിമാ ഭ്രമം പലപ്പോഴും എന്നെയാണ് വിഷമിപ്പിച്ചിരുന്നത്. അടുക്കളയിൽ തിരക്കിട്ട ജോലിയാവും. അദ്ദേഹം ഉണ്ണാൻ വരാറായിട്ടുണ്ടാവും. ഒന്നുകിൽ മീൻവറുക്കലോ പപ്പടം കാച്ചലോ എന്തെങ്കിലുമാവും. കോളിംഗ് ബെൽ തുരുതുരാ അടിച്ചുകൊണ്ടിരിക്കും, വാതിൽ തുറക്കുന്നതു വരെ.

'ആന്റി, വിശന്നിട്ടു വയ്യ, എന്തെങ്കിലും തിന്നാൻ താ' മുന്നിയും പിങ്കിയും കൈ പിടിച്ചു വലിച്ചുകൊണ്ടുപോകും.

'റൊട്ടി താ, സബ്ജി താ'

പുഴുങ്ങല്ലരി ചോറു അവർക്കു വേണ്ട. ബിസ്കറ്റ് കൊടുത്താൽ ഒരു മിനിറ്റു കൊണ്ട് ടിൻ കാലി.

പച്ചക്കറി ഇട്ടു വെക്കുന്ന കൊട്ടയിൽ പരതും. തക്കാളി കണ്ടതു മുഴുവൻ തിന്നു തീർക്കും.

കൊപ്ര... കൊപ്രാ.. എന്നു പറഞ്ഞു തേങ്ങ മുഴുവൻ വെട്ടി പൊളിക്കലാണു പണി. അതിനിടയിൽ കൈ വിരൽ മുറിഞ്ഞു നിലവിളിക്കാൻ തുടങ്ങും. കുട്ടികളുടെ വിശപ്പിന്റെ കാഠിന്യം കാണുമ്പോൾ അവരോട് എന്തെന്നില്ലാത്ത സഹതാപം തോന്നും. അവരുടെ അമ്മയോട് എന്തെന്നില്ലാത്ത വെറുപ്പും. അമ്മ വന്നാൽ എന്തായിരിക്കും പൊടി പൂരം എന്ന് ഞാൻ അത്ഭുതപ്പെട്ടു പോയിരുന്നു. അമ്മ രണ്ടുമണിയാവും വരാൻ. വന്ന് മാവു കുഴച്ച്, ചപ്പാത്തിയും സബ്ജിയും ഉണ്ടാക്കുന്നതു വരെ മിണ്ടാതിരിക്കുന്ന ഈ കുട്ടികളാണോ കുറച്ചു മുമ്പെ എന്നെ ഇട്ടു കറക്കി കളഞ്ഞത്!

മമ്മിജി പോയത് എനിക്കും കുട്ടിക്കും ഭയങ്കര നഷ്ടം തന്നെയായിരുന്നു. അവർ ഉണ്ടാവുമ്പോൾ സമയം പോകുന്നത് ഒരു പ്രശ്നമേയല്ല. ഇപ്പോൾ അയൽ വീട് അധികസമയവും പൂട്ടിയിരിക്കും.

ഉച്ചയൂണു കഴിഞ്ഞ് മൂന്നു മണിക്ക് പോയാൽ പിന്നെ അദ്ദേഹം വരുന്നത് ഏഴു മണിക്കാണ്. മമ്മിജിയുണ്ടെങ്കിൽ അഞ്ചു മണി വരെ മുറ്റത്തിരിക്കും. പിപിന്നെ വേഗം ജോലിലികൾ ചെയ്ത് ഞാനും കുട്ടിയും മമ്മിജിയുടെ പേരക്കിടാങ്ങളും ടെറസ്സിന്റെ മുകളിൽ കയറിയിരിക്കും.

മാർച്ചു മാസത്തിലെ സന്ധ്യകൾ കുങ്കു മം വാരി വിതറിയ ആകാശം. എങ്ങും വലു തും ചെചെറുതുമായി നിറയെ കെട്ടിടങ്ങൾ. അതിനിടയിൽ അംബരചുംബികളായ സൗധങ്ങൾ ഉയർന്നുവന്നു കൊണ്ടിരിക്കുന്നു. ഇടുങ്ങിയ തെരുവീഥികൾ, വിശാലമായ രാജപാതകൾ, നാനാനിറങ്ങളിൽ ഇളകി മറിയുന്ന ദീപജാലങ്ങളും പരസ്യങ്ങളും. കണ്ണഞ്ചിക്കുന്ന പ്രകാശധാരകളായി ഒഴു കുന്ന വാഹനങ്ങൾ, വാഹനങ്ങളുടെ പലതരത്തിലുള്ള കുഴൽ വിളികൾ,മൈക്കുകളി ലൂടെ ഒഴുകിയെത്തുന്ന ഗാന ധാരകൾ, ഫാക്ടറികളിൽ നിന്നെത്തുന്ന ശബ്ദകോലാഹലങ്ങൾ. കുതിച്ചോടുന്ന നഗര ജീവിതം. വീർപ്പടക്കി നിന്നു പോകും. എവിടേക്കാണ് ഈ നെട്ടോട്ടം?

ചിലപ്പോൾ മുന്നിലെ റോഡിൽക്കൂടി ബാന്റു വാദ്യത്തോടെ ഒരു കല്യാണപാർട്ടിയാണ് കടന്നുപോകുന്നതെങ്കിൽ തൊട്ടുപി ന്നാലെ ഒരു ശ്മശാനത്തിലേക്കുള്ള യാത്രയായിരിക്കും. രണ്ടിനും പൂമാലകൾ. രണ്ടിനും വാദ്യഘോഷങ്ങൾ. ഇവിടെ മരണവും വിവാഹവും എല്ലാം ഒരേപോലെ.നഗരത്തിന് കരയാൻ അറിയില്ലായിരിക്കാം. കുട്ടികൾ ടെറസ്സിനു മുകളിൽ കളിച്ചുകൊണ്ടിരിക്കും. ആകാശത്തിൽ പാറിക്കളിക്കുന്ന പട്ടങ്ങളുടെ ഇടയിൽക്കൂടി ഇരമ്പിപ്പായുന്ന വിമാനങ്ങൾ ഒരു മിനിറ്റു നേരത്തേയ്ക്ക് മറ്റു ശബ്ദങ്ങളെ മറയ്ക്കും. ഇതിനിടയിൽ മമ്മിജി പഞ്ചാബിനെക്കുറിച്ചും സിക്കുകാരക്കുറിച്ചും ഗുരുക്കളെക്കുറിച്ചും സംസാരിച്ചു കൊണ്ടിരിക്കും. അമൃതസറിലെ സ്വർണഗുരുദ്വാരയെക്കുറിച്ചു സംസാരിക്കുമ്പോൾ അവർ ഏതോ ദിവ്യവ്യലോകത്തിലാണെന്ന് തോന്നും. ഇപ്പോൾ മമ്മിജി എവിടെ?

വൈകുന്നേരം ദൂരെയുള്ള മസ്ജിദിൽ നിന്നും ബാങ്കുവിളി കേൾക്കുമ്പോൾ ദുപ്പട്ട തലയിലേക്ക് ഒന്നു കൂടി വലിച്ചിട്ട് കണ്ണടച്ചു ജപിച്ചു കൊണ്ടിരിക്കുന്ന ആ രൂപം അനേകായിരം മൈൽ ദൂരെ ഗോതമ്പു വയലുകളുടെ സമീപത്തുള്ള ഏതെങ്കിലും ഒരു വീടിന്റെ മുറ്റത്ത് വിളക്കു കൊളുത്തി കണ്ണടച്ചുപ്രാർത്ഥിക്കയാവും.വിരസത മൂത്തപ്പോൾ കുറച്ചു ദിവസത്തെ ലീവെടുത്തു ഞങ്ങൾ നാട്ടിൽ പോന്നു. നാട്ടിലാണെങ്കിൽ ഉൽസവങ്ങളുടെ ബഹളം. സ്ക്കൂൾ അടച്ച് കുട്ടികളെല്ലാം ആഹ്ലാദത്തിമർപ്പിൽ. മാവിൻ ചുവട് സജീവമാണ്.

ഒരു മാസം ഓടിപ്പോയി. ഞങ്ങൾ തിരിച്ച് ജോലിസ്ഥലത്ത് എത്തി. നഗരത്തിൽ ഇടയ്ക്ക് ഓരോ മഴപെയ്യാൻ തുടങ്ങിയിരുന്നു. സ്കൂളുകൾ തുറന്നിരിക്കുന്നു. അടച്ചു കിടന്ന വീടു തുറന്നപ്പോൾ ഈർപ്പവും പഴകിയ ഗന്ധവും അടിച്ചു കയറി. എല്ലാം ഒന്നു തൂത്തുവാരി ചിട്ടപ്പെടുത്തി.

ഉച്ചയൂണ് കഴിഞ്ഞ് യാത്രാക്ഷീണം കൊണ്ട് ഞങ്ങൾ ഉറങ്ങിയതറിഞ്ഞില്ല. നീ ണ്ടു നിന്ന ഉച്ചത്തിലുള്ള കോളിംഗ് ബെല്ലിന്റെ ശബ്ദം. ഗാഢനിദ്രയിൽ നിന്ന് ഞങ്ങൾ ഞെട്ടിയുണർന്നു. അദ്ദേഹം പൊട്ടിത്തെറിച്ചു 'എന്തൊരു നാശം, ഒന്നുറങ്ങാൻ കൂടി സമ്മതി ക്കാതെ.'

ഞാൻ ഉറക്കപ്പിച്ചോടെ എഴുന്നേറ്റ് വാതിൽ തുറന്നു. മനോഹരമായി പുഞ്ചിരിച്ചുകൊണ്ട് മുന്നിയും പിന്നിൽ മുഖം കൊണ്ട് ഗോഷ്ഠികൾ കാണിച്ച് പിങ്കിയും. വാതിൽ പകുതി തുറന്നപ്പോഴേക്കും കുട്ടികൾ തിക്കിത്തിരക്കി അകത്തു കയറി.

' ഓ അങ്കിൾ, ഓ ആന്റി, ഓ ബേഹൻജി' എന്നു പറഞ്ഞു കിടക്കയിൽ കയറി കുത്തി മറിയാൻ തുടങ്ങി. കുട്ടികൾ ഉറങ്ങാൻ സമ്മതിക്കില്ല. ഉറങ്ങാൻ തുടങ്ങിയാൽ മുഖം പിടിച്ചു തിരിച്ചു ഓരോന്ന് പറയും. മൂപ്പർക്ക് ദേഷ്യം പിടിച്ചിരിക്കുന്നു. ഞാൻ വേഗം കുട്ടികളെയും കൂട്ടി ഊൺമുറിയിൽ വന്നു. നാട്ടിൽ നിന്നും കൊണ്ടുവന്ന നെയ്യപ്പം കയ്യിൽ കൊടുത്തു. അപ്പം കടിച്ചുതിന്നുന്നതിനിടയിൽ നിർത്തി നിർത്തി മുന്നി പറഞ്ഞു.

'സപ്പോട്ടമ്മ കാ മാമ മർഗയ'

'ഏ..' എന്റെ ശ്വാസം നിന്നു പോയി. പാവം സപ്പോട്ടമ്മ. അന്ന് എനിക്ക് ഒന്നും ചെയ്യാൻ തോന്നിയില്ല.

'പുറത്തൊന്നിറങ്ങി വരാം', അദ്ദേഹം പറഞ്ഞു. കുട്ടിയും തയ്യാറായി. സപ്പോട്ടമ്മയെക്കുറിച്ചോർത്തപ്പോൾ എനിക്കൊന്നിനും വയ്യാ.

എന്തു സ്നേഹമുള്ള മനുഷ്യൻ, ഇനി പാവം ആരുണ്ട് സപ്പോട്ടമ്മയ്ക്ക്. ഈശ്വരൻ ഇത്ര ക്രൂരത കാട്ടേണ്ടിയിരുന്നില്ല.

ഞാൻ സപ്പോട്ടമ്മയ്ക്കേറ്റ ആഘാതം അദ്ദേഹത്തോടു പറഞ്ഞു. ഞങ്ങൾ മൂന്നു പേരും അപ്പോൾ സപ്പോട്ടമ്മക്കു വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. അന്ന് അവരെ കാണാനുള്ളമനോധൈര്യം കിട്ടിയില്ല. നാളെ ജോലിയെല്ലാം നേരത്തെ ഒരുക്കി സപ്പോട്ടമ്മയെ കാണണം. എന്തു പറഞ്ഞാണ് അവരെ സമാധാനിപ്പിക്കേണ്ടത്?

എങ്ങനെ അവരെ നേരിടും? അവരെ ഒന്നുകണ്ട് ആശ്വസിപ്പിക്കാതിരിക്കാനും പറ്റില്ല. പിറ്റേന്നാൾ കുട്ടികൾ കളിയിൽ മുഴുകിയിരിക്കുന്ന സമയം. മുന്നിയുടെ അമ്മ അന്നു വീട്ടിലുണ്ട്. സർദാർജി ഇന്നു നേരത്തെ വരും. ഞാനും മുന്നിയുടെ അമ്മയും കൂടി പുറത്തിറങ്ങി, സപ്പോട്ടമ്മയെ ആശ്വസിപ്പിക്കാൻ, പടപടാ പിടക്കുന്ന ഹൃദയവുമായി. സപ്പോട്ടമ്മയുടെ വീട് അടുക്കുമ്പോഴേക്കും നെഞ്ചിടിപ്പ് വേഗത്തിലായി.

ഒരു ഇടുങ്ങിയ മുറി, അതിനോട് ചേർത്ത് ഒരു ആട്ടിൻകൂടുപോലത്തെ ചായ്പ്. അടുക്കളയുംകുളിമുറിയും കൂടിയുള്ള ഒരെണ്ണം ചെല്ലുന്ന ഭാഗത്തായിട്ടുണ്ട്. എനിക്ക് തന്നെ തല വല്ലാതെ താഴ്ത്തിയാലേ അകത്തേക്ക് കടക്കാൻ പറ്റൂ. അപ്പോ പിന്നെ നല്ല ഉയരമുള്ള മുന്നിയുടെ അമ്മയുടെ കാര്യം പറയണോ!

ഞങ്ങൾ വാതിൽക്കൽ ചെന്ന് കുനിഞ്ഞ് അകത്തേക്ക് നോക്കി.

നാടൻ ചാരായത്തിന്റെ ഒഴിഞ്ഞ കു

പ്പികൾ, രണ്ടു മൂന്നു പ്ലേറ്റ്കളിൽ ഇറച്ചിയോ മിക്ചറോ എന്തൊക്കെയോ അവിടമാകെ ചിന്നി ചിതറി കിടക്കുന്നു. സപ്പോട്ടമ്മ കിടക്കുകയാണ്, മുഖശ്രീയുള്ള ആ പയ്യന്റെ മടിയിൽ. കഴുത്തിൽ കൈയിട്ട് അവന്റെ മുഖം തന്നിലേക്കടുപ്പിക്കുന്നു. ഒരു പഴയ തമിഴ് സിനിമയിലെ പ്രേമഗാനത്തിന്റെ വരികൾ അസ്പഷ്ടമായി വഴുതി വീണുകൊണ്ടിരിക്കുന്നു.

സായന്തന സൂര്യന്റെ തങ്കക്കതിരുകളേറ്റ് തുടുത്ത പടിഞ്ഞാറൻ മാനത്തിന്റെ സിന്ധൂര മേഘങ്ങളെ മറയ്ക്കാനായ് ഒരു കാർമേഘം വാനിൽ പൊടുന്നനെ പ്രത്യക്ഷപ്പെട്ടു.

*****


www.karayogammangalyam.com

എന്ന വെബ്സൈറ്റ് വഴി
എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
ഉത്തമ പങ്കാളിയെ കണ്ടെത്തു.

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തു.

കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),

THOTTEKKATT DIWAN'S MEMORIAL a/c HALLS

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

Ernakulam Karayogam 0484 - 2361160,

8848036518, 9645683491

ॐ

## 1199 മകര മാസഫലം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു


(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം) പൊതുവെ മാസം അനുകൂലമായിരിക്കും ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂലമായ സാഹചര്യം ഉണ്ടാകും. വാഹനം വാങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് ആഗ്രഹ പൂർത്തീകരണത്തിന് സാധ്യത ഉണ്ട്. ഫെബ്രുവരി 4, 5 തിയതി കൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തുന്നത് നല്ലതാണ്. ഭദ്രകാളി പ്രീതികരമായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്



( ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) പൂർവ്വികമായി ലഭിക്കേണ്ട പിതൃസ്വത്തിന്റെ കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകും. വീട് പണിക്കും വാഹനം ലഭ്യമാകാൻ ശ്രമിക്കുന്ന സർക്കാർ ജീവനക്കാർക്കും കാര്യസാധ്യമുണ്ടാകും. ഫെബ്രുവരി 6 ,7 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഒഴിവാക്കാൻ പറ്റാത്തപുതിയ കാര്യങ്ങളിൽ ഇടപെടാവു. മഹാലക്ഷ്മി പ്രീതികരമായ വഴിപാ ടുകൾ നടത്തുക .



(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം). വിവാഹത്തിന് ശ്രമിക്കുന്നവർക്ക് ആഗ്രഹ സഫലീകരണം ഉണ്ടാകാം ധനപരമായ ലാഭം പ്രതീക്ഷിക്കാം. യാത്രകളിൽ നിന്നും മാനസിക ഉല്ലാസവും നേട്ടങ്ങളും ലഭിക്കും. ഫെബ്രുവരി 8, 9 ദിവസങ്ങൾ പുതിയ കര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ശിവ ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നത് നല്ലതാണ്.



(കർക്കിടക്കൂർ പുണർതം അവസാന പാദം പൂയം ആയില്യം) മേലധികാരികളിൽ നിന്നും സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായങ്ങൾ ലഭ്യമാകും. തൊഴിൽ സ്ഥലത്തെ പ്രതിസന്ധികളെ തരണം ചെയ്യും. പൗരാണിക പരമായ സ്വത്ത് കൈവശം വന്ന് ചേരും. ഫെബ്രുവരി 10, 11 ,ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ശാസ്താ ക്ഷേത്ര ദർശ്ശനം നടത്തി നീരാഞ്ജന വിളക്ക് കത്തിക്കുകയും സർപ്പ പ്രീതി വരുത്തുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഗുണകരമാകും.



(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) സന്താനങ്ങളിൽ നിന്നും ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. ഉന്നത വിദ്യാഭ്യാസത്തിൽ മികവ് പുലർത്താൻ സാധിക്കും. വിവാഹാലോചനകൾ അനുകുലമാകും. ഉദരസംബന്ധമായ പ്രശ്നങ്ങൾക്ക് സാധ്യത ഉണ്ട്. ഫെബ്രുവരി 12, 13 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ഗണപതി ഹോമം ലക്ഷ്മി പൂജ എന്നിവ നടത്തുന്നതും ക്ഷേത്രത്തിൽ ദർശനം നടത്തുന്നതും നല്ലതാണ്.



(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ പകുതി) ധനപരമായും കർമ്മപരമായും ഗുണദോഷസമ്മിശ്ര ഫലമായിരിക്കും. വാഹനത്തിനും വീടിനും സന്താനങ്ങൾക്കും വേണ്ടി അധിക പണം ചിലവഴിക്കേണ്ടി വരും.ദാമ്പത്യ പ്രശ്നങ്ങൾ രൂക്ഷമാകാതിരിക്കാർ അറിഞ്ഞ് പെരുമാറുക. ജനുവരി 18, 19 ദിവസങ്ങൾ അനുകൂലമല്ല. വിഷ്ണു ക്ഷേത്ര ദർശ്ശനവും ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും ചെയ്യുക.



തുലാക്കൂർ ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) പങ്കാളികളിൽ നിന്നും സഹായികളിൽ നിന്നും ധനലാഭവും സഹായവും പ്രതീക്ഷിക്കാം' വിവാഹ കാരപ്പത്തിൽ അനുകൂ ല തീരുമാനങ്ങൾ ഉണ്ടാകും. ബിസിനസ്സ് ക്രമേണ പു രോഗതിയിലേക്ക് നീങ്ങും. ജനുവരി 21, 22 ദിവസങ്ങൾ പ്രാ യേണ ഗുണം കുറഞ്ഞതായിരിക്കും. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(വൃശ്ചികക്കൂർ വിശാഖം അവസാനന പാദം. അനിഴം തൃക്കേട്ട) ധനപരമായ പ്രശ്നങ്ങൾ നേരിടുന്നവർക്കും വിദ്യാതടസ്സം അനുഭവിക്കുന്നവർക്കും പ്രതിസന്ധികളെ അതിജീവിക്കുവാൻ കരുത്ത് ലഭിക്കും.വിദേശവുമായി ബന്ധപ്പെട്ട ധന വിഷയങ്ങളിൽ അനുകൂലമായ സാഹചര്യമൊരുങ്ങും, ജനുവരി 23, 24 തിയതികൾ അഷ്ടമ രാശിക്കുർ നക്ഷത്രങ്ങളായതിനാൽ ശുഭകരമല്ല. വ്യാഴാഴ്ച ദിവസങ്ങളിൽ വിഷ്ണു പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) കോപം നിയന്ത്രിക്കേണ്ടി വരും. കഴിവ് പ്രകടിപ്പിക്കേണ്ട സർഭങ്ങളിൽ മികവ് പുലർത്താൻ സാധിക്കും. സാഹിത്യ കലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് പുരസ്ക്കാരങ്ങളും ധനപരമായ ലാഭവും പ്രതീക്ഷിക്കാം. ജനുവരി 25, 26 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. തിങ്കളാഴ്ച ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ. പകുതി) ബന്ധുജനങ്ങളുമായുള്ളതും, കർമ്മരംഗത്ത് ഉള്ളതുമായ പ്രതിസന്ധി ബുദ്ധിപൂർവ്വമായ നിക്കങ്ങളിലൂടെ പരിഹരിക്കുവാൻ സാധിക്കും: അപ്രതീക്ഷിത ധനലാഭത്തിന് സാധ്യത ഉണ്ട് ജനുവരി 28, 29 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) സന്താനങ്ങളെകൊണ്ട് നേട്ടങ്ങൾ ഉണ്ടാകും. പ്രവർത്തന രംഗത്ത് നിന്ന് ലാഭം പ്രതിക്ഷിക്കാം വസ്തു ക്രയവിക്രയങ്ങളിൽ നിന്നും മികച്ച ലാഭം പ്രതീക്ഷിക്കാം. ഗുഹ്യ രോഗങ്ങൾ മൂർഛിക്കാം. ജനുവരി 30, 31 തിയതികൾ പ്രായേണ ഗുണം കുറയും. വൈഷ്ണവ ക്ഷേത്ര ദർശ്ശനം നടത്തുന്നതും ലക്ഷ്മി നാരായണ പൂജ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്.



(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) സ്വന്തം പരിശ്രമത്തിലൂടെ ധനലാഭം ഉണ്ടാക്കും. വിദ്യാർത്ഥിക്കൾക്ക് കഠിന പരിശ്രമത്തിലൂടെ ഉന്നത നേട്ടങ്ങൾ നേടാൽ കഴിയും. പ്രണയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തു. പുതിയ ബന്ധങ്ങൾ ഉണ്ടാകും. ശത്രുക്കളുടെ ശ്രമങ്ങളെ തകർത്ത് അംഗീകാരം നേടും. എന്നാലും കലഹത്തിന്റെ നടുക്കായിരിക്കും എപ്പോഴും ചെന്നെത്തുക. ശിവ പ്രീതിയും വഴിപാടും സർപ്പപ്രീതികരങ്ങളായ മന്ത്രജപവും നടത്തുന്നത് നല്ലതാണ്.




***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്

Nair Girl, 28/160cm, Revathy, B.Tech (Electronics & Communication), Private job ( Research Associate), Native Place - Ernakualm,Pref:- Ernakulam district or with in 60km from Kochi corporation, Mob:- 9847803788

Email: sasipmundolil@yahoo.co.in
Date of Birth:12-09-1995 (03.29 am)
Sishta Dasa:Buda - 01-01-16.18





Contact Address:

EDAPPALLY
KOCHI - 682024

Nair Girl,29yrs/162cm, Bharani, MBBS,MD(AIIMS) Opthalmology Private Hospital,Pref:Professionals only,Mob:8547684218, 8281572218


Email:kschandranvaranad@gmail.com
Date of Birth:21-01-1994(9.25am)
Sishta Dasa:




Contact Address:
MR.K.S.CHANDRAN
THIRUVONAM
KOKKOTHAMANGALAM
CHERTHALA - 688527

Nair Girl, 25yrs/154cm, Thiruvathira, holding UAE Golden Visa,BEng (Hons) Electrical and Electronics Engineering fromUK University,pursuing MEng Energy Systems in USA,Mob:+971 507780677

Email: aalkaas@yahoo.com
Date of Birth:24-6-1998(9.42pm)
Sishta Dasa:Rahu 4-5-19




Contact Address:
MR.SATHYAN
DUBAI,
UNITED ARAB EMIRATES

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 34yrs/5'7", Aswathi, Fair, B.Tech, Senior Civil Engineer-Dubai, Divorcee, Pref: Equally qualified, Divorced/unmarried girls, Mob: 9446070720, 9407983604


Email:ullas_2959@rediffmail.com
Date of Birth:5-5-1989(1.45am)
Sishta Dasa:




Contact Address:
MR.ULLAS KUMAR
CHACKAMPARAMBIL
KUTHIYATHODU P.O
ALLEPPEY - 688533

Nair Boy, 35yrs/172cm, Makam, B.Tech Mech Engg,Officer at Union Bank of India, Pref: friendly and carrier oriented partner,Mob:7012546113


Email:anjuasok91@gmail.com
Date of Birth:9-9-1988(1.55pm)
Sishta Dasa:Ketu:5-4-2




Contact Address:
SMT.VALSALA A.KUMAR
MAKAM
ELAMKULATH LANE
THEKKUMBHAGAM
TRIPUNITHURA P.O
PUTHIYAKAVU - 682301

Nair Boy, 28yrs/167cm, Avittom1/2 (Kumbam),B.Tech,M.Tech from IIT Kharagpur, Doing PhD abroad (Netherlands) on works contract 4 yrs, Mob:9446746264

Email:goku_govi@yahoo.co.in
Date of Birth: 1-11-1995(12Noon)
Sishta Dasa:




Contact Address:
MR.GOPALAKRISHNAN
GOKULAM
KALADY
ERNAKULAM - 683574



2023 ഡിസംബർ 18 മുതൽ 22 വരെ എറണാകുളം കരയോഗവും ചിന്മയാമിഷനും സംയുക്തമായി സംഘടിപ്പിച്ച ഗീതാ പ്രഭാഷണ പരമ്പര ചിന്മയാമിഷൻ കേരളഘടകം അദ്ധ്യക്ഷൻ സ്വാമി വിവിക്താനന്ദ സരസ്വതി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.




2023 തിരുവാതിര ആഘോഷത്തോടനുബന്ധിച്ച് മകയീരം നാളിൽ ടി.ഡി.എം. ഹാളിൽ നടത്തിയ തിരുവാതിര ആഘോഷം

DATE OF PUBLICATION: 10 - 01 - 2024

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 16 JANUARY 2024 Issue No. 1

## ബീം ജനുവരി മാസ പരിപാടി

## കർണാട്ടിക്ക് മ്യൂസിക്ക് (വോക്കൽ)

**ശ്രീവത്സൻ ജെ. മേനോൻ**

**2024 ജനുവരി 19 വെള്ളിയാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാളിൽ**

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

2024 ജനുവരി 20 ശനിയാഴ്ച 2 മണി മുതൽ 6 മണി വരെ
എറണാകുളം കരയോഗത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ
പ്രാരംഭപ്രവർത്തനങ്ങളെ കുറിച്ച് ഒരു ചർച്ച
ടിഡിഎം ഹാളിൽ നടത്തുന്നു

**ഏവർക്കും സ്വാഗതം.**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.